## 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ, അങ്ങേയ്ക്ക് 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുള്ള സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ബഹുമാനപ്പെട്ട മന്ത്രി മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുള്ള സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ.പി. മോഹനൻ) :പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ:. ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കുവാനുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രാബല്യത്തിൽ വന്നത് 2007 ജനുവരി 18-ാം തീയതി യാണ്. 2007 ജനുവരി 18-നും അതിനുമുമ്പും കർഷകരിൽ നിന്ന് കിട്ടേണ്ടതായ ബാധ്യകൾ മാത്രമേ കടം എന്ന വാക്കിലെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. പ്രസ്തുത തീയതിക്കുശേഷമാണ് സംസ്ഥാനത്ത് വയനാട് ജില്ലയിലെ ചില കർഷകർ കടക്കെണി മൂലം ആത്മഹത്യ ചെയ്യു കയുണ്ടായത്. ഈ അവസ്ഥ കർഷകർക്കിടയിലും കാർഷിക രംഗത്തും വ്യാപകമായ പ്രതികൂല ഫലങ്ങൾ ഉണ്ടാക്കുമെന്ന് സർക്കാർ കരുതിയിരു ന്നു. അതിന്റെ അടിസ്ഥാനത്തിലാണ് 2011 ഒക്ടോബർ 31 വരെയുള്ള മുഴുവൻ കടങ്ങളും കൂടി പ്രസ്തുത ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചത്. ഇതുമൂലം ഗവൺമെന്റിന് 50 കോടിയി ലധികം രൂപയുടെ ബാധ്യത പ്രതീക്ഷിക്കുന്നുണ്ട്. ഈ ഭേദഗതി പ്രാബല്യ ത്തിൽ വരുന്നതോടുകൂടി സർക്കാരിന് വീണ്ടും നിയമഭേദഗതി വരു ത്താതെതന്നെ ഏതെങ്കിലും പ്രത്യേക ദുരന്ത ബാധിത പ്രദേശത്തെ സംബ ന്ധിച്ച് ഒരു നിശ്ചിത തീയതി വരെയുള്ള കടബാധ്യതകൾ ഗസറ്റ് വിജ്ഞാ പനം വഴി പ്രസ്തുത ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള അധികാരം ലഭ്യമാകുന്നതാണ്. അതുകൊണ്ടാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. അത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി. ഇ.എസ്. ബിജിമോൾ: സർ, ക ാീല വേമേ □ഠവശ്ശ ഒീൗലെ ൃലളലൃ്ലെ ഭീ ൗലൃശളമ്യൗീല ഠവല ഗലൃമഹമ എമൃാലൃ□ ഉലയേ ഞലഹശലള ഇീാാശശൈീി (അാലിറാലിേ) ഛൃറശിമിരല, 2012 ( ഛൃറശിമിരല ചീ.40 ീള 2012). ഇന്ത്യയിലെ കൃഷിക്കാർ കടത്തിൽ ജനിക്കുന്നവരാണ്. കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കുന്നവരുമാണ്. ഇന്ത്യയിലെ എഴുപത് ശതാനം വരുന്ന ജനങ്ങൾ കൃഷിക്കാരാണ്. ഈ കൃഷിക്കാർ ദരിദ്രരരാണെന്നുള്ളതാണ് നിർഭാഗ്യകരം. എന്തുകൊണ്ടാണ് കൃഷിക്കാർ മാത്രം ഇങ്ങനെ കടക്കെണിയിൽപ്പെടുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു ഒരു ജില്ലയെ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് അവതരിപ്പിക്കുന്ന കേരള കാർഷിക കടാശ്വാസ കമ്മീഷൻ ഭേദഗതി ബിൽ എന്ന രൂപത്തിലാണ് ബഹുമാന്യനായ മന്ത്രി ഇവിടെ ഈ ബിൽ അവതരിപ്പിക്കുന്നത്. ദുരന്തം വന്നതിനുശേഷം ആളുകളുടെ പിന്നാലെ സഹായഹസ്തവുമായി എത്തുന്നതിനെക്കാൾ ഉചിതം ഒരു ദുരന്തം ഉണ്ടാകാതെ ജനങ്ങളെ കാക്കുകയെന്നുള്ളതാണ് ഏറ്റവും ആശാസ്യകരമായ കാര്യം. ഇവിടൊരു കാർഷിക കടാശ്വാസ കമ്മീഷനുണ്ടായിരുന്നു. യു.ഡി.എഫ് ഗവൺമെന്റിന്റെ അഞ്ചുവർഷത്തെ ഭരണത്തിനുശേഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ എത്തിയപ്പോൾ രൂപം കൊടുത്തതാണ് കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം. ഏറെ മാതൃകാപരമായി, ഏറെക്കുറവുകളുമുണ്ടായിട്ടുണ്ട്. എങ്കിലും ഏറെ മാതൃകാപരമായി രാജ്യത്തിന്റെ തന്നെ ശ്രദ്ധ

പിടിച്ചുപറ്റിയ രീതിയിലാണ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇവിടെ ശ്രീമാൻ ഉമ്മൻചാണ്ടിയുടെ ഗവൺമെന്റ് ഈ ഘട്ടത്തിൽ അധികാരത്തിൽ എത്തിയപ്പോൾ കമ്മീഷന്റെ പ്രവർത്തനങ്ങൾ നിശ്ചലമായി. അർദ്ധ ജുഡീഷ്യറി സംവിധാനം എന്ന നിലയിൽ പ്രവർത്തിക്കുന്ന കമ്മീഷനെ സഹായിക്കാൻ, അതിൽ മെമ്പർമാരെ സമയബന്ധിതമായി പോസ്റ്റ് ചെയ്യാൻപോലും കഴിഞ്ഞില്ല. ലക്ഷക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ടായി. ഇപ്പോൾ പോസ്റ്റ് ചെയ്തു എന്ന് പറയുമ്പോഴും കൃഷിക്കാരുടെ എത്രയോ സമയം പോയി. നിരവധി ആളുകൾ കാർഷിക കടാശ്വാസ കമ്മീഷനിൽ അപേക്ഷ കൊടുത്തിട്ട് ഇന്നല്ലെങ്കിൽ നാളെ ഇത് പരിഗണിക്കപ്പെടും എന്ന പ്രതീക്ഷയിൽ നിൽക്കുമ്പോഴാണ് ഇനിയൊരിക്കലും കാർഷിക കടാശ്വാസ കമ്മീഷനിലേക്ക് നിങ്ങൾ അപേക്ഷ കൊടുക്കേണ്ടതില്ല, കൊടുത്ത അപേക്ഷകൾ ഞങ്ങൾ പരിഗണിക്കുന്നില്ല എന്ന രൂപത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നിലപാടുണ്ടാകുന്നത് നിർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, വേണമെങ്കിൽ ഒരു ദുരന്തമുണ്ടായാൽ, അങ്ങനെ ദുരന്തമുണ്ടാകുന്ന സമയത്ത് ആളുകൾ കൂടുതൽ ആത്മഹത്യ ചെയ്താൽ ദുരന്തമുണ്ടായാൽ ഗസറ്റ് വിജ്ഞാപനം വഴി ആ പ്രദേശങ്ങളെ ഉൾപ്പെടുത്തുന്നതിന് ഗവൺമെന്റിനെ അധികാരപ്പെടുത്തുന്ന ഒരു വകുപ്പുകൂടി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് പറയുമ്പോൾ ദുരന്തങ്ങൾക്കുവേണ്ടി കാത്തിരിക്കരുത് എന്നുള്ളതാണ് അഭിപ്രായം. കൃഷിക്കാരുടെ പ്രശ്നങ്ങ

ളിലേക്ക് കടന്നുചെല്ലാൻ ഗവൺമെന്റിന് കഴിയണം. കൃഷിക്കാർ മാത്രം കടക്കെണിയിൽപെടുന്നത് എന്തുകൊണ്ടാണ്. എന്ന് ഗവൺമെന്റ് പഠിക്കാൻ തയ്യാറാകണം. ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 50,000 രൂപ വീതം ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങളിലെത്തിച്ചു. അവരുടെ ശേഷിക്കുന്ന ബന്ധുക്കൾ, മിത്രങ്ങൾ, ഭാര്യ, മക്കൾ അടക്കമുള്ള ആളുകളെ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം അതിന്റെ സാമൂഹ്യ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടാണ് 50,000 രൂപ വീതം കുടുംബങ്ങൾക്ക് ആശ്വാസമെന്നുള്ള നിലയിൽ നൽകുവാൻ കഴിഞ്ഞത്. ഇവിടെ ആശ്വാസം ലഭിച്ചില്ല. പകരം അവരുടെ വീടുകളിലേക്ക് ജപ്തി നോട്ടീസാണ് ചെന്നത്. കമ്മീഷന്റെ പ്രവർത്തനം നിശ്ചലമായി. കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് അനുവദിച്ചുകൊടുക്കേണ്ട തുക അനുവദിച്ച് കൊടുക്കുന്ന സാഹചര്യമുണ്ടായില്ല. അതിൽ ഏറെ കാലതാമസമുണ്ടായി. കാർഷിക കടാശ്വാസ കമ്മീഷൻ എഴുതിത്തള്ളിയ തുക സമയബന്ധിതമായി ലഭിച്ചില്ല എന്ന കാരണത്താൽ ബാങ്കുകൾ കൃഷിക്കാർക്ക് വീണ്ടുംവീണ്ടും നോട്ടീസയയ്ക്കുന്ന സാഹചര്യമുണ്ടായി. കാർഷിക കടാശ്വാസ കമ്മീഷൻ എഴുതിത്തള്ളിയ പേപ്പറുമായി ബഹുമാന്യരായ മന്ത്രിമാരുടെ മുൻപിൽ ഈ സംസ്ഥാനത്തെ പതിനായിരക്കണക്കിന് ആളുകൾ കയറിയിറങ്ങി. വ്യക്തിപരമായി എന്റെ നിയോജക മണ്ഡലത്തിൽ മാത്രം 270-ൽ അധികം അപേക്ഷകളാണ് കവറിംഗ് ലെറ്റർ വച്ച് കാർഷിക കടാ

ശ്വാസ കമ്മീഷൻ എഴുതിത്തള്ളിയ ആളുകളുടെ പേരിൽ വീണ്ടും വന്നിട്ടുള്ള ജപ്തി നടപടികൾ ഒഴിവാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഗവൺമെന്റിന്റെ മുൻപിലേക്ക് സമർപ്പിച്ചിട്ടുള്ളത്. നിർഭാഗ്യകരമല്ലേ, ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഗവൺമെന്റിന് കഴിയണം. മറ്റ് തൊഴിൽ മേഖലയിൽ നിന്ന് വ്യത്യസ്തമായി ഉത്പ്പാദകർ എന്നുള്ള നിലയിൽ തങ്ങളുടെ ഉത്പന്നങ്ങളുടെ വില തീരുമാനിക്കുവാൻ കൃഷിക്കാരന് ഇവിടെ അവകാശമില്ല. കമ്പോളത്തിലെ മധ്യവർത്തികളാണ് കൃഷിക്കാരുടെ ഉത്പ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നത്. ഇവിടെ കൃഷിക്കാരന്റെ കൃഷിയുടെ ചെലവ് എത്ര രൂപയാണെന്നുള്ള വിഷയം പരിഗണിക്കപ്പെടുന്നില്ല. വില മുൻകൂട്ടി അറിയാൻ കൃഷിക്കാർക്ക് മാർഗ്ഗങ്ങളില്ല. വിപണി നിയന്ത്രിക്കുന്നത് ലോബികളും കീടനാശിനി കമ്പനികളുമാണ്. കൃഷിക്കാരന്റെ വിയർപ്പിന്റെ ലാഭം തട്ടിയെടുക്കുവാൻ കെണിയൊരുക്കിയവർ കാത്തിരിക്കുകയാണ്. കേരളത്തിലെ കൃഷി തീരുമാനിക്കുന്നതിൽ കാലാവസ്ഥയും പ്രകൃതിയും വഹിക്കുന്ന പങ്ക് നമുക്കൊരിക്കലും നിയന്ത്രിക്കാൻ കഴിയുന്നതല്ല. മറ്റൊരു പ്രധാന പ്രശ്നം കൃഷിക്കാരന്റെ മനോഭാവമാണ്. ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കുന്ന കൃഷിയിടങ്ങൾ കേരളത്തിൽ നാമമാത്രമാണ്. വാണിജ്യവിളകളാണ് കേരളത്തിൽ ഭൂരിപക്ഷവും. കേരളത്തിലെ കൃഷി രീതി മറ്റു സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വിഭിന്നമാണ്. ഓരോ ഘട്ടത്തിന്റെ ചർച്ചകളിലും നമ്മൾ വാണിജ്യ വിളകൾ ഉല്പാദിപ്പിക്കുന്ന സംസ്ഥാനമാണ് എന്ന് ബഹുമാന്യരായ നേതാ

ക്കന്മാർ ആവർത്തിക്കുന്നുണ്ട്. നാണ്യവിളകളുടെ വില നിയന്ത്രിക്കുന്നത് ആഗോള കോർപ്പറേറ്റുകളാണ്. വിളവെടുപ്പ് കാലത്ത് കർഷകരിൽ നിന്നും കുറഞ്ഞ വിലയ്ക്ക് സംഭരിക്കുന്ന നാണ്യവിളകൾ പിന്നീട് മാർക്കറ്റിൽ അഞ്ചിരട്ടി വിലയിൽ വിറ്റഴിക്കപ്പെടുന്നു. കർഷകന് ലഭിക്കുന്ന വിലയും Value Added Product ആയി മാർക്കറ്റിൽ എത്തുന്ന സാധനങ്ങളുടെ വിലയുമായി പരസ്പരം ബന്ധപ്പെടുന്നില്ല. ആഗോളതലത്തിൽ വിപണിയുടെ അവസ്ഥയറിയുവാൻ കൃഷിക്കാർക്ക് സംവിധാനമില്ല. വാനിലയുടെ വില കിലോഗ്രാമിന് അന്താരാഷ്ട്ര മാർക്കറ്റിൽ നാലായിരം രൂപയിലെത്തി. ലക്ഷക്കണക്കിന് രൂപ ബാങ്ക് വായ്പയെടുത്ത് വാനില കൃഷിയിലേയ്ക്ക് മാറി. നിലവിലുണ്ടായിരുന്ന കൃഷികൾ പറിച്ചുമാറ്റി ലക്ഷക്കണക്കിന് രൂപയുടെ വായ്പയെടുത്ത് വാനില കൃഷിയിലേയ്ക്കെത്തിയ കൃഷിക്കാർ. വാനിലയുടെ വില 80 രൂപയിലേയ്ക്ക് താഴ്ന്നപ്പോൾ പെരുവഴിയിലായി. അവർ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്ന സാഹചര്യമുണ്ടായി. ഇവിടെ കാപ്പിയുടെ വില നിയന്ത്രിക്കുന്നത് നാലു കമ്പനികളാണ്. ഇവരുടെ കാരുണ്യത്തിന് കർഷകരെ വിട്ടുകൊടുത്ത് നിസ്സഹായരായി ഗവൺമെന്റ് നിൽക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഏലത്തിന്റെ ലേലം മാഫിയകൾ കൈയ്യടക്കിയിരിക്കുകയാണ്. മുഖ്യമന്ത്രിയുടെയും കൃഷി വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഏലത്തിന്റെ ലേലവുമായി ബന്ധപ്പെട്ട പ്രശ്നം ചർച്ച ചെയ്തതാണ്. ഈ മാഫിയയെ നിയന്ത്രിക്കുന്നതിന് മുഖ്യമന്ത്രി ഇടപെടാമെന്ന് ഉറപ്പുപറഞ്ഞി

ട്ടുണ്ട്. മുഖ്യമന്ത്രിയുടെ ചേമ്പറിലെടുത്ത ആ തീരുമാനം നടപ്പിലാക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ല. മുഖ്യമന്ത്രിയുടെ തീരുമാനത്തിൽ പ്രതിഷേധിച്ച് Auction-ൽനിന്ന് തന്നെ ഏലത്തിന്റെ ലേലം കൺട്രോൾ ചെയ്യുന്ന മാഫിയ വിട്ടുനിൽക്കുന്ന സാഹചര്യമുണ്ടായി. രണ്ടുമാസക്കാലം പൊതുവിപണിയിൽ ഇത് കൊടുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് കൃഷിക്കാർ തങ്ങളുടെ ഉല്പന്നങ്ങൾ കൈയിൽ വച്ച് നിസ്സഹായരായി ഇരിക്കുന്ന സാഹചര്യമുണ്ടായി. ഈ ഗവൺമെന്റിനെ പാഠം പഠിപ്പിക്കും എന്നു പറഞ്ഞ് വെല്ലുവിളിച്ചപ്പോൾ മാഫിയയുടെ മുമ്പിൽ മുട്ടുമടക്കുന്ന ഒരു ഗവൺമെന്റിന്റെ നിസ്സഹായമായ കാഴ്ച കണ്ടുനിൽക്കുവാൻ മാത്രമാണ് ഞങ്ങൾക്ക് കഴിഞ്ഞത്. ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ശക്തമായ ഇടപെടലുകൾ ഉണ്ടായിരുന്നുവെങ്കിൽ ഇവരെ നിയന്ത്രിക്കുവാൻ നമുക്ക് കഴിയുമായിരുന്നു. ഭരണകൂടം മാഫിയകളുടെ മുമ്പിൽ മുട്ടുകുത്തുന്ന സാഹചര്യം ഒഴിവാക്കണം. കൃഷിക്കാരുടെ നിസ്സഹായതയിൽ അവരെ കൈപിടിച്ച് നിർത്തുവാൻ കഴിയണം. ഏലത്തിൽ മാത്രമല്ല, കാപ്പിയിലും കുരുമുളകിലും തേയിലയിലും സമാനസ്വഭാവമുള്ള സംവിധാനങ്ങളാണ് നടത്തപ്പെടുന്നത്. അന്താരാഷ്ട്ര മാർക്കറ്റിൽ എന്തുവിലയുള്ളപ്പോഴും ഏലത്തിന്റെയും കാപ്പിയുടെയും തേയിലയുടെയും വില നിയന്ത്രിക്കുന്നത് ഇവിടത്തെ ചില ലോബികളാണ്. ഇന്ത്യൻ ബാങ്കുകളിൽ കിട്ടാക്കടം വർദ്ധിച്ചു. കിട്ടാക്കടം വർദ്ധിച്ചതിന്റെ ഭാഗമായി ഇന്ത്യാ ഗവൺമെന്റ് ഒരു നിയമം പാസ്സാക്കിയ സർഫാസി ആക്ട് കേരളത്തിലെ

കൃഷിക്കാർക്ക് വിനയായി. കേരളത്തിലെ കൃഷിക്കാർക്ക് ബാധകമല്ലാത്ത രീതിയിലാണ് ഈ ആക്ട് അവതരിപ്പിക്കപ്പെട്ടത്. കൃഷിസ്ഥലവും വീടും രണ്ടും രണ്ടായി സ്ഥിതി ചെയ്യുന്ന അന്യസംസ്ഥാനങ്ങളിൽ നിന്ന് വ്യത്യ സ്തമായി കൃഷിയിടത്തോട് അനുബന്ധമായി വീട് വച്ച് താമസിക്കുന്ന രീതിയാണ് കേരളത്തിലെ കൃഷിക്കാർ അവലംബിക്കുന്നത്. ഉടമസ്ഥർ താമസിക്കുന്ന അല്ലെങ്കിൽ വീടിരിക്കുന്ന സ്ഥലം നിയമപ്രകാരം അവിടെ എന്തു കൃഷി ചെയ്താലും ഈ ആക്ടിന്റെ പരിധിയിൽ വരുന്നില്ല എന്നുള ളതുകൊണ്ട് കേരളത്തിലെ പതിനായിരക്കണക്കിന് കൃഷിക്കാർക്ക് ഇതിന്റെ ആനുകൂല്യങ്ങൾ കിട്ടാത്ത വിധം ബാങ്കുകൾ ജപ്തി നോട്ടീസ് അയയ്ക്കുന്ന സാഹചര്യമുണ്ട്. കേരളത്തിലെ ഒരു വിളയും കാർഷിക വിളയുടെ നിർവ്വചനത്തിൽ വരുന്നില്ല എന്നുള്ളത് നിർഭാഗ്യകരമാണ്. ഏലവും കുരുമുളകും കാപ്പിയും തെങ്ങും റബ്ബറും എന്നുവേണ്ട കേരള ത്തിലെ 90% വിളകളും നാണ്യവിളകളുടെ ഗണത്തിൽ ഉൾപ്പെടുന്നവയാ ണ്. രാജ്യത്തെ ജനങ്ങൾക്ക് വേണ്ടി നിർമ്മിക്കപ്പെട്ട നിയമത്തിന്റെ ആനു കൂല്യം കേരളത്തിന്റെ കൃഷിക്കാർക്ക് ലഭിക്കാതെ പോയി. ഇതു മാത്രമല്ല, കേരളത്തിനനുകൂലമായി കേന്ദ്ര ഗവൺമെന്റുണ്ടാക്കുന്ന നിയമങ്ങൾ പലപ്പോഴും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതി കൾ തടസ്സങ്ങൾ ഉണ്ടാക്കുന്നുവെന്നത് പല പദ്ധതികളുമായി ബന്ധപ്പെട്ട് നിരവധി തവണ ഈ നിയമസഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. ഞാന തിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കേരളത്തിലെ പ്രശസ്ത

രായ നിയമജ്ഞർ അംഗങ്ങളായ പാർലമെന്റാണ് ഈ നിയമം പാസ്സാക്കിയത് എന്നുള്ളത് നിർഭാഗ്യകരമാണ്. നിയമത്തിന്റെ ആനുകൂല്യം കേരളത്തിന്റെ ജനങ്ങൾക്ക് ലഭിക്കുവാൻ സംസ്ഥാന ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കണം. കൃഷിയെ മാന്യവും അന്തസ്സുമുള്ള തൊഴിലാക്കി മാറ്റുവാൻ നമുക്ക് കഴിയണം. കൃഷി ഭവനുകളുടെ പ്രവർത്തനം സമഗ്രമായി പൊളിച്ചെഴുതണം. ഫയൽ നോക്കി സബ്സിഡി വിതരണക്കാരായ കൃഷി ഓഫീസർമാരെ കൃഷിയിടങ്ങളിലേയ്ക്ക് പറഞ്ഞുവിടണം. ഫീൽഡ് ഡയറി പരിശോധിക്കുന്നതിനും നടപടിയുണ്ടാകണം. കൃഷി ഓഫീസർമാരുടെ പേര് പുനർനാമകരണം ചെയ്ത് കൃഷി ഡോക്ടർമാർ എന്നാക്കണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അവശേഷിക്കുന്ന കാർഷിക സംസ്ക്കാരത്തെ ഉന്മൂലനം ചെയ്യരുത്. കൃഷി ഓഫീസർമാരെ കൃഷി ഡോക്ടർമാരാക്കണം, ഫീൽഡുകളിലേയ്ക്ക് പോകണം. അവർ വീട്ടിലിരുന്ന് ഫയൽ നോക്കുന്ന ഓഫീസർമാരാകരുത് എന്നുള്ളതാണ് ആവശ്യം. കൃഷിക്കാവശ്യമായ രാസവളങ്ങളുടെ വില ആറിരട്ടി വർദ്ധിച്ചിരിക്കുന്നു. കൃഷിക്കാരെ കൃഷിഭൂമിയിൽ നിന്ന് അകറ്റി നിർത്തി കൃഷി അനാകർഷകമാക്കുക, കൃഷിക്കാരനെ അവന്റെ ഭൂമിയിൽ നിന്നും വേരോടെ പിഴുതെറിയുക എന്ന ഗൂഢതന്ത്രമാണ് വികസനമാഫിയ നടത്തുന്നത്. 'വെടക്കാക്കി തനിക്കാക്കുന്ന' കുടില തന്ത്രത്തിന്റെ ഇരകളാണ് കൃഷിക്കാർ. വികസനതന്ത്രത്തിന്റെ ആളുകൾ മുൻകൂട്ടി വിഭാവനം ചെയ്യുന്ന അജണ്ട ഭരണാധികാരികൾക്ക് ദീർഘവീക്ഷണത്തോടു കൂടി

കാണുവാൻ കഴിയണമെന്നുള്ളതാണ് അഭിപ്രായം. തൊഴിൽസുരക്ഷിതത്വ ത്തിന് കൃഷിയും കൃഷിഭൂമിയും സംരക്ഷിക്കപ്പെട്ടേ മതിയാവൂ. കടാശ്വാസ പാക്കേജുകളുടെ ആനുകൂല്യം എന്തുകൊണ്ട് യഥാർത്ഥ കൃഷിക്കാരന് ലഭിക്കാതെ പോയി എന്ന് പരിശോധിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകൾക്കായി അനുവദിച്ച 3320 കോടി രൂപയുടെ വിദർഭ മോഡൽ പാക്കേജ്, കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് പരിശോധിക്കുമ്പോൾ പശു വിതരണത്തിനും ആട് വിതരണത്തിനും കടങ്ങളുടെ ക്രമീകരണത്തിലൊതുങ്ങി. അന്യസംസ്ഥാനങ്ങളിൽ നിന്നും പശുവിനെ എത്തിച്ച വകയിൽ വലിയ തുക കമ്മീഷനായി മറിഞ്ഞു. പാൽ ഉല്പാദനം കൂടിയില്ലെന്ന് മാത്രമല്ല കച്ചവടക്കാരുടേയും ഇടനിലക്കാരുടേയും പോക്കറ്റുകളിലേയ്ക്ക് ഒരു വലിയ തുക എത്തുന്ന സാഹചര്യം മാത്രമാണ് പാക്കേജുകൾ സൃഷ്ടിച്ചത്. ഇടുക്കി പാക്കേജിന്റെ സ്ഥിതിയറിയാം, കാർഷിക കടാശ്വാസത്തിന്റെ ഭാഗമായി ഇടുക്കി പാക്കേജും കുട്ടനാട് പാക്കേജും ആരംഭിച്ചിടത്തു തന്നെ നിൽക്കുന്ന സാഹചര്യമാണുള്ളത്. ഒരിഞ്ചുപോലും നമുക്ക് മുന്നോട്ട് പോകുവാൻ കഴിഞ്ഞിട്ടില്ല. നിരവധി തവണ ആവർത്തിച്ചാവർത്തിച്ച് കൃഷി മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും മീറ്റിംഗുകൾ കൂടുമ്പോഴും ഓൺ ഗോയിംഗ് സ്കീമുകൾ വിട്ട് പുറത്തേയ്ക്ക് വരുവാൻ വകുപ്പുദ്യോഗസ്ഥർ തയ്യാറാകുന്നില്ല എന്നുള്ളത് ഗൗരവതരമായി കാണണം. കുട്ടനാട് പാക്കേജിന്റെ ബണ്ടിൽ തൊട്ടപ്പോൾത്തന്നെ കൈപൊള്ളി. പാക്കേ

ജുകളുടെ ഗുണം ജനങ്ങൾക്ക് അനുഭവവേദ്യമാകുന്നില്ല. കോഫീ ബോർഡുകൾ നടപ്പിലാക്കുന്ന പദ്ധതികൾ മാത്രം പരിശോധിച്ചാൽ എത്ര നിർഭാഗ്യകരമാണ് സാഹചര്യമെന്ന് നമുക്ക് മനസ്സിലാകും. കോഫീ ബോർഡിനു വേണ്ടി വിവിധ കമ്പനികൾ പരസ്യങ്ങൾ നൽകുകയാണ്. കോഫീ ബോർഡിന്റെ സബ്സിഡി ലഭിക്കുന്നതിന് ഞങ്ങളുടെ കടയിൽ നിന്ന് സാധനങ്ങൾ വാങ്ങിയാൽ മതി എന്ന വലിയ പരസ്യബോർഡുകൾ സ്ഥാപിച്ച് കമ്പനികൾ നടത്തുന്ന പ്രചരണം ഗൗരവതരമായി കാണണം. മീഡിയേറ്റർമാരായി പ്രവർത്തിക്കുന്ന ആളുകൾ ഇതിന്റെ ആനുകൂല്യം വിതരണം ചെയ്യുന്നുവെന്ന് പറഞ്ഞാൽ അതിന്റെയർത്ഥം വളരെ വലുതാണ് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് ശക്തമായ ഇടപെടൽ നടത്തുവാൻ ഗവൺമെന്റിന് കഴിയണം. പാക്കേജുകളും കടാശ്വാസ കമ്മീഷനുകളും കുടിശ്ശികക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തപ്പോൾ സമയത്ത് വായ്പയടയ്ക്കുകയോ പുതുക്കുകയോ ചെയ്ത ബഹുഭൂരിപക്ഷം കൃഷിക്കാരും ആനുകൂല്യങ്ങൾക്ക് പുറത്തായി. ഇടുക്കി പ്രദേശത്ത്, സ്വർണ്ണപണയത്തിന്മേൽ വായ്പ എടുത്തവർക്ക് കരമടച്ച രസീത് ഇല്ലാത്തതിന്റെ പേരിൽ കൃഷി വായ്പയുടെ ആനുകൂല്യങ്ങൾ ലഭിച്ചില്ല. എന്നാൽ കരമടച്ച രസീതുകൾ ഉണ്ടായിരുന്ന ആളുകൾ സ്വർണ്ണവായ്പ കാർഷികവായ്പയായി എടുത്തപ്പോൾ അഞ്ചുലക്ഷവും ആറുലക്ഷവും പത്തുലക്ഷവും വരെ എഴുതിത്തള്ളുന്ന സാഹചര്യമുണ്ടായി. കേന്ദ്ര ഗവൺമെന്റിൽനിന്നും കാർഷിക കടാശ്വാസത്തിന്റെ ഭാഗമായി രാജ്യത്ത് വിതരണം ചെയ്യപ്പെട്ട

77,000 കോടി രൂപയുടെ ബഹുഭൂരിപക്ഷം വരുന്ന ഗുണഭോക്താക്കൾ ആരാണെന്ന് പരിശോധിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. വിത്തിന്റെയും വളത്തിന്റെയും യന്ത്രങ്ങളുടെയും വിതരണ കാര്യത്തിലും യഥാർത്ഥ അവകാശികളായ സാധാരണ ജനങ്ങൾ മാറ്റി നിർത്തപ്പെടുകയോ ചൂഷണം ചെയ്യപ്പെടുകയോ ചെയ്യുന്നുണ്ട്. സാധാരണ ആളുകൾക്ക് അറിവ് പകരേണ്ട ബന്ധപ്പെട്ട എക്സിക്യൂട്ടീവുകളും നിർജ്ജീവമായ നിലപാടുകളാണ് എടുക്കുന്നത്. വളത്തിൽ മണ്ണും അറക്കപ്പൊടിയും മിക്സ് ചെയ്ത ഗുണനിലവാരം ഇല്ലാത്ത വളത്തിന്റെ വിപണനം മാധ്യമങ്ങൾ ലൈവായി പുറത്തുകൊണ്ടുവന്നതാണ്. കരിഞ്ചന്തയിൽ അരി പൂഴ്ത്തിവയ്ക്കുന്നത് സംബന്ധിച്ച് ഇന്നലെ ഇവിടെ ചർച്ച ചെയ്തതാണ്. അതിനെതിരെ ഒരു നപടപടി എടുത്തില്ല. വളത്തിന്റെ കാര്യത്തിൽ കൃത്രിമം കാണിച്ചതിന്റെ പേരിൽ കരിമ്പട്ടികയിൽ വന്നിട്ടുള്ള കമ്പനികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഉദ്യോഗസ്ഥർ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് നിയമസഭയിലെങ്കിലും അവതരിപ്പിക്കുവാൻ അങ്ങ് മനസ്സ് കാണിക്കണം. ആ കരിമ്പട്ടിക ഇതുവരെ വെളിച്ചം കണ്ടിട്ടില്ല. അതിന്റെ വിശദാംശങ്ങൾ അന്വേഷിച്ചാൽ കൃഷി ഭവനുകളിൽ ലഭ്യമല്ല. ഇന്ത്യൻ ഭരണാധികാരികളുടെ ഉദാരമനസ്കത നമ്മൾ കണ്ടു. ഐ.എം.എഫ്-ന് 56000 കോടി രൂപയാണ് ദരിദ്ര രാജ്യമായ ഇന്ത്യയിലെ ഭരണാധികാരികൾ നൽകിയത്. യൂറോ മേഖലയെ കരകയറ്റുവാൻ കാണിക്കുന്ന ജാഗ്രത ഇന്ത്യയിലെ കൃഷിക്കാരോട് കാണിക്കാതെ പോകുന്നു. ഐ.എം.എഫി-ലേയ്ക്ക് ഇന്ത്യ

അടയ്ക്കുന്ന തുകയിൽ വീഴ്ച സംഭവിച്ചാൽ, നമ്മുടെ സംഭാവനയുടെ പേരിൽ എന്തെങ്കിലും വിട്ടുവീഴ്ച അവരുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ യെന്ന് പരിശോധിക്കണം. കഴിഞ്ഞ പൊതുബഡ്ജറ്റിൽ പെട്രോളിയം മേഖലയിൽ 24091 കോടി രൂപയുടെ സബ്സിഡിയാണ് വെട്ടിക്കുറിച്ചത്. രാസവളത്തിന് 6225 കോടി രൂപയും ഭക്ഷ്യധാന്യത്തിന് 2177 കോടി രൂപയും സബ്സിഡി വെട്ടിക്കുറച്ചു. ആ 28929 കോടി രൂപ ഉണ്ടായിരുന്നു വെങ്കിൽ ഈ സബ്സിഡികൾ നിലനിലർത്തി ഇന്ത്യയിലെ സാധാരണക്കാ രെയും കൃഷിക്കാരെയും നിലനിർത്തുവാനും വിലക്കയറ്റംപിടിച്ച് നിർത്തു വാനും നമുക്ക് കഴിയുമായിരുന്നു. നിർഭാഗ്യകരമായ നിലപാടുകളാണ് ഭരണാധികാരികളുടെ ഭാഗത്തുനിന്ന് ഉണ്ടായത്. ഒറ്റ വർഷം 69727 കോടി രൂപ കോർപ്പറേറ്റ് മേഖലയിൽ സബ്സിഡിയായി വാരി വിതറിയ ഡോ. മൻമോഹൻ സിങ് ഗവൺമെന്റിന്റെ രാഷ്ട്രീയനയം മറ നീക്കി പുറത്തു വന്നിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലൂടെ ഗവൺമെന്റ് പരോക്ഷമായി ജനങ്ങളിൽ നിന്ന് നേടിയത് നാൽപ്പത്തഞ്ച് ലക്ഷത്തി തൊള്ളായിരത്തി നാൽപ്പത് കോടി രൂപയാണ്. പി.എഫ് പലിശ നിരക്ക് 9.5 ശതമാനത്തിൽ നിന്ന് 8.25 ശതമാനമായി കുറച്ചു. കോർപ്പറേറ്റുകളുടെ കടം 5,29,432 കോടി രൂപ എഴുതിത്തള്ളി വിധേയത്വം ഊട്ടിയുറപ്പിച്ചു. രണ്ടരലക്ഷം കൃഷിക്കാർ ഇന്ത്യയിൽ ആത്മഹത്യ ചെയ്തിട്ടും നവലിബറൽ നയങ്ങൾ മൻമോഹൻസിങ് ഗവൺമെന്റ് തുടർന്നുകൊണ്ടി

രിക്കുകയാണ്. കാർഷിക തകർച്ചയെ തുടർന്ന് വയനാട്ടിൽ 1999–2007–ന് ഇടയിൽ 1200 കൃഷിക്കാർ ആത്മഹത്യ ചെയ്തു. വയനാട്ടിലെ കർഷക ആത്മഹത്യകൾ തടയുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ എത്തിയ ഹർജിയെ തുടർന്നാണ് ഗവൺമെന്റ് സത്യവാങ്മൂലം നൽകിയത്. എ.പി.സി.–യുടെ നേതൃത്വത്തിൽ പഠന കമ്മിറ്റിയെ നിയോഗിച്ചതല്ലാതെ മറ്റ് നടപടികളൊന്നും ഉണ്ടായില്ല. വിവിധ കൃഷികൾ പരീക്ഷിച്ച് പരാജയപ്പെട്ട വയനാടൻ കൃഷിക്കാർ പുതിയ ഭാഗ്യപരീക്ഷണമെന്നുള്ള നിലയിൽ വാനിലയിലെന്ന പോലെയാണ് ഇഞ്ചിയിൽ പരീക്ഷണം നടത്തിയത്. ആ പരീക്ഷണവും പരാജയപ്പെടുന്ന സാഹചര്യമാണുണ്ടായത്. 3000 രൂപയുടെ ഒരു ചാക്ക് ഇഞ്ചിക്ക് 550 രൂപയിലേയ്ക്ക് വില ഇടിഞ്ഞപ്പോൾ ഇഞ്ചി കൃഷിയിൽ പണം മുടക്കിയ കൃഷിക്കാർ കടുത്ത നിരാശയിലായി. ഇവിടെയാണ് നാണ്യവിളകളിൽ തറവിലയുടെ പ്രാധാന്യം. ഇടുക്കി പാക്കേജിലും മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിലും പ്രഖ്യാപിച്ച നാണ്യവിള പാക്കേജ് ഇന്നുവരെ പുറത്തുവന്നിട്ടില്ല. നാണ്യവിള പാക്കേജുമായി ബന്ധപ്പെട്ട തറവിലയുടെ ചോദ്യം ഉന്നയിക്കുമ്പോൾ കേന്ദ്രത്തിലേയക്ക് തറവില നിശ്ചയിക്കുന്നതിനുവേണ്ടി അയച്ച പാക്കേജ് അംഗീകാരം കിട്ടാതെ മടങ്ങിവന്നു. സംസ്ഥാന ഗവൺമെന്റിന്റെ പരിഗണനയിലാണെന്നതിനപ്പുറം വ്യക്തമായ മറുപടി പറയുവാൻ ഗവൺമെന്റിന് കഴിയുന്നില്ല. വയനാട്ടിലെ ഇഞ്ചി കൃഷിക്കാരെ കണ്ണീര് കുടിപ്പിച്ച വില്ലൻ നേപ്പാളിൽ നന്ന് ഇറക്കുമതി ചെയ്ത

ഇഞ്ചിയാണ്. യാതൊരു തത്വദീക്ഷയും വീക്ഷണവും മുൻകരുതലുമില്ലാതെ ഇറക്കുമതി ചെയ്ത ഇഞ്ചിയുടെ ലാഭം ഏതാനും ഇറക്കുമതി കച്ചവടക്കാർക്ക് പണക്കൊയ്ത്തിന് അവസരം ഉണ്ടാക്കിയെങ്കിൽ പതിനായിരക്കണക്കിന് കുടുംബങ്ങളുടെ സ്വപ്നങ്ങളാണ് തകർന്നടിഞ്ഞത്. അവരിന്ന് കണ്ണീർക്കയത്തിലാണ് പലരും ആത്മഹത്യയിൽ അഭയം പ്രാപിച്ചു. കടാശ്വാസം ആരുടേയും ഔദാര്യമല്ല കൃഷിക്കാരന്റെ അവകാശമാണ്. ദീർഘവീക്ഷണമില്ലാത്ത ഭരണകൂടത്തിന്റെ പ്രായശ്ചിത്തമായി അതിനെ കാണണം. കൃഷിക്കാർക്ക് നൽകുന്ന ബാങ്ക് വായ്പകൾ നിർത്തിയിരിക്കുന്നു. ഇപ്പോൾ കൃഷികാർക്ക് വായ്പകൾ നൽകുന്നില്ല, അവരുടെ മക്കൾക്ക് വിദ്യാഭ്യാസ ലോൺ നൽകുന്നില്ല. മരണമടഞ്ഞ വ്യക്തികളുടെ പേരിലുള്ള ലോണുകൾ എഴുതിത്തള്ളുവാനുള്ള നടപടി സ്വീകരിക്കണം. കുടുംബാംഗങ്ങളെയെങ്കിലും ജീവിക്കാൻ അനുവദിക്കണം. കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കണം. ഗവൺമെന്റ് പ്രഖ്യാപിച്ച മോറട്ടോറിയത്തിൽ വിശ്വാസമില്ലാതെ, മോറട്ടോറിയത്തിന്റെ കാലാവധി കഴിയുമ്പോൾ വിണ്ടും തങ്ങൾ പലിശയടക്കം അടയ്ക്കേണ്ടിവരുമെന്ന ആശങ്കയാണ് വയനാടൻ കൃഷിക്കാരും മറ്റ് മേഖലയിലുള്ള കൃഷിക്കാരും മനസ്സിൽ സൂക്ഷിക്കുന്നത്. മോറട്ടോറിയം പ്രഖ്യാപിക്കുകയും എഴുതിത്തളൽ നടപടികൾ ആരംഭിക്കുകയും ചെയ്യണം. പലിശരഹിത വായ്പകൾ കൃഷിക്കാർക്ക് ലഭ്യമാക്കണം. ഷെഡ്യൂൾഡ് ബാങ്കുകളെ മോറട്ടോറിയത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയതാണ് ഏറ്റവും ഗുരുതരമായ

കാര്യം. അവരെക്കൂടി മോറട്ടോറിയത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം. കൃഷിക്കാരുടെ പ്രശ്നങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി രാഷ്ട്രീയമേനി നടിക്കുന്നതിന് മുതിരാതെ കേരളത്തിലെ കൃഷിക്കാർ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റിന് കഴിയണം. ജയ് ജവാൻ എന്ന മുദ്രാവാക്യം നമ്മുടെ രാജ്യത്തിന് നഷ്ടമായിരിക്കുന്നു. ഭരണകൂട നിർമ്മിതമായ ദുരിതമായി കാർഷിക ആത്മഹത്യകളെ കണക്കാക്കണം. കൃഷിക്കാരന്റെ ദൈന്യമായ മുഖമാണ് ഇന്ന് രാജ്യത്തിന്റെ മുഖമുദ്ര. ഒൻപത് ശതമാനം ജി.ഡി.പി വളർച്ചയിൽ നമുക്ക് അഭിമാനിക്കാം. പക്ഷേ നേട്ടം ഉണ്ടാക്കിത്തരുന്ന കൃഷിക്കാരുടെ പ്രശ്നങ്ങളെ കണ്ടില്ലെന്ന് നടിക്കരുത്. നമ്മുടെ ഔദ്യോഗിക സംവിധാനങ്ങളിൽ നിന്ന് കർഷകർക്ക് സ്ഥിരമായ പരിഗണനയും സഹായവും വിലയിരുത്തലുകളും ഉണ്ടാകണം, പ്രതിസന്ധിയിൽ മാത്രം ഉണ്ടാകേണ്ടതല്ല. ഒരു വിഭാഗം ജനങ്ങളെ ഒഴിവാക്കി നിർത്തിക്കൊണ്ട്, ഒരു ദുരന്തം ഉണ്ടായാൽ മാത്രം അവരെ പരിഗണിക്കാമെന്ന തരത്തിൽ അവതരിപ്പിക്കപ്പെടുന്ന ഈ ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. എന്റെ അമെന്റ്മെന്റ് മൂവ് ചെയ്യുന്നു.

ശ്രീ. സാജുപോൾ: സാർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ അനുകൂലിക്കുകയാണ്. 31-10-2011 വരെയുള്ള മുഴുവൻ കാർഷിക കടങ്ങളും കാർഷിക കടാശ്വാസ കമ്മീഷൻ നിയമത്തിൽ കൊണ്ടുവരുന്നതിനോട് തത്വത്തിൽ വിയോജിപ്പില്ല. പക്ഷേ, രോഗ ലക്ഷണത്തെയല്ല രോഗത്തെയാണ് കണ്ടുപിടിക്കേണ്ടത്. ഇന്ത്യയൊട്ടാകെ വിലത്തകർച്ചയും കാർഷിക മേഖലയിൽ പ്രതിസന്ധിയും ആത്മഹത്യയും പെരുകുമ്പോൾ അത് പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങൾ ഒരു ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോയെന്നുള്ളത് വളരെ പ്രസക്തമാണ്. ഇതിൽ പല കാര്യങ്ങളും കേരള ഗവൺമെന്റിന്റെ പരിധിയിൽ മാത്രം നിൽക്കുന്നതുമല്ല. കേന്ദ്ര ഗവൺമെന്റിന്റെ കൂടി നയപരമായ ചില പ്രശ്നങ്ങൾ തീർച്ചയായും ഇതിലുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കാർഷിക കടാശ്വാസ നിയമവും മത്സ്യത്തൊഴിലാളി കടാശ്വാസ നിയമവും കൊണ്ടുവന്നു. അതിൽ പോരായ്മകളും കമ്മീഷന്റെ പ്രവർത്തനങ്ങളിൽ പരിമിതികളും ഉണ്ടെങ്കിൽ പോലും ഇന്ത്യക്ക് തന്നെ മാതൃകയായ ഒരു നിയമനിർമ്മാണം ആയിരുന്നു. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ കുറേയെങ്കിലും കാര്യങ്ങൾ കൊണ്ടുപോകുവാൻ കഴിഞ്ഞതുകൊണ്ടാണ് കേരളത്തിൽ കർഷക ആത്മഹത്യ തടയാൻ കഴിഞ്ഞത്. 2006 വരെയുള്ള വയനാട് ജില്ലയുടെ ചരിത്രമായിരുന്നില്ല പിന്നീട് അഞ്ച് വർഷക്കാലം ഉണ്ടായിരുന്നത്. ഇപ്പോൾ വീണ്ടും അതിലേയ്ക്ക് മടങ്ങിപ്പോയിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥ

ത്തിൽ, കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളുടെ ഫലമായി കൃഷിക്കാർ മാത്രമല്ല വ്യാപാരികൾ, വായ്പ എടുത്ത വിദ്യാർത്ഥികൾ, അവരുടെ രക്ഷകർത്താക്കൾ, പെൻഷൻ വാങ്ങുന്ന ആളുകൾ, റേഷൻ വാങ്ങുന്ന ആളുകൾ, റേഷൻ കടക്കാർ ഇവരെല്ലാം ആത്മഹത്യ മുനമ്പിൽ നിൽക്കുന്ന സ്ഥിതിയാണ്. നമുക്ക് പരമ്പരാഗതമായ ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ ഇവ കൂടാതെ പ്രൈവറ്റ് ബാങ്കുകളും ഹയർ പർച്ചേസുകാരും നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ സ്ഥാപനങ്ങളും ന്യൂ ജനറേഷൻ ബാങ്കുകളും വന്നു. അതിന്റെ പിന്നാലെ മൈക്രോ ഫിനാൻസ് പോലുള്ള വിവിധ വിഭാഗം പലിശ മാഫിയകളും കേരളത്തിൽ പിടിമുറുക്കുകയാണ്. നമ്മൾ എല്ലാം സുഖമായി ഉറങ്ങുമ്പോഴും ഒരിക്കലും ഉറങ്ങാത്ത ഒന്നാണ് പലിശ. രാത്രിയിലും ഉറങ്ങാത്ത പലിശയുടെ രൂക്ഷത ഈ രാജ്യത്തെ ജനങ്ങളെ കടക്കെണിയിലേയ്ക്ക് നയിക്കുയാണ്. അങ്ങനെയാണ് കർഷക ആത്മഹത്യകൾ ഉണ്ടായത്. കേരളത്തിലെ കൃഷിക്കാർക്ക് ഭൂമിയുടെ ഈടിൻമേൽ വായ്പ കിട്ടുന്നില്ല. അഥവാ കൊടുക്കുന്നുണ്ടെങ്കിൽത്തന്നെ വളരെ പരിമിതമാണ്. അതേസമയം സ്വർണ്ണം നൽകിയാൽ വായ്പ നൽകാൻ ഈ ബാങ്കുകൾ വളരെയേറെ താൽപ്പര്യമെടുക്കുന്നു. അപ്പോൾ സ്വർണ്ണത്തിന്റെ വില വർദ്ധിപ്പിക്കുന്നു. സ്വർണ്ണം വാങ്ങിക്കൂട്ടാൻ ആളുകൾ താൽപ്പര്യം കാണിക്കുന്നു. പക്ഷേ കൃഷിക്കാർക്ക് വായ്പ ലഭിക്കുന്നില്ല എന്നുള്ളത് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. അതുപോലെതന്നെ

കാലാവസ്ഥ വ്യതിയാനംമൂലം കൃഷിനാശം സംഭവിക്കുന്നു. ഇക്കൊല്ലത്തെ സ്ഥിതി എന്താണ്? എറണാകുളം ജില്ലയിൽ നിന്നുള്ള എം.എൽ.എ.മാർ വളരെയേറെ ആശങ്കയിലാണ്. ഐ.ഐ.പി കമ്മീഷൻ ചെയ്തിട്ടില്ലെങ്കിൽപ്പോലും ഐ.ഐ.പി കൂടി വന്നാൽ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ അവസ്ഥ എന്താകും? ഈ ഡാമുകളിലൊന്നും സ്വാഭാവിക നീർച്ചാലുകൾ വഴിയുള്ള വെള്ളമൊഴുകി അവ സമ്പുഷ്ടമാകുന്നില്ല. മഴ പെയ്ത് വെള്ളം ലഭിക്കുന്നില്ല. യഥാർത്ഥത്തിൽ ഇടമലയാർ വൈദ്യുത പദ്ധതിയിൽ നാല് മണിക്കൂർ വൈദ്യുതി ഉൽപ്പാദനം നടക്കുന്നതുകൊണ്ട് മാത്രമാണ് ഇന്ന് ഭൂതത്താൻകെട്ട് ഡാമിൽ അൽപ്പമെങ്കിലും വെള്ളം വരുന്നത്. ആ ഡാമിലെ വെള്ളം ഉപ്പുവെള്ളം കയറാതെ പെരിയാറിലൂടെ തുറന്നുവിടാൻ വേണ്ടി ജില്ലാ ഭരണകൂടം സമ്മർദ്ദം ചെലുത്തുകയാണ്. ഏതായാലും ബണ്ട് ഇട്ടതിനെത്തുടർന്ന് കുറച്ച് പ്രശ്നങ്ങൾ പരിഹരിക്കുകയും ബഹുമാന്യനായ വൈദ്യുത വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് ഇടമലയാറിൽ പവർ ജനറേഷന്റെ സമയം കൂട്ടാൻ തയ്യാറായതിന്റെ ഫലമായി ഞങ്ങൾക്ക് അൽപ്പം ആശ്വാസമുണ്ടായിട്ടുണ്ട് എന്നത് ഒരു വസ്തുതതയാണ്. അപ്പോൾ എറണാകുളം ജില്ലയുടെ അല്ലെങ്കിൽ കേരളത്തിന്റെ തന്നെ സുപ്രധാന ജലധമനികളാകെ അന്യാധീനമായിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയെല്ലാമുള്ള സാഹചര്യത്തിൽ നമുക്ക് സങ്കേതങ്ങളോ സാങ്കേതിക സൗകര്യങ്ങളോ ഏജൻസികളോ ഇല്ലാത്തതുകൊണ്ടാണോ? ഇപ്പോൾ ബയോ ടെക്നോളജി, ജൈവ

കൃഷി, ഡ്രിപ് ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ്, ഫെർട്ടിഗേഷൻ എന്നിവയൊക്കെയുണ്ട്. ഫെർട്ടിലൈസേഷനും ഇറിഗേഷനും ചേർന്ന് ചൈനയിലൊക്കെ പരീക്ഷിച്ചു. വളരെ വിജയകരമായ ഫെർട്ടിഗേഷൻ, ഗ്രീൻ ഹൗസ്, പോളി ഹൗസ്, ഇങ്ങനെ എത്രയോ കാര്യങ്ങളുണ്ട്. പക്ഷേ കൃഷിയുടെ അടിസ്ഥാനം ആരംഭിക്കുന്നത് മണ്ണിൽ നാം എറിയുന്ന വിത്തിൽ നിന്നാണ്. വിത്തിന്റെ കാര്യത്തിൽ ഇന്ന് ബഹുരാഷ്ട്ര കുത്തക കമ്പനികൾ പിടിമുറിക്കിയതിന്റെ ഫലമായി സെൽഫ് പോളിനേറ്റഡ് ഹൈബ്രിഡ് വിത്തുകൾ മാത്രമേ ഇവിടെ ലഭിക്കുന്നുള്ളു. മൾട്ടി നാഷണൽ കോർപ്പറേഷനുകൾ, എം.എൻ.സി-കൾ നൽകുന്ന വിത്തുകളാണ്. ഇന്ന് ആ വിത്തുകളുടെ വില എന്താണ്? കൃഷിയെപ്പറ്റി ആലോചിക്കുമ്പോൾ, കുഞ്ഞുണ്ണി മാഷ് "എഴുതി നേടുന്നത് ഉത്തമം, ഉഴുത് നേടൽ അത്യുത്തമം" എന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ആ ഉഴുത് നേടലിനുവേണ്ടി കഠിനാദ്ധ്വാനികളായ, മണ്ണിൽ കനകം വിളയിച്ച, മലമ്പാമ്പിനോടും മലമ്പനിയോടും മല്ലടിച്ച് നമ്മെയെല്ലാം തീറ്റിപ്പോറ്റിയ മണ്ണിന്റെ മക്കളുടെ ഏറ്റവും വലിയ സ്വത്തായിരുന്നു വിത്ത്. ആ വിത്ത് ഇന്ന് ലഭിക്കുന്നത് ബഹുരാഷ്ട്ര കുത്തക കമ്പനികളിൽ നിന്നാണ്. എല്ലാ വിളകളുടെയും പരമ്പരാഗത വിത്തിനങ്ങളെല്ലാം ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. ഇത് ആരാണ് പരിഹരിക്കേണ്ടത്? എവിടെയാണ് ഇതിന് പ്രതിവിധികൾ ആരംഭിക്കേണ്ടത്? ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇത്തരം കാര്യങ്ങളിലൊക്കെ ആത്മാർത്ഥതയോടുകൂടി ഇടപെടാൻ ശ്രമിക്കുന്നു എന്ന്

വരുത്തുമ്പോഴും അതെല്ലാം ചേമ്പിലയിൽ വെള്ളം ഒഴിച്ചതുപോലെ യാതൊരു ഫലവും ഉളവാക്കാത്ത വിധത്തിൽ, കേരളത്തിലെ കാർഷിക സമൂഹത്തിന് അതൊന്നും ബോദ്ധ്യപ്പെടാത്ത രീതിയിൽ നടക്കുകയാണ്. വളരെ ഉപരി വിപ്ലവങ്ങളായ പ്രചാരണ കോലാഹലങ്ങളല്ലാതെ ഒരുതരം ശബ്ദവെളിച്ച മായാജാല പ്രകടനങ്ങളല്ലാതെ വസ്ത്ര വർണ്ണ വിസ്മയങ്ങ ളല്ലാതെ യഥാർത്ഥത്തിൽ കൃഷിക്കാരന്റെ പ്രശ്നങ്ങൾക്ക് എന്തെങ്കിലും പ്രതിവിധിയുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: നികുതി കൊണ്ടാണല്ലോ സബ്സിഡി യൊക്കെ കൊടുക്കുന്നത്. നിലവിൽ വൻകിട കുത്തകക്കാർക്ക് മാത്രം സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും സാധാരണക്കാർക്ക് മണ്ണെണ്ണ, വിത്ത്, വളം തുടങ്ങിയ മുഴുവൻ സബ്സിഡികളും മാറ്റുന്നതു മായി ബന്ധപ്പെട്ട് കർഷകരുടെ ആത്മഹത്യയ്ക്ക് എന്തെങ്കിലും ബന്ധ മുണ്ടോ?

ശ്രീ. സാജു പോൾ: നിശ്ചയമായും ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടേണ്ടത് സംബന്ധിച്ച് ഞാൻ പറയുന്നുണ്ട്. ഞാൻ അതിലേയ്ക്ക് വരാം. കാപ്സിക്കത്തിന്റെ ആയിരം വിത്തിന് ഇപ്പോൾ 6,500 രൂപയാണ് മോൺസാന്റോ കമ്പനി വാങ്ങുന്നത്. സലാഡ് വെള്ളരിയുടെ ആയിരം വിത്തിന് 3,500 രൂപയാണ്. ഒരു വിത്തിന് 3.50 രൂപയാണ് വാങ്ങിക്കുന്ന ത്. ഇങ്ങനെയുള്ള പകൽക്കൊള്ള കാർഷിക മേഖലയിൽ വിത്തുമായി ബന്ധപ്പെട്ട് നടക്കുകയാണ്. ഇപ്പോൾ മത്സ്യ കൃഷി ചെയ്ത ആളുകളുടെ

അവസ്ഥ എന്താണ്? അലങ്കാര മത്സ്യ കൃഷിയെല്ലാം കൃഷിയായിട്ട് തന്നെ യാണല്ലോ നമ്മൾ കണക്കാക്കുന്നത്. അതുപോലെതന്നെ പാൽ ഉൽപ്പാ ദന മേഖല - ഇപ്പോൾ ക്ഷീര കൃഷിയുടെ സ്ഥിതി എന്താണ്? അനതിവി ദൂര ഭാവിയിൽ കേരളത്തിൽ പാൽ ഉൽപ്പാദിപ്പിക്കാത്ത ഒരു അവസ്ഥയി ലേയ്ക്ക് നിൽക്കുകയാണ്. നമ്മൾ വലിയ ക്ഷീരോത്സവങ്ങൾക്കെല്ലാം പോയി, പാൽ ഉൽപ്പാദകരുടെ കഷ്ടപ്പാടുകൾ കണ്ട്, അവർ നാല് മണിക്ക് എഴുന്നേൽക്കുന്നു, വെളുപ്പിന് പശുവിനെ കറക്കുന്നു, പാൽ അള ക്കുന്നു ഉച്ചയ്ക്ക് വീണ്ടും പശുവിനെ കറക്കുന്നു, പാൽ അളക്കുന്നു, നിങ്ങൾ ചെയ്യുന്നത് വലിയ ത്യാഗമാണ്, ഏറ്റവും വലിയ കഷ്ടപ്പാടാണ് എന്നൊക്കെ പറഞ്ഞ് അവരെ സുഖിപ്പിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി ഈ നിയമസഭയിൽ മുൻപ് പറഞ്ഞിട്ടുണ്ട്. ആടുകളെ എങ്ങനെയാണ് പരിപാലിക്കുന്നത് അല്ലെങ്കിൽ ആട്ടിൻകൂട്ടങ്ങ ളുമായി ഒരാളുടെ ജീവിതം എങ്ങനെയാണ് ഇഴുകിച്ചേരുന്നത് എന്ന് ബെന്യാമിൻ ആട് ജീവിതത്തിലൂടെ നമ്മളെ പഠിപ്പിച്ചു. ആട് എന്ന ജീവി യുമായി ഇത്രയേറെ താദാത്മ്യം പ്രാപിക്കുന്ന അല്ലെങ്കിൽ പ്രവാസ ജീവിത ത്തിന്റെ ബുദ്ധിമുട്ടുകൾ വിശദീകരിക്കുന്നതിനിടയിൽ ഒരു ആടിനെ കറ ക്കുന്നതിന് വേണ്ടി എങ്ങനെയാണ് ആ ആടുമായി ഇത്രയേറെ വൈകാരി കമായ ഒരു അടുപ്പവും ആത്മബന്ധവും സൃഷ്ടിക്കുന്നതെന്ന് നമ്മൾ ആ പുസ്തകത്തിലൂടെ മനസ്സിലാക്കി. മറ്റൊന്ന്, ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് നമ്മൾ പാൽവില കൂട്ടിക്കൊടുത്തു.

അതിന്റെ എന്തെങ്കിലും ഗുണമുണ്ടായോ? ഒരുവശത്ത് പാൽവില കൂട്ടി, അന്നുതന്നെ കാലിത്തീറ്റയുടെ വിലയും കൂട്ടി. അപ്പോൾ കേരള ഫീഡ്സിന്റെ കാലിത്തീറ്റ നമുക്ക് ന്യായവിലയ്ക്ക് കൊടുക്കാൻ പറ്റു ന്നുണ്ടോ? കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് കിലോയ്ക്ക് 25 പൈസ യെങ്കിലും സബ്സിഡി ഏർപ്പെടുത്തിയത്. ഇന്ന് കേരള കർഷക സംഘ ത്തിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മേഖല യൂണിയന്റെ ആസ്ഥാന ത്തേയ്ക്ക് പതിനായിരക്കണക്കിന് ക്ഷീരകർഷകർ മാർച്ച് ചെയ്ത് സമരം നടക്കുകയാണ്. സഖാവ് പിണറായി വിജയനാണ് ആ സമരം ഉത്ഘാ ടനം ചെയ്തത്. പാൽ ഉൽപ്പാദകരുടെ ആശങ്കകൾ പരിഹരിക്കണം. കേരളത്തിലെ ക്ഷീരമേഖല നാശോന്മുഖമായി കഴിഞ്ഞാൽ അന്യസംസ്ഥാ നങ്ങളിൽ നിന്ന് ഇങ്ങോട്ട് വിഷപ്പാലായിരിക്കും ഒഴുകുന്നത്. നമ്മ ളൊക്കെ രാവിലെ പത്രം വായിക്കുന്നതോടൊപ്പം ഒരു ചായ കുടിക്കുന്ന ആളുകളല്ലേ? അങ്ങനെ കേരളത്തിന്റെ ക്ഷീരമേഖലയിൽ ഏറ്റവും ആപ ത്കരമായ അവസ്ഥയാണ് വരുന്നത്. നമ്മുടെ നാട്ടിലെ പശു, എരുമ, ആട്, പോത്ത്, നാടൻ കോഴികൾ, മറ്റ് പക്ഷിമൃഗാദികൾ എന്നിവയെല്ലാം നാശോൻമുഖമായിക്കൊണ്ടിരിക്കുകയാണ്. തെരുവ് നായ്ക്കൾ വർദ്ധി ക്കുന്നുണ്ട്. ഞാൻ രാവിലെ നടക്കാനൊന്നും പോകുന്ന ആളല്ല. പോകാത്തതിന്റെ ഒരു പ്രധാന കാരണം, എം.എൽ.എ.യെ പട്ടി കടിച്ചു, എം.എൽ.എ.യെ വണ്ടി ഇടിച്ചുവെന്ന് വാർത്തയുണ്ടാക്കി ആളുകളെ ബുദ്ധിമുട്ടിക്കണോ? എം.എൽ.എ ഹോസ്റ്റലിലോ നിയമസഭാ മന്ദിര

ത്തിന്റെ അങ്കണത്തിലോ നടക്കാനിറങ്ങിയാൽ ഉറപ്പായിട്ടും ഇതിലേതെങ്കിലും ഒന്ന് സംഭവിക്കും. ലോകത്ത് ഏറ്റവും വലിയ മൃഗസമ്പത്തുള്ള ഒരു രാജ്യമാണ് നമ്മുടേത്. നമ്മൾ അമൂൽ കുര്യനെപ്പറ്റിയും എം.എസ്. സ്വാമിനാഥനെപ്പറ്റിയുമൊക്കെ അഭിമാനം കൊള്ളുന്നവരാണ്. പണ്ടൊക്കെ എരുമ പാലുപയോഗിച്ചുള്ള ചായയാണ് ചായക്കടകളിൽ കിട്ടിയിരുന്നത്. പക്ഷേ എരുമപ്പാൽ ഇപ്പോൾ നമ്മുടെ നാട്ടിൽ ഇല്ലാത്ത അവസ്ഥയായി. ആട്ടിൻപാൽ കുടിക്കാൻ ശ്രീ. പി.സി. ജോർജിനെപ്പോലെയുള്ളവർക്ക് സാധിക്കുമെന്നല്ലാതെ സാധാരണക്കാർക്ക് ആർക്കും കഴിയാത്ത സ്ഥിതിയായി. അങ്ങനെ ആട്ടിൻപാലും എരുമപാലും അന്യാധീനമായി. പശുവിൻ പാൽ മാത്രമായി ചുരുങ്ങുമ്പോഴും നമ്മുടെ മൃഗസമ്പത്ത് വളരെയേറെ ശോഷിച്ചു എന്നുള്ളതാണ് ഞാൻ സൂചിപ്പിച്ചത്. അതുകൊണ്ട് ക്ഷീരകർഷക മേഖലയും കാർഷിക മേഖലയായി പരിഗണിക്കണം. എന്റെ സഹധർമ്മിണി ഒരു ക്ഷീരകർഷകയാണ്. എന്റെ വീട്ടിൽ നിത്യവും പശുവിനെ കറക്കുന്നുണ്ട്. അയൽപക്കത്തുള്ള മീമ്പാറ ക്ഷീരോൽപ്പാദക സംഘത്തിൽ വർഷങ്ങളായി പാൽ അളക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അത്യാവശ്യം കറവയൊക്കെ അറിയാവുന്ന ആളാണ് ഞാനും. കാർഷിക മേഖലയുമായുള്ള ബന്ധം ഒരു സംസ്ക്കാരമാണ്. ആ സംസ്ക്കാരത്തെ നമുക്ക് തിരസ്ക്കരിക്കാൻ കഴിയുമോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സാധാരണയായി ക്ഷീരകർഷകർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുകയും അവസാനം കന്നുകാലിത്തീറ്റ വാങ്ങാൻ പോകുമ്പോൾ അത് നഷ്ടപ്പെട്ടുപോകുന്നുവെന്നുമാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. അതുപോലെ തന്നെ നെല്ല് സംഭരിക്കുന്നതിനായി നെൽക്കൃഷിക്കാർക്ക് 17 രൂപ വിലകൊടുക്കേണ്ടിവന്ന ഘട്ടത്തിൽ അരിയുടെ വിലവർദ്ധനവിലുമുണ്ടായതും ഇത്തരമൊരു മാറ്റത്തിന്റെ ഭാഗമായിട്ടല്ലേ എന്നൊരു സംശയമുണ്ട്.

ശ്രീ. സാജു പോൾ: ഇക്കാര്യത്തിൽ റൈസ് മില്ലുകളുടെ നാട്ടിൽ നിന്ന് വരുന്ന ഒരാളെന്ന നിലയിൽ വ്യക്തിപരമായ അഭിപ്രായം പറയുകയാണെങ്കിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നെല്ലിന്റെ താങ്ങുവില 7 രൂപ എന്നത് 14 രൂപയാക്കിയത് ഇപ്പോൾ 17 രൂപയാക്കി. ഇപ്പോൾ കാലടി മാർക്കറ്റിൽ ഒരു കിലോഗ്രാം നെല്ലിന് 23 രൂപയാണ് വില. ആ വിലവർദ്ധനവ് ഇങ്ങനെ താങ്ങുവില വർദ്ധിപ്പിച്ചപ്പോൾ ഉണ്ടായി. എന്നാൽ ചിലയിടങ്ങളിൽ ഈ താങ്ങുവില ഒരു മറയാക്കിക്കൊണ്ട് ചില കൃത്രിമങ്ങൾ നടന്നിട്ടുണ്ടെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം. അപ്പോൾ അതിന്റെടിസ്ഥാനത്തിൽ ഈ താങ്ങുവില ഒഴിവാക്കി കുട്ടനാട്ടിലും തൃശൂരിലെ കോൾനിലങ്ങളിലും പാലക്കാടും മാത്രമല്ല, കേരളത്തിലെമ്പാടുമുള്ള നെൽക്കൃഷി ചെയ്യുന്ന യഥാർത്ഥ നെൽക്കർഷകർക്ക് ഉൽപ്പാദന ബോണസ്സായോ പ്രൊഡക്ഷൻ ഇൻസെന്റീവായോ പ്രോത്സാഹനം നൽകുകയും മാർക്കറ്റിൽ നെല്ല് വിറ്റഴിക്കുമ്പോൾ അത് റൈസ്മില്ലുകാരോ

മറ്റോ വാങ്ങി സംസ്ക്കരിച്ച് അരിയാക്കി ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യട്ടേയെന്ന നിലയിലേയ്ക്ക് പോകാതെ ഇപ്പോൾ ഇത് ചില ഉദ്യോഗ സ്ഥന്മാർക്കും അതുപോലെതന്നെ ഈ മേഖലയിലുള്ള ചില കുത്തക കൾക്കും ഒരു വരുമാന സ്രോതസ്സായി മാറിയോയെന്നുള്ളത് ഗൗരവമായി ത്തന്നെ കേരള ഗവൺമെന്റ് പരിശോധിക്കേണ്ട ഒരു വിഷയമാണ്. നമ്മൾ ചിന്തിക്കുന്നതുപോലെയല്ല, വിലക്കയറ്റത്തെപ്പറ്റി ഇന്നലെ ഇവിടെ ചർച്ച കൾ നടന്നു, റെയ്ഡ് നടത്തി പൂഴ്ത്തിവയ്പ്പുകാരെ പിടിക്കുന്ന കാര്യ മൊക്കെ പറഞ്ഞു. പക്ഷേ അങ്കമാലി, കാലടി, പെരുമ്പാവൂർ മേഖലയിലെ ചുരുക്കം റൈസ് മില്ലുകളിലൊഴികെ അടുത്ത അഞ്ചാറ് മാസക്കാല ത്തേയ്ക്കുള്ള നെല്ല് ഇപ്പോൾ സ്റ്റോക്കില്ല. പല റൈസ് മില്ലുകളിലേയും ഗോഡൗണുകളിൽ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ തൊഴിലാളികൾ ഇപ്പോൾ ക്രിക്കറ്റും ഷട്ടിലും കളിക്കുകയാണ്. ബഹുമാനപ്പെട്ട അബ്ദുറ ഹിമാൻ രണ്ടത്താണി പറഞ്ഞ പ്രശ്നം ഗവൺമെന്റിന്റെ സത്വര പരിഗണ നയ്ക്ക് വിധേയമാക്കേണ്ട കാര്യംതന്നെയാണ്. ഞാൻ സൂചിപ്പിച്ചത്, വൈ വിധ്യവത്കരണത്തിലൂടെ കൃഷിക്കാർക്ക് രക്ഷപ്പെടാൻ പറ്റുന്നില്ല, വിത്തു മുതലുള്ള കാര്യങ്ങളിൽ പ്രശ്നമാണ്. വിത്തെറിഞ്ഞാൽ രണ്ടാമതായി വേ ണ്ടതെന്താണ്? വെള്ളമാണ്. ജലസേചനത്തിന്റെ കാര്യത്തിൽ, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി.ജെ ജോസഫിന് കൃഷിയെപ്പറ്റിയും ജലസേചനത്തെ ക്കുറിച്ചുമൊക്കെ ഏറ്റവും ഉയർന്ന ധാരണയുള്ള വ്യക്തിയാണ്. അക്കാ ര്യത്തിൽ ആർക്കും യാതൊരു തർക്കവുമില്ല. പക്ഷേ, കേരളത്തിലെ ഇറി

ഗേഷൻ പ്രോജക്ടുകളുടെ സ്ഥിതിയെന്താണ്?. ഐ.ഐ.പി., എം.വി.ഐ.പി., പി.വി.ഐ.പി. മൂന്നു പദ്ധതികൾ എറണാകുളം ജില്ലയിലുണ്ട്. കല്ലട ഉൾപ്പെടെ ഐ.ഐ.പി. യുടെയും എം.വി.ഐ.പി. യുടെയും കാര്യത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഈ പദ്ധതികളിലൂടെ ഇപ്പോഴും പൂർണ്ണതോതിൽ വെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടില്ല. എം.വി.ഐ.പി. ഭാഗികമായി കമ്മീഷൻ ചെയ്തുവെങ്കിൽ ഐ.ഐ.പി.യിൽ ഒരുതുള്ളി വെള്ളംപോലും ഒഴുകിയിട്ടില്ല. അതുമാത്രമല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എറണാകുളം ജില്ലയിലുള്ള 131 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിൽ 126 എണ്ണത്തിലെ മോട്ടോറുകളും പമ്പുകളും മാറ്റിവയ്ക്കാനും ടി.ഒ.ഡി. മീറ്ററുകൾക്ക് തോന്നിയതുപോലെ ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി ചാർജ്ജ് ഈടാക്കുകയുമായിരുന്നു. 126 പദ്ധതികൾക്കുവേണ്ട മോട്ടോറും പമ്പ്സെറ്റും ആ ടി.ഒ.ഡി. മീറ്ററുകൾ വയ്ക്കാനായി വാങ്ങിയെങ്കിലും ഇപ്പോഴും 53 എണ്ണത്തിന്റേത് മാത്രമേ മാറ്റി വച്ചിട്ടുള്ളൂ. ആ മോട്ടോറും പമ്പ് സെറ്റുകളും വാങ്ങാനും വയ്ക്കാനും വെവ്വേറെ ടെണ്ടറുകൾ. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം മൂന്നുവർഷം മുമ്പ് സഖാവ് എൻ. കെ. പ്രേമചന്ദ്രൻ ആലുവയിലും ജില്ലാതല ഉദ്ഘാടനം എന്റെ മണ്ഡലത്തിൽ അന്നത്തെ ഗതാഗത വകുപ്പുമന്ത്രി അഡ്വ. ജോസ്തെറ്റയിലും നിർവ്വഹിച്ചതാണ്. ഇപ്പോഴും പമ്പ് സെറ്റുകളും മോട്ടോറുകളും മീറ്ററുകളും വച്ചിട്ടില്ല. അതുപോലെതന്നെ ഒരു പഞ്ചായത്തിൽ ഒരു കുളം, ഒരു താലൂക്കിൽ ഒരു വ്യവസായം, ജില്ലതോറും വിമാ

നത്താവളം എന്നിങ്ങനെയുള്ള പ്രഖ്യാപനങ്ങൾക്ക് യാതൊരു കുറവുമില്ല. എന്റെ മണ്ഡലത്തിൽ രണ്ട് കുളങ്ങൾക്കുള്ള എഫ്.എസ്. കിട്ടി. ഇനി എ. എസ്., ടി.എസ്, ഡി.പി.ആർ. തുടങ്ങിയ കുറേ നടപടികൾ വേറെയുമുണ്ട്. ഇപ്പോഴും ഒരു കുളത്തിന്റെ കാര്യത്തിലും യാതൊരു തീരുമാനവുമായിട്ടി ല്ല. എവിടെ................

ശ്രീ. കെ. രാജു: ഓരോ പഞ്ചായത്തിലും ഒരോ കുളം എന്ന് ഈ ഗവൺമെന്റിലെ ജലസേചന വകുപ്പുമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചതാ ണ്. അതിന്റെ കാര്യത്തിൽ എന്ത് തീരുമാനമുണ്ടായി; നമ്മുടെ മണ്ഡലങ്ങ ളിൽ ഒന്നുപോലും ആയില്ലല്ലോ?

ശ്രീ. സാജു പോൾ: അതാണ് ഞാൻ പറഞ്ഞത്. പഞ്ചായത്തുകൾ തോറും..........

ശ്രീ. എം. ചന്ദ്രൻ: ബഹുമാനപ്പെട്ട അംഗം ജലസേചനത്തിന്റെ കാര്യ മാണ് ഇവിടെ പറഞ്ഞത്. വെള്ളം കുറച്ച് ഹൈടെക് കൃഷിയിലൂടെ പച്ച ക്കറി കൃഷി ചെയ്യാൻ ഗ്രീൻഹൗസുകൾ ഉണ്ടാക്കാമെന്ന് കഴിഞ്ഞ ബഡ്ജ റ്റിൽ നിർദ്ദേശിക്കുകയും അതിന്റെ പ്രചരണം വളരെ വിപുലമായി നടക്കു കയും ചെയ്തു. കേരള സംസ്ഥാനത്തിൽ എവിടെയെങ്കിലും ഗ്രീൻ ഹൗസുകൾ ഉണ്ടാക്കി ഒരു വെണ്ടയ്ക്കയോ ഒരു കയ്പ്പയ്ക്കയോ ഉണ്ടാക്കിയ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സാജു പോൾ: അതായത് ഒരു പഞ്ചായത്തിൽ മൂന്ന് ഗ്രീൻഹൗസുകൾ എന്നാണ് ബഹുമാന്യനായ മാണി സാർ ഇവിടെ പ്രഖ

്യാപിക്കുകയും അതിനായി 100 കോടി രൂപ വകയിരുത്തുകയും ചെയ്തു. ഇതിൽ താൽപ്പര്യമുള്ള കൃഷിക്കാരോട് ലിസ്റ്റ് കൊടുക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുറേ ലിസ്റ്റുകൾ ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ കൊടുത്തു. എന്റെ മണ്ഡലത്തിൽ അടുത്തകാലത്ത് ഒരു ലീഗ് ഹൗസ് ഉണ്ടായതല്ലാതെ ഗ്രീൻഹൗസ് ഉണ്ടായതായി യാതൊരു വിവരവുമില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഒരിടത്തും ഗ്രീൻഹൗസ് ഉണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറയരുത്. എന്റെ നിയോജകമണ്ഡലമായ താനൂരിൽ ഗ്രീൻഹൗസുകൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ കഴിഞ്ഞു. അതിന്റെ തുടക്കമെന്നുള്ളനിലയിൽ ഗ്രീൻ ഹൗസുകൾക്കാവശ്യമായിട്ടുള്ള സീഡ്സ് ഉണ്ടാക്കുന്നതിനുവേണ്ടി ഗ്രീൻഹൗസ് പൂർണ്ണമാക്കി അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകഴിഞ്ഞു. ഗ്രീൻഹൗസ് എന്നുപറയുന്ന സംവിധാനം ആരംഭിച്ചിട്ടില്ലെന്ന് പറഞ്ഞത് തിരുത്തേണ്ടതാണ്.

ശ്രീ. സാജു പോൾ: സ്വന്തം നിലയിൽ പലരും ഗ്രീൻഹൗസുകൾ ഉണ്ടാക്കിയിട്ടുണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ, ബഹുമാനപ്പെട്ട മന്ത്രി ഒക്കൽ ഫാം സന്ദർശനം നടത്തുകയും ജില്ലയ്ക്ക് വേണ്ടിയുള്ള ഒരു മാതൃകാ ഗ്രീൻഹൗസ് 10 ലക്ഷം രൂപ മുടക്കി അവിടെ സ്ഥാപിക്കുകയും ചെയ്യുമെന്ന് പറഞ്ഞിട്ട് ഇതുവരെ അതിനുവേണ്ടി ഏറ്റെടുത്ത സ്ഥലത്ത് പുല്ലുചെത്തിയിട്ടുപോലുമില്ല. അദ്ദേഹം ഈ ഫാം ഹൗസും പൗൾട്രി ഫാമും കാർഷിക സർവ്വകലാശാലയുടെ ഓടക്കാലിയി

ലുള്ള ഇഞ്ചിപ്പുൽ ഗവേഷണ കേന്ദ്രവുമൊക്കെ സന്ദർശിച്ചു. അക്കാര്യത്തിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. അങ്ങനെ അദ്ദേഹം അവിടെ വന്നുവെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. എന്നുവച്ച്, ഒരു ചായക്കടയിൽ ചെന്നാൽ പാത്രവും ഗ്ലാസും കൊണ്ടുവച്ചിട്ട് എന്തെങ്കിലും കാര്യമുണ്ടോ; ഭക്ഷണം കിട്ടണ്ടേ? ഈ പദ്ധതി യാഥാർത്ഥ്യമാക്കണ്ടേ? ബഹുമാന്യനായ മാണി സർ ആധുനികവത്കരണത്തിന്റെ ഭാഗമായി ഗ്രീൻഹൗസുകൾ കൊണ്ടുവന്ന് കേരളത്തിലെ കാർഷിക മേഖലയെ സമ്പുഷ്ടമാക്കാനുള്ള ശ്രമം നടത്തുന്നതിൽ ഞങ്ങൾക്ക് യാതൊരു തർക്കവുമില്ല. അത് ഗുണകരമായൊരു പദ്ധതിയാണെങ്കിൽ നടപ്പിലാക്കണ്ടേ? പക്ഷേ തേൻ തേൻ എന്നെഴുതി നക്കിയാൽ പോരല്ലോ തേൻ തന്നെ വേണ്ടേ? ഇതാണ് അക്കാര്യത്തിൽ ഞങ്ങൾക്ക് ചോദിക്കാനുള്ളത്.

ശ്രീ. വി. എസ്. സുനിൽകുമാർ: അങ്ങ് വിത്തിനെപ്പറ്റിയുള്ള ഗൗരവമായ ചർച്ചയാണ് ഇവിടെ നടത്തിയത്. ബഹുമാനപ്പെട്ട ഗവൺമെന്റ് ഇവിടെ കൊണ്ടുവന്നിരിക്കുന്ന പോളിഹൗസുകളിൽ നാടൻ വിത്തുകൾ മുളച്ചുകഴിഞ്ഞാൽ പോളിനേഷൻ നടക്കാനുള്ള സംവിധാനം അതിനകത്തില്ല. അപ്പോൾ നാടൻ വിത്തുകൾ മുളയ്ക്കാത്ത, മുളച്ചാൽ തന്നെ കായ്ഫലമുണ്ടാകാത്ത ഈ പോളിഹൗസുകളിലേയ്ക്കാണ് അങ്ങ് നേരത്തെ സൂചിപ്പിച്ച ഹൈബ്രീഡ് വിത്ത് കമ്പനികൾ കടന്നുവരുന്നത്. നമ്മുടെ കേരളത്തിലെ കാർഷിക സർവ്വകലാശാലയോ വി.എഫ്.പി.സി.കെ-യോ പോലെയുള്ള സ്ഥാപനങ്ങളോ ഈ പോളീഹൗസുകൾക്കാവശ്യ

മായ തനതായ വിത്തുകൾ അതായത് ഹൈബ്രീഡ് വിത്തുകൾ ഉൽപ്പാദിപ്പിക്കുവാനുള്ള യാതൊരു ശ്രമവും നടത്തുന്നില്ല. അവിടെയാണ് സ്വയം പോളിനേഷൻ നടത്തിയിരിക്കുന്ന വിത്തുകൾ അന്തകവിത്തുകൾ എന്ന പേരിലറിയപ്പെടുന്ന വിത്തു കമ്പനികൾ ആയിരക്കണക്കിന് രൂപയുടെ വിത്തുകൾ നമ്മുടെ കേരളത്തിൽ വ്യാപകമായി ഇറക്കാൻ ശ്രമിക്കുന്നുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സാജു പോൾ: അക്കാര്യം ഞാൻ മുമ്പ് സൂചിപ്പിച്ചിരുന്നു. വിത്തും വെള്ളവും കഴിഞ്ഞ് ഉൽപ്പാദനരംഗത്തേയ്ക്ക് എത്തിയ സാഹചര്യത്തിൽ ഇനി ഇവിടെ സൂചിപ്പിക്കുവാനുള്ളത് ഇതിന്റെ വിപണനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. കേരളത്തിലെ ഏതെങ്കിലും ഒരു കാർഷിക വിളയ്ക്ക്,........ ബഹുമാന്യനായ ശ്രീ. പി.സി. ജോർജിന് പോലും കൃഷിയെക്കുറിച്ച് പറയുന്നത് വളരെ അരോചകമായി തോന്നുന്നുവെങ്കിൽ വിശപ്പടക്കാൻ എല്ലാവർക്കും ഇത് കഴിക്കണമല്ലോ? ഞാൻ എട്ടുദിവസം നിരാഹാരം കിടന്നവനാണ്. എനിക്ക് ഒന്നും സംഭവിച്ചില്ല. അപ്പോൾ നമുക്ക് ഉണ്ണാനും കുടിക്കാനുമുള്ള കാര്യങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. നമ്മുടെ നാളികേരത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്?

ശ്രീ. പി. സി. ജോർജ്: ശ്രീ. സാജുപോൾ എന്ത് മിണ്ടിയാലും പി.സി. ജോർജ് എന്നാണ് പറയുന്നത്. ഞാൻ എഴുതിത്തരാം വായിച്ചുകൊണ്ട് കിടന്ന് ഉറങ്ങൂ, .............ഇപ്പോൾ എന്ത് മിണ്ടിയാലും പി.സി. ജോർജ്............ ഞാനും ഒരു കൃഷിക്കാരനാണ്. ശ്രീ. സാജു പോൾ ഇപ്പോൾത്തന്നെ ഒരാ

റേഴ് പ്രാവശ്യമായി പി.സി.ജോർജെന്ന് ഇവിടെ പറയുന്നു. ഒരുകാര്യം ചെയ്യ്, ലുത്തിനിയപോലെ ചൊല്ലിക്കോ......അപ്പോൾ എളുപ്പമുണ്ടല്ലോ?

ശ്രീ. സാജു പോൾ: സർ, കൃഷിക്കാരുടെ ഒരു സ്വഭാവമെന്താണ്? എത്ര വിത്തിട്ടാലും വിളവുണ്ടാകാത്ത മണ്ണിലാണെങ്കിൽപ്പോലും അവൻ പോകുമ്പോൾ ഒരുപിടി വിത്ത് അവിടെ വിതറിനോക്കും. എത്ര കേട്ടാലും നന്നാകാത്ത ആളാണെങ്കിൽപ്പോലും എന്തെങ്കിലുമൊരു മാറ്റം, എപ്പോഴെങ്കിലും അദ്ദേഹത്തിനുണ്ടാവട്ടേയെന്ന് വിചാരിച്ചാണ് പറയുന്നത്. പണ്ട് ആപ്പിൾ തലയിൽ വീണപ്പോൾ ഒരു ശാസ്ത്രജ്ഞനുണ്ടായില്ലേ; അപ്പോൾ സാജുപോളിന്റെ ഈ ചെറു പ്രഭാഷണത്തിലെ എന്തെങ്കിലും ഒരു കുസൃതി പരാമർശത്തിൽ ഒരു മനുഷ്യൻ എപ്പോഴെങ്കിലും ഒന്ന് രക്ഷപ്പെടുകയോ ഉയർത്തെഴുന്നേൽക്കുകയോ ചെയ്യുകയാണെങ്കിൽ അത് നല്ലതല്ലേ? ഇവിടെ ആടുകളുടെ ജീവിത്തെക്കുറിച്ച് പറഞ്ഞില്ലേ; 100 ആടുള്ളതിൽ 99 എണ്ണം കൂട്ടംതെറ്റിപ്പോയാലും ഒന്നിനെ തിരികെ കൊണ്ടുവരാനുള്ള ഒരിടയന്റെ സഹജമായ, നിഷ്കളങ്കമായ, ആത്മാർത്ഥമായ ഒരു പരിശ്രമത്തിന്റെ ഭാഗമാണിത്. അദ്ദേഹം അവിടെ പുകഞ്ഞ്, വീർത്തിരിക്കുകയാണ്. അദ്ദേഹം അസ്വസ്ഥ  ഹൃദയനാണ്, അദ്ദേഹം ചഞ്ചലചിത്തനാണ്. അപ്പോൾ ആ ചാഞ്ചല്യം എപ്പോഴെങ്കിലും ഈ നാട്ടിലെ ആളുകൾക്ക് ഗുണകരമായി തീരുമോ?

ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹത്തിന് ഒരു അസ്വസ്ഥതയുമില്ല. അദ്ദേഹം വളരെ സന്തോഷവാനാണ്.

ശ്രീ. സാജു പോൾ : മാത്രമല്ല, കേരളത്തിലെ ചാനലുകളിലൊന്നും ഒരു ചർച്ചയ്ക്കും അദ്ദേഹത്തെ വിളിക്കുകയില്ല. എല്ലാ ചാനലിലും നിറ ഞ്ഞുകഴിഞ്ഞു. സി.എൻ.എൻ.-ലോ ബി.ബി.സി.-യിലോ അദ്ദേഹം പോയിട്ട് യാതൊരു കാര്യവുമില്ല. അവിടെ പോയി എന്ത് പറയാനാണ്? ഈ പ്രസംഗത്തിലൂടെ അദ്ദേഹത്തിന് എന്തെങ്കിലും പ്രയോജനമുണ്ടാവു കയാണെങ്കിൽ ഉണ്ടാകട്ടേ എന്നോർത്ത് ഞാൻ പറയുകയാണ്. ഞാൻ വളരെ ഗൗരവമായി പറയുകയാണ്. നമ്മുടെ നാളികേരം, റബ്ബർ, അട യ്ക്ക, ഇഞ്ചി, ഏലം എന്നീ നാണ്യവിളകളുടെ ഇപ്പോഴത്തെ സ്ഥിതിയെ ന്താണ്? ആസിയാൻ കരാർ വന്നാൽ എന്ത് കുഴപ്പമാണ് ഉണ്ടാകുവാൻ പോകുന്നത്; ആണവക്കരാറിൽ ഇന്ത്യ ഒപ്പിട്ടാൽ എന്താണ് പ്രശ്നമെന്ന് ഇവിടെ ഒരുപാട് ആളുകൾ ചോദിച്ചില്ലേ? ആസിയൻ കരാറുമായി ബന്ധ പ്പെട്ട് ഇപ്പോൾ കേരളത്തിന്റെ സ്ഥിതി എന്താണ്? നാളികേരത്തിന് 3 രൂപ; കോഴി മുട്ടയ്ക്ക് നാലര രൂപ; ഇതാണ് കേരളത്തിലെ അവസ്ഥ. ഞാൻ ഒരു റബ്ബർ കർഷകനാണ്. പാലായിലെ നല്ല ഒന്നാന്തരം നഴ്സറികളിൽ നിന്നും കൊണ്ടുവന്ന റബ്ബർ കുന്നും മലയും കയറി കിളച്ചുചവിട്ടി കുഴി താഴ്ത്തി വച്ചുപിടിപ്പിച്ച് ഒരു റബ്ബർ വച്ചാൽ മൂന്ന് വർഷമെങ്കിലും..... അതിന്റെ അനാവശ്യ മുളകളൊക്കെ നുള്ളിക്കളഞ്ഞ് 20 ഇഞ്ച് വണ്ണം വയ്പ്പിക്കാൻ വേണ്ടി, കയ്യോ കാലോ വളരുന്നതെന്ന് സൂക്ഷ്മമായി നിരീ ക്ഷിച്ച് .......അങ്ങനെയാണ് റബ്ബർ വളർത്തുന്നത്. ആളുകൾ നോക്കു മ്പോൾ ഒരു കുന്നുംപുറം മുഴുവൻ റബ്ബർ. വല്ല കുഴപ്പവുമുണ്ടോ? റബ്ബർ

മരങ്ങൾ നിൽക്കുന്നത് കാണാൻ എന്ത് ഭംഗിയാണ്. മൊട്ടക്കുന്നാണെങ്കിൽ കോണ്ടൂർ ലൈനടിക്കുന്നു, നിരപ്പുള്ള സ്ഥലമാണെങ്കിൽ 15 അടി വീതം അകലത്തിൽ റബ്ബർ വയ്ക്കുന്നു. റബ്ബർ കർഷകൻ പോകുന്നത് കണ്ടാൽ എന്തൊരു ഗംഭീരമാണ്. പക്ഷേ അതിന്റെ പിന്നിലുള്ള വലിയ അദ്ധ്വാനമുണ്ട്. 2011 മെയ് മാസത്തിൽ 234 രൂപ 50 പൈസയായിരുന്നു റബ്ബറിന്റെ വില. ഇന്നത്തെ വില .....

<u>ശ്രീ. പി. സി. ജോർജ്</u>: റബ്ബർ കർഷകന്റെ ബുദ്ധിമുട്ട് പറയുന്നത് കേട്ടപ്പോൾ സന്തോഷം തോന്നി. അങ്ങനെ റബ്ബർ വച്ച പാവപ്പെട്ടവനെ അടിച്ച് ഇറക്കരുതെന്നാണ് പി. സി. ജോർജ് പറയുന്നത്. മനസ്സിലായോ?

<u>ശ്രീ. സാജു പോൾ</u>: നെല്ലിയാമ്പതിയും ഇതും തമ്മിൽ കൂട്ടിക്കുഴയ്ക്കേണ്ട കാര്യമില്ല. അതു നമുക്ക് വേറെയെടുക്കാം. എന്നാൽ ഈ താപ്പിന് നെല്ലിയാമ്പതികൂടി കിടക്കട്ടെ എന്ന് തീരുമാനിച്ചങ്ങനെ പോകേണ്ട കാര്യമില്ല. ആദ്യം അപ്പുറത്തിരിക്കുന്ന ആളുകളെ അതൊന്ന് പറഞ്ഞ് ബോധ്യപ്പെടുത്തണം. ബഹുമാന്യനായ സഖാവ് പി. ആർ. ശിവൻ എന്റെ മുൻഗാമി ഈ സഭയിൽ പണ്ട് പറഞ്ഞിട്ടുണ്ട്, "തനിക്ക് തിന്നാൻ തവിടില്ലാത്തവൻ നായയ്ക്ക് തിന്നാൻ തവിട് അന്വേഷിക്കരുത്" എന്ന്. അപ്പുറത്തിരിക്കുന്നവർക്ക് ആദ്യം അതൊന്ന് പറഞ്ഞ് മനസ്സിലാക്കി കൊടുക്കുക. അവിടിപ്പോൾ ഹരിതവാദിയുമൊക്കെയായിട്ടുള്ള കുറെ ആളുകൾ രംഗത്തുണ്ടല്ലോ? അവരെ അതൊന്ന് ബോധ്യപ്പെടുത്തിയതിനു ശേഷം നമുക്ക് ആ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യാം. ഞാൻ സൂചിപ്പി

ച്ചത്, 2011 മെയ് മാസത്തിൽ 234 രൂപ 50 പൈസയായിരുന്ന റബ്ബറിന്റെ വില 2012 നവംബർ മാസത്തിൽ 175 രൂപ 50 പൈസയായി. ഇപ്പോൾ 2012 ഡിസംബർ മാസം, ഇന്നത്തെ വില 155 രൂപയാണ്; ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? എന്നുപറഞ്ഞാൽ ഒരു വർഷത്തിനുള്ളിൽ 79 രൂപ കുറഞ്ഞു; ആനുപാതികമായി ഒട്ടുപാലിന്റെ വിലയും കുറഞ്ഞു. കഴിഞ്ഞ വർഷത്തെ ഇന്ത്യയിലെ റബ്ബർ ഉൽപ്പാദനമെന്നുപറയുന്നത് 9,03,700 ടണ്ണാണ്. ആ 9,03,700 ടൺ റബ്ബറിന്റെ 90 ശതമാനവും കേരള ത്തിലാണ് ഉൽപ്പാദിപ്പിക്കപ്പെട്ടതെന്നുപറഞ്ഞാൽ ഈ കേരളത്തിലെ റബ്ബർ കർഷകർക്കുമാത്രം കഴിഞ്ഞ ഒരു വർഷം കൊണ്ട് 8000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഈ അദ്ധ്വാനവർഗ്ഗ സിദ്ധാന്തവും അതുപോലെ കർഷകരുടെ രക്ഷയ്ക്കുവേണ്ടിയുള്ള ആ മനസ്സുമൊക്കെയായി നട ക്കുന്ന പ്രസ്ഥാനങ്ങൾ ഉൾപ്പെടെ ലണ്ടനിൽ കൊണ്ടുപോയി സായി പ്പന്മാർക്ക് കൊടുത്തു, അദ്ധ്വാനവർഗ്ഗ സിദ്ധാന്തം. എന്താണ് കൊടുത്തത്? ഡോ. ടി. എം. തോമസ് ഐസക്കിന്റെ ‘മണ്ണും മനുഷ്യനും’ എന്നുപറ യുന്ന പുസ്തകം മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലാക്കി അവിടെ കൊണ്ടു പോയി കൊടുത്തിട്ട് അദ്ധ്വാനവർഗ്ഗ സിദ്ധാന്തം പ്രസംഗിക്കുന്നു. ഈ 8000 കോടി രൂപ നഷ്ടപ്പെട്ടതിന്റെ സിദ്ധാന്തമെന്താണ്? ഈ പറഞ്ഞ ആളുകൾ പാലാ, പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട എന്നീ സ്ഥല ങ്ങളിലുള്ളവരാണ്. അവിടെ നിന്ന് ദിവസവും 700 ലോഡ് റബ്ബർ തടി

യാണ് എന്റെ നാടായ പെരുമ്പാവൂരിലേയ്ക്ക് വരുന്നത്. ഇത് സംസ്ക്കരിക്കുന്നത് ഞങ്ങളാണ്.

ശ്രീ. പി. സി. ജോർജ്: അതും നിങ്ങൾ ചൂഷണം ചെയ്യുന്നുണ്ടല്ലോ; ആ തടികൊണ്ടുവരുമ്പോൾ അതിനകത്തും കച്ചവടമല്ലേ നടന്നുകൊണ്ടിരിക്കുന്നത്; കഴിഞ്ഞ കൊല്ലം ഞാനല്ലേ വഴക്കുണ്ടാക്കി പ്രശ്നം തീർത്തത്?

ശ്രീ. സാജു പോൾ: ആ തടി സംരക്ഷിക്കുന്നതിന്റെ 'തടി'യാണ് ഈ 'തടി'. അതാണ് ആദ്യം മനസ്സിലാക്കേണ്ടത്. ഞങ്ങൾ റബ്ബർ തടി സംസ്ക്കരിച്ച്, പ്ലൈവുഡാക്കി, പാതിരായ്ക്ക് നിങ്ങളെ നോക്കിനിന്ന് കച്ചവടം ചെയ്ത് എത്ര കൂട്ടരോടാണ്........ യൂറിയ പിടിച്ചു, അത് ഞങ്ങൾക്ക് പ്രശ്നമായി. സഖാവ് എളമരം കരീമിനും ശ്രീ. കെ. ബാബുവിനും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് സാഹിബിനും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനുമൊക്കെ അറിയാവുന്ന കാര്യമാണ്, റബ്ബർ തടി ഒട്ടിച്ച് പ്ലൈവുഡാക്കിയെടുക്കാനുള്ള പശയുണ്ടാക്കണമെങ്കിൽ യൂറിയ വേണമെന്നുള്ളത്. ഇവിടെ അഗ്രികൾച്ചർ പർപ്പസിനുള്ള യൂറിയയല്ലാതെ ഇൻഡസ്ട്രിയൽ പർപ്പസിനുള്ള യൂറിയ ഇല്ല. ശ്രീ. വി. ഡി. സതീശനാണ് നിയമസഭയിൽ യൂറിയയുടെ പ്രശ്നം കൊണ്ടുവന്നത്. യൂറിയ പോയാൽ പ്രശ്നം, കറണ്ട് പോയാൽ പ്രശ്നം, സെയിൽസ് ടാക്സുകാരുടെ വിഷയം, പോലീസിന്റെ പീഡനം, മോട്ടോർ വെഹിക്കിൾ, ഇലക്ട്രിസിറ്റി ബോർഡ്, പൊലൃൂഷൻ കൺട്രോൾ ബോർഡ്, ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ഇവരോടെല്ലാം മല്ലടിച്ചാണ് ഈ പാവങ്ങൾ ജീവിക്കുന്നത്. 700 ലോഡ് റബ്ബർ തടി

നിങ്ങൾ പെരുമ്പാവൂരിന് അയയ്ക്കേണ്ട, കൊണ്ടുവരേണ്ട. ആർക്കാണ് കുഴപ്പം? ഞങ്ങൾ ആരെങ്കിലും പറഞ്ഞിട്ടാണോ ഇങ്ങോട്ട് കൊണ്ടുവരുന്നത്; ഞങ്ങളാരും പറഞ്ഞില്ലല്ലോ? നിങ്ങൾ ഇനിയും റബ്ബർ തടി കൊണ്ടുവരണം. ഞങ്ങൾ ഇനിയും പ്ലൈവുഡുണ്ടാക്കാം. അത് വടക്കേ ഇന്ത്യയിലേയ്ക്ക് കൊടുക്കാം. ഡോ. ടി. എം. തോമസ് ഐസക്കിന്റെ 2006-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്, 2004-2005 വർഷത്തിൽ 6 കോടി രൂപ കിട്ടിയ സ്ഥാനത്ത് 51 കോടി രൂപ പ്ലൈവുഡ് വ്യവസായികൾ കേരളത്തിന്റെ ഖജനാവിലേയ്ക്ക് കൊടുത്തിട്ടുണ്ട്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്ലൈവുഡ് മേഖലയിൽ വ്യാപകമായ ചൂഷണവും നിയമനിഷേധവും പൊല്യൂഷനും അതുപോലെയുള്ള എല്ലാ പ്രശ്നങ്ങളുമുണ്ട്. ഒരു സ്വയംഭരണ പ്രദേശമെന്ന നിലയിൽ ഒരു ഇൻസ്പെക്ഷൻ പോലും അവർ സംഘടിതമായ ശക്തിയുപയോഗിച്ച് നടത്താറില്ല. ഇവരെ സംരക്ഷിക്കുന്നതാര് എന്നുള്ളതാണ് അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ആരാണ് സംരക്ഷിക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. രാജു എബ്രഹാം: റബ്ബർ തടി പെരുമ്പാവൂർക്ക് കൊടുക്കുന്നതിനേക്കാൾ കൂടുതൽ ലാഭമാണ് തമിഴ്നാട്ടിൽ കൊണ്ടുകൊടുത്താൽ കിട്ടുന്നത്. ഞങ്ങൾ ഇതിനെതിരെ ഒരു വലിയ നീക്കം നടത്തിയപ്പോൾ അന്ന് ശ്രീ. സാജു പോളുമൊക്കെ വലിയൊരു പ്രക്ഷോഭണത്തിലേയ്ക്ക് വന്നു. അവിടത്തെ നാട്ടുകാരായിരുന്നു അന്ന് അവിടെ തൊഴിൽ ചെയ്തി

രുന്നത്. പക്ഷേ ഇന്ന് മുഴുവൻ ബംഗ്ലാദേശുകാരാണ്. ഇന്നത്തെ മാറിയ സാഹചര്യത്തിൽ കുറച്ച് തടി തമിഴ്നാട്ടിലേയ്ക്ക് കൊടുത്താൽ ഈ കൃഷിക്കാരുടെ ആത്മഹത്യയും കുറയും, കുറെ റബ്ബർ കൃഷിക്കാർ രക്ഷപ്പെടുകയും ചെയ്യും. അതിനെപ്പറ്റി നിങ്ങൾ ആലോചിക്കുമോ?

ശ്രീ. സാജു പോൾ: അന്ന് ശ്രീ. രാജു എബ്രഹാം ഉൾപ്പെടെയുള്ള തെക്കൻ മേഖലയിലെ എം.എൽ.എ.മാർ ഇടപെട്ടാണ് കേരളത്തിന് വെളിയിലേയ്ക്ക് കൊണ്ടുപോകാൻ പാടില്ലാത്ത സോഫ്റ്റ് വുഡ് ഇനത്തിൽ റബ്ബർ ഉണ്ടായിരുന്നത് ഒഴിവാക്കിയാണ് റബ്ബർ തടി വിട്ടത്. ഞാൻ പറയുന്നത് ഈ 800 ലോഡ് റബ്ബർ തടി നിങ്ങൾ പെരുമ്പാവൂരിലേയ്ക്ക് കൊണ്ടുവരുമ്പോൾ ഒരു പത്തുനൂറ് ലോഡ് തമിഴ്നാട്ടിലേയ്ക്ക് വിട്ടുകൊള്ളൂ, ആരാണതിന് തടസ്സം പറഞ്ഞത്; ആരെങ്കിലും അതിന് വിരോധം പറഞ്ഞോ? ബഹുമാന്യനായ ഷിബു ബേബി ജോൺ പറഞ്ഞത്, വലിയ സമരവും കാര്യങ്ങളുമൊക്കെ കളക്ടറേറ്റിനു മുന്നിൽ നടക്കുന്നുണ്ട്, ഞങ്ങൾ ജനപ്രതിനിധികളെല്ലാം ഇതിൽ ഇടപെട്ടിട്ടുണ്ട്, ഒരു കാരണവശാലും നിയമപരമായ കാര്യങ്ങൾ പാലിക്കാതെ, ലൈസൻസുകളില്ലാതെ, തെറ്റായ രീതിയിൽ...... ഇപ്പോൾ വനം വകുപ്പുമായി ബന്ധപ്പെട്ട സി-ഫോമിന്റെ വിഷയം, സുപ്രീം കോടതി വിധിയാണ്. അതിന് എമ്പവേഡ് കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് എൻ.ഒ.സി. കൊടുക്കാൻ സാധിക്കുകയില്ല. സെയിൽസ് ടാക്സ്, ഇന്റർ സ്റ്റേറ്റ് വിൽപ്പന ഉൾപ്പെടെയുള്ള കാര്യ

ങ്ങൾക്കാണ് സി-ഫോം കൊടുക്കേണ്ടത്. ഇങ്ങനെ നിരവധി പ്രശ്നങ്ങളാണ്. ഈ റബ്ബർ തടി സംസ്ക്കരിക്കപ്പെട്ടില്ലെങ്കിൽ റബ്ബർ കർഷകർക്ക് ന്യായമായ വില ആര് കൊടുക്കും; ഈ വ്യവസായങ്ങൾ തമിഴ്നാട്ടിലേയ്ക്ക് പോയി ഇവിടത്തെ വ്യവസായം നശിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ ഈ റബ്ബർ തടി ആര് സംസ്ക്കരിക്കും? ഏതാണ്ട് 700-ലോഡിനും 1000-ലോഡിനുമിടയ്ക്ക് റബ്ബർ തടി ദിവസേന പെരുമ്പാവൂരിലേയ്ക്ക് കൊണ്ടുവരികയാണ്. ലക്ഷത്തോളം വരുന്ന അന്യസംസ്ഥാനത്തൊഴിലാളികൾ കേന്ദ്രീകരിക്കുകയാണ്. അവർക്കാവശ്യമായ സൗകര്യങ്ങൾ നൽകാതെ മലിനീകരണ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ടെങ്കിൽ നടപടി സ്വീകരിക്കണം. ആ കാര്യത്തിൽ ഒരു തർക്കവുമില്ല. 17-ാം തീയതി മുതൽ പ്ലൈവുഡ് കമ്പനികൾ അടച്ചിടാനായി അവിടത്തെ പ്ലൈവുഡ് മാനുഫാക്ച്ചേഴ്സ് അസോസിയേഷൻ തീരുമാനിച്ചിരിക്കുകയാണ്. അത് സംബന്ധിച്ച് ഗവൺമെന്റ് ജില്ലാ കളക്ടറുടെയോ ആരുടെയെങ്കിലും ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ട് ഇതിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഞാൻ ലേബർ ഡിപ്പാർട്ടുമെന്റിന്റേയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെയുമൊന്നും പേര് പറഞ്ഞില്ലെന്നേയുള്ളൂ. പെരുമ്പാവൂരിലേയ്ക്ക് വരുന്ന ലോറികൾ ഓടിക്കുന്നവർ മുഴുവനും ബംഗ്ലാദേശുകാരാണോ; അതിലെ ക്ലീനർമാർ മുഴുവൻ ബംഗ്ലാദേശുകാരാണോ; ഈ റബ്ബർ തടി വെട്ടിക്കയറ്റുന്നവർ മുഴുവൻ ബംഗ്ലാദേശുകാരാണോ?

ശ്രീ. കെ. എം. ഷാജി: പ്ലൈവുഡ് മേഖലകളിൽ നേരത്തെ മന്ത്രി പറഞ്ഞതുപോലത്തെ പ്രശ്നങ്ങളുണ്ടെങ്കിൽപ്പോലും ഏറ്റവും കൃത്യമായി ടാക്സ് അടയ്ക്കുന്ന വിഭാഗങ്ങളിൽപ്പെട്ട ഒരു വിഭാഗമാണ് പ്ലൈവുഡ് മുതലാളിമാർ. പെരുമ്പാവൂരിലും അതുപോലെതന്നെ വളപട്ടണത്തുമൊക്കെ വന്നിരിക്കുന്ന ഏറ്റവും വലിയ ഒരു ഇഷ്യൂവാണിത്. ഒരു ബോഗസ് ബില്ലുണ്ടാക്കിയെന്നു പറഞ്ഞ് എത്രയോ വർഷങ്ങൾ കഴിഞ്ഞിട്ടും അവരെ പീഡിപ്പിക്കുന്ന ഒരു വിഷയം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സാജു പോൾ......

ശ്രീ. സാജു പോൾ: സർ, ഞാൻ 10 മിനിറ്റിനകം തീർത്തോളാം. പ്രധാനപ്പെട്ട പ്രശ്നമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: 32 മിനിറ്റായി.

ശ്രീ. സാജു പോൾ: ഞാൻ മാത്രമല്ലേ സംസാരിച്ചുള്ളൂ. ദയവായി ഒരു പത്തുപതിനഞ്ച് മിനിറ്റിനുള്ളിൽ തീർക്കാം. ഈ പറഞ്ഞ സി-ഫോം, എൻ.ഒ.സി., യൂറിയ, സെയിൽസ് ടാക്സ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ്, ലേബർ ഡിപ്പാർട്ടുമെന്റ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, ഇലക്ട്രിസിറ്റി ബോർഡ്, പോലീസ് ഇതെല്ലാം ഇഷ്യൂവായിട്ടുള്ള കാര്യങ്ങളാണ്. ഞാൻ മാത്രമല്ല, ബഹുമാന്യനായ യു.ഡി.എഫ് കൺവീനർ തന്നെ പെരുമ്പാവൂർകാരനാണല്ലോ? കക്ഷിരാഷ്ട്രീയ ഭേദമന്യേ പെരുമ്പാവൂർ,

കോഴിക്കോട് കല്ലായി അതുകഴിഞ്ഞാൽ ഏറ്റവും വലിയ മര വ്യവസായ കേന്ദ്രമായ വളപട്ടണമുൾപ്പെടെയുള്ള സ്ഥലങ്ങൾ വ്യവസായ കേന്ദ്രങ്ങളായി മാറി. റയോൺസ് കമ്പനി തുറന്നുപ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ അല്ലെങ്കിൽ അതിന്റെ പുനരുദ്ധാരണത്തിൽ ഞങ്ങൾ എല്ലാവരുടെയും സഹായമുണ്ടായിരുന്നു. ബഹുമാന്യനായ പി. സി. ജോർജിനറിയാം, സഖാവ് കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോൾ റബ്ബർ തടി കൊണ്ടുവരുന്നതുമായ ചില പ്രശ്നങ്ങളുണ്ടായപ്പോൾ ഞങ്ങൾ ആ കാര്യത്തിൽ ഇത് നിയമപരമായിത്തന്നെ നടക്കുന്നതിനും അതോടൊപ്പം ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനും പെരുമ്പാവൂരിലെ രാഷ്ട്രീയ നേതാക്കൾ, ട്രേഡ് യൂണിയൻ ഭാരവാഹികൾ, ജനപ്രതിനിധികൾ ഞങ്ങൾ ഒറ്റക്കെട്ടായിത്തന്നെയാണ് നിൽക്കുന്നത്. അതിൽ യാതൊരുവിധ അഭിപ്രായ വ്യത്യാസങ്ങളുമില്ല.

<u>ശ്രീ. പി. സി. ജോർജ്</u> : ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ചോദിച്ച ഒരു ചോദ്യമുണ്ട്. യൂറിയ എന്ന് പറയുന്ന വളമുണ്ടാക്കേണ്ട സാധനമെടുത്തുകൊണ്ടുപോയി നിങ്ങൾ പശയാക്കുന്നത് മര്യാദയാണോ? അതൊരു വഞ്ചനയല്ലേ? അതിന് കൂട്ടു നിൽക്കുന്നത് മര്യാദയാണോ? അക്കാര്യം എന്താണ് ഇവിടെ ചർച്ച ചെയ്യാത്തത്? നിങ്ങളുടെ ഇടതുപക്ഷ ഭരണകാലത്തല്ലേ അത് മുഴുവൻ ചെയ്തത്?

<u>ശ്രീ. സാജു പോൾ :</u> ഈ പറയുന്ന പ്രശ്നം വന്നതിനുശേഷം ഇൻഡസ്ട്രിയൽ പർപ്പസിനുള്ള യൂറിയ വിദേശ രാജ്യങ്ങളിൽ നിന്നും ഇറ

ക്കുമതി ചെയ്തിട്ടാണ് ഇപ്പോൾ പശയുണ്ടാക്കുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ കീഴിലുള്ള പ്ലൈവുഡ് ക്ലസ്റ്ററിന്റെ കീഴിൽ അങ്കമാലിയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ശ്രീ. ജോസ് തെറ്റയിലിന്റെ മണ്ഡലത്തിൽ അതിന്റെ കമ്പനിയുണ്ട്. നിങ്ങൾക്ക് പോയി പരിശോധിക്കാം. ഇൻഡസ്ട്രിയൽ പർപ്പസിനുള്ള യൂറിയ ഇന്ത്യയിലേയ്ക്ക് ആദ്യമായി ഇറക്കുമതി ചെയ്തത് ആ ക്ലസ്റ്ററിനുവേണ്ടിയാണ്. ഇതൊക്കെ വസ്തുതയായ കാര്യങ്ങളാണ്. അതിൽ തർക്കമുണ്ടെങ്കിൽ നമുക്ക് പരിഹരിക്കാം. ഞാൻ സൂചിപ്പിച്ചത് 8,000 കോടി രൂപ റബർ കർഷകർക്ക് നഷ്ടപ്പെട്ടു. അതുപോലെ തന്നെ തേങ്ങയുമായി ബന്ധപ്പെട്ട് 9 രൂപയായിരുന്നത് 3 രൂപയായി. ഇന്ത്യയിലെ തേങ്ങ ഉൽപ്പാദനത്തിന്റെ 40% കേരളത്തിലായിരുന്നു. 5287 ദശലക്ഷം തേങ്ങ ഉൽപ്പാദിപ്പിച്ചിരുന്നിടത്ത് ഈ വിലത്തകർച്ച മൂലം 1700 കോടി രൂപ നമുക്ക് നഷ്ടപ്പെടുന്നു. എന്താണ് കാരണം? ഇറക്കുമതി ചുങ്കത്തിന്റെ പ്രശ്നമാണ്. പാമോയിൽ ഇറക്കുമതി ചെയ്യാൻ പ്രോത്സാഹനമാണ് കൊടുക്കുന്നത്. 20% ആയിരുന്നത് 7% ആയി കുറഞ്ഞു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : കേരളത്തിന്റെ പേര് തന്നെ വന്നത് തേങ്ങ ഉൽപ്പാദിപ്പിക്കുന്നതുകൊണ്ടാണല്ലോ? സാധാരണഗതിയിൽ തേങ്ങയുടെ വില കുറയുമ്പോൾ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ താങ്ങുവില നിശ്ചയിക്കാറുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്

ഇവിടെ ഭരിക്കുമ്പോൾ അന്ന് താങ്ങുവില കൊപ്രയ്ക്ക് 5100 രൂപയും ഉണ്ടയ്ക്ക് 6100 രൂപയും നിശ്ചയിച്ചുകൊണ്ട് സഹകരണ ബാങ്കുകൾ മുഖേന സംഭരിക്കുവാൻ വേണ്ടിയുള്ള സംവിധാനമുണ്ടാക്കി. ഇപ്പോൾ ആ സംഭരണം ആകെ തകർത്തു. കേരളത്തിൽ ഏറ്റവും കൂടുതൽ തേങ്ങ യുണ്ടാകുന്ന ജില്ലയാണ് കോഴിക്കോട്. കഴിഞ്ഞ ഡി.ഡി.സി. യോഗത്തിൽ എത്ര സംഭരണ കേന്ദ്രങ്ങളുണ്ടെന്ന് ചോദിച്ചു? കോഴിക്കോട് ജില്ലയിൽ ഏറ്റവും അധികം തേങ്ങയുണ്ടാകുന്നത് വടകര താലൂക്കിലാണ്. വടകര താലൂക്കിൽ ആകെ ഒരു വനിതാ സഹകരണ സംഘമാണുള്ളത്. അവരാ ണെങ്കിലോ സംഭരിക്കുന്നത് കൃഷിക്കാരിൽ നിന്നല്ല. അവർ സംഭരിക്കു ന്നത് കോഴിക്കോട് മാർക്കറ്റിൽ നിന്നുമാണ്. കൊയിലാണ്ടി താലൂക്കിൽ ഇതുപോലെ സംഭരിക്കുന്ന ഒരു സംഘമുണ്ട്. അവരും ഇങ്ങനെയാണ്, കള്ളക്കടത്താണ്. ഇപ്പോൾ തേങ്ങയ്ക്ക് ഒട്ടും വിലയില്ല. ഇപ്പോൾ ഏറ്റവും അവസാനം കൃഷി വകുപ്പുമന്ത്രി പറയുന്നത് കൃഷി ഭവൻ മുഖേന സംഭ രിക്കുമെന്നാണ്. കൃഷിഭവൻ മുഖേന തേങ്ങ സംഭരിക്കാൻ എന്ത് സംവി ധാനമാണുള്ളത്? എന്നിട്ട് പറയുകയാണ് നാടൻ മാർക്കറ്റിൽ പതിനൊന്ന് രൂപ ഒരു കിലോയ്ക്കുണ്ട്. വെള്ളം കളഞ്ഞിട്ട് കൊണ്ടു ചെന്നാൽ പതി നാല് രൂപ കിട്ടുമെന്ന്. അത് നഷ്ടമല്ലേ? വെള്ളം കളഞ്ഞാൽ അതിന്റെ തൂക്കം വീണ്ടും കുറയുമല്ലോ?. ഈ സംവിധാനമാണുള്ളത്. അക്കാര്യ ത്തെക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. സാജു പോൾ : ഇതുതന്നെയാണ് ഞാൻ പറഞ്ഞുവന്നതും. സംഭരണത്തിന്റെ കാര്യത്തിലേയ്ക്ക് ഞാൻ വരുന്നുണ്ട്. ഇപ്പോൾ ചുങ്കം കുറച്ചതുമായി ബന്ധപ്പെട്ട് .............. ആസിയാൻ കരാറിനെക്കുറിച്ച് ചോദിച്ചുവല്ലോ? എല്ലാവരും പങ്കെടുക്കുന്ന ഒരു സംവാദം വയ്ക്കട്ടേ. 2013, 2016, 2020 വർഷങ്ങളിലായി ഈ ചുങ്കമെല്ലാം എടുത്തുകളയണം. വാനിലയും കൊക്കോയും വെട്ടിയ കാര്യം ശ്രീമതി ഇ.എസ്. ബിജിമോൾ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു. വാനിലയും കൊക്കോയും വെട്ടിയതുപോലെ തെങ്ങ് വെട്ടാൻ പറ്റുമോ? ചങ്ക് പറിച്ചെടുക്കുന്നതിന് തുല്യമല്ലേ അത്? ആറേഴ് വർഷം പരിപാലിച്ച ഒരു തെങ്ങ് വെട്ടിക്കളയുക എന്ന് പറഞ്ഞാൽ ഒരു കൊക്കോയോ വാനിലയോ വെട്ടിക്കളയുന്നതുപോലെയാണോ? ഇതിനൊക്കെ നമുക്ക് വികസിത രാജ്യങ്ങളിലെപ്പോലെ സബ്സിഡി ................ ജപ്പാനിൽ 55% ആണ്. സ്വിറ്റ്സർലാന്റിൽ 69% ആണ്. ഈ സബ്സിഡി കൂട്ടി ഇപ്പോൾ തന്നെ ഒരു ലക്ഷം ഹെക്ടറിൽ നെൽകൃഷി കുറഞ്ഞു. 1.55 ലക്ഷം ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി കുറഞ്ഞു. അതുകൊണ്ട് തേങ്ങയുടെ തറവില കൂട്ടണം. പാമോയിലിന്റെ താരിഫ് വർദ്ധിപ്പിക്കണം. രണ്ട് കിലോ വെളിച്ചെണ്ണ എല്ലാ കുടുംബത്തിനും റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ പറ്റിയാൽ ഈ വെളിച്ചെണ്ണയുടെ ഡിമാൻഡ് കൂടും. അതുപോലെതന്നെ തെങ്ങ് വെട്ടി പുതിയത് വയ്ക്കാൻ സഹായം നൽകണം. അതിനുള്ള പാക്കേജ് വേണം. നമുക്ക് നീര ഉൽപ്പാദിപ്പിച്ച് വിറ്റഴിക്കാൻ കഴിഞ്ഞാൽ അത് ചെത്ത് മേഖ

ലയെ സഹായിക്കലാണ്. അതുപോലെ തന്നെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കണം. കയറ്റുമതി നിയന്ത്രണം എടുത്തുകളയണം. വെളിച്ചെണ്ണ കയറ്റുമതി ചെയ്യാൻ ഇന്ത്യയിൽ കൊച്ചി തുറമുഖത്തിനു മാത്രമേ അനുവാദമുള്ളു. അതും അഞ്ച് കിലോയുടെ പായ്ക്കറ്റിൽ മാത്രമേ കയറ്റുമതി ചെയ്യാൻ പറ്റുകയുള്ളു. ആ നിയന്ത്രണം എടുത്തുകളയണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : അങ്ങ് ഇവിടെ നാളികേരത്തിന്റെ കാര്യത്തെക്കുറിച്ചാണ് പറഞ്ഞത്. കേരളത്തിൽ നാളികേരം വലിയ പ്രതിസന്ധിയെ നേരിടുമ്പോൾ തൊട്ട് അയൽ സംസ്ഥാനമായ തമിഴ്നാട് ഇത്ര വലിയ പ്രതിസന്ധി നേരിടുന്നില്ല. കാരണം കാർഷിക അനുബന്ധ വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് അവർ ആ രംഗത്ത് വിജയംവരിച്ചതാണ്. ഇന്നും കേരളത്തിൽ നിന്നും കയറ്റി അയയ്ക്കുന്ന വെളിച്ചെണ്ണ തമിഴ്നാട്ടിൽ പോയി നമ്മുടെ പഴയകാലത്തെ പരമ്പരാഗത രീതിയനുസരിച്ച് അത് കാച്ചിയെടുത്ത് മറ്റെന്തെങ്കിലും ഒരു ബ്രാൻഡ് നെയിം നൽകി ഇങ്ങോട്ടുവന്നാൽ 100 എം.എൽ. വെളിച്ചെണ്ണ 80 രൂപയ്ക്ക് വാങ്ങുന്നിടത്താണ് കേരളീയരെന്ന സത്യം വിസ്മരിക്കരുത്.

ശ്രീ. സാജു പോൾ : ഞാൻ അതുതന്നെയാണ് പറഞ്ഞത്. ഇന്ത്യാ ഗവൺമെന്റ് നിലനിൽക്കുന്നതോ കേരളത്തിലെ സർക്കാർ ഭരിക്കുന്നതോ ഇവിടെത്തെ നാളികേര കൃഷിക്കാർക്കുവേണ്ടിയാണോ, മലേഷ്യയിലെ പാമോയിൽ മുതലാളിമാർക്കുവേണ്ടിയാണോ എന്ന് തീരുമാനിക്കണം. വാൾമാർട്ടിനുവേണ്ടിയാണോ കേരളത്തിലെ സാധാരണ കച്ചവടക്കാർക്ക്

വേണ്ടിയാണോ എന്ന് തീരുമാനിക്കണം. സിവിൽ സപ്ലൈസ് 'സിവിൽ' അല്ല 'ക്രിമിനൽ' ആണെന്ന് പറഞ്ഞ് മലയാള മനോരമയുടെ മുഴുപേജ് വാർത്തയുണ്ടായിരുന്നു. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.

ശ്രീ. സാജു പോൾ : അഞ്ച് മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. അതുകൊണ്ട് വിത്തിലും വിളയിലും സംസ്ക്കരണത്തിലുമൊക്കെ സഹായം നൽകണം. നമുക്ക് സർക്കാർ ഏജൻസികളുണ്ട്. കൃഷി വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണം, ക്ഷീരം, സർവ്വകലാശാല കൾ, റബർ ബോർഡ്, സ്പൈസസ് ബോർഡ്, കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ്, വി.എഫ്.പി.സി.കെ. എന്തെല്ലാമുണ്ട്. കർഷകദിനം ആചരിക്കു ന്നു. ക്ഷീരോത്സവം സംഘടിപ്പിക്കുന്നു. വയനാട് പാക്കേജ്, കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്തൊക്കെയാണ്? പക്ഷേ ഇതെല്ലാം ഉള്ള പ്പോഴും നമുക്ക് ഈ പറഞ്ഞ കാര്യങ്ങളൊന്നും യാഥാർത്ഥ്യമാക്കാൻ വേണ്ടി പറ്റുന്നില്ല. പറ്റണമെങ്കിൽ നമ്മുടെ പൈതൃകത്തെക്കുറിച്ച് പാരമ്പര്യത്തെപ്പറ്റി അഭിമാനം വേണം. ഇവിടെ ബഹുമാന്യനായ ഒരു അംഗം മുമ്പ് പ്രസംഗിക്കുമ്പോൾ ഗാന്ധിജിയുടെ രാമരാജ്യം പോയി എന്ന് പറഞ്ഞു. നെഹ്രുവിന്റെ ക്ഷേമ രാഷ്ട്രം പോയി എന്ന് പറഞ്ഞു. ഇന്ദിരയുടെ സോഷ്യലിസം പോയി എന്ന് പറഞ്ഞു. ഇതെല്ലാം കേട്ടിട്ട് അപ്പുറത്തിരുന്ന ചില ആളുകൾ മിണ്ടിയോ? ഒരക്ഷരം ഉരിയാടിയോ? ഇന്നലെ ഞാൻ അദ്ദേഹത്തോട് ഒന്ന് വഴങ്ങാൻ പറഞ്ഞപ്പോൾ അദ്ദേഹം വഴങ്ങിയില്ല.

**** *** ****[1] എനിക്ക് വഴങ്ങിയില്ല. ഒരു **** എനിക്ക് വഴങ്ങിയില്ലായെന്നോർത്ത് എനിക്ക് എന്താണ് പറ്റുന്നത്? എനിക്ക് എന്തെങ്കിലും പറ്റുമോ? അപ്പോൾ **** **** എന്താണെന്ന് നിങ്ങൾ ശബ്ദതാരാവലിയോ ഏതെങ്കിലും നിഘണ്ടുവോ നോക്കി മനസ്സിലാക്കിയാൽ മതി. ഈ പറഞ്ഞ കുനിഷ്ട് നിറഞ്ഞ **** മനസ്സുമായി നടക്കുന്ന ഒരാൾ സാജു പോളിന് വഴങ്ങിയില്ലായെന്നതുകൊണ്ട് എനിക്ക് ഒന്നും സംഭവിക്കില്ല. ......................(ബഹളം)................ എന്റെ അറിവ് ശരിയാണെങ്കിൽ സ്വാത്വികനായ ................(ബഹളം)............ എന്തെങ്കിലുമുണ്ടെങ്കിൽ ഞാൻ പിൻവലിച്ചു. ................(ബഹളം)............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. സാജു പോൾ പ്ലീസ്...... പ്ലീസ്......... എന്താണ്?

<u>ശ്രീ. സാജു പോൾ</u> : സർ, അൺപാർലമെന്ററിയായിട്ട് എന്തെങ്കിലും ഉണ്ടെങ്കിൽ ഞാൻ പറഞ്ഞത് പിൻവലിച്ചു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : അദ്ദേഹം പറഞ്ഞത് പിൻവലിച്ചു. അത് രേഖയിലുണ്ടാകില്ല.

<u>ശ്രീ. സാജു പോൾ</u> : സർ, സാത്വികനായ ശ്രീ. എൻ.ഇ. ബലറാം ചെവിക്കുറ്റിക്ക് അടിച്ചിട്ട് നന്നാകാത്ത ആൾക്കാർ ഞാൻ വിചാരിച്ചാൽ നന്നാകുമോ? ഇവിടെ ഗാന്ധിജിയെക്കുറിച്ച് പറഞ്ഞു. ഇവിടെ ഹരിതവാദി

---

[1] വാക്കുകൾ പിൻവലിച്ചു.

കളും ഒരുപാട് ആദർശ ധീരന്മാരും ഉണ്ട്. ഇന്നലെ ശ്രീ. പി.സി. ജോർജിന് ശ്രീ. ബെന്നി ബെഹനാൻ നല്ല ഒന്നാംതരം മറുപടി കൊടുത്തല്ലോ?

ശ്രീ. സി. പി. മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ. പ്രസംഗിക്കുമ്പോൾ വഴങ്ങാൻ ഉദ്ദേശമുണ്ടെങ്കിലേ സാധാരണ വഴങ്ങാറുള്ളു. ശ്രീ. കെ.എൻ.എ. ഖാദർ വഴങ്ങിയില്ല. അത് ഒരു കുറ്റമല്ല. പക്ഷേ അയാൾ പിൻവലിച്ചുവെന്ന് പറഞ്ഞ് ശ്രീ. എൻ. ഇ. ബലറാമിന്റെ പേരിൽ വീണ്ടും ചീത്ത പറയുകയാണ് ചെയ്തത്. കാമധേനുവിന്റെ വയറ്റിൽ കഴുത ജനിച്ചതുപോലെ കോൺഗ്രസ് എം.എൽ.എ. പൗലോസ് മാസ്റ്ററുടെ മകനാണെന്നെങ്കിലും, ആ സംസ്ക്കാരമെങ്കിലും ഓർക്കണം. അതുകൊണ്ട് രേഖയിൽ നിന്നും അത് നീക്കം ചെയ്യണം.

ശ്രീ. സാജു പോൾ: സർ, അത് ഞാൻ നല്ല ഒന്നാന്തരം കോൺഗ്രസ്സുകാരനായി മരിച്ച വി.ഐ. പൗലോസിന്റെ മകനായതുകൊണ്ടാണ്. ഗാന്ധിയുടെ രാമരാജ്യം പോയി, ഇന്ദിരയുടെ സോഷ്യലിസം പോയി, നെഹ്രുവിന്റെ ക്ഷേമരാഷ്ട്രം പോയി എന്നു പറഞ്ഞപ്പോഴൊക്കെ കടിച്ചാൽ പൊട്ടാത്ത വാക്കുകൾ പ്രാസഗഭംഗിയിൽ ഇവിടെ വന്ന് ഉരുവിടാറുള്ള ശ്രീ സി. പി. മുഹമ്മദ് എന്തെടുക്കുകയായിരുന്നു; ശ്രീ. പി.സി. ജോർജിന് മറുപടി പറഞ്ഞ ശ്രീ. ബെന്നി ബെഹനാൻ എന്തെടുക്കുകയായിരുന്നു; ഹരിതവാദികൾ എന്തെടുക്കുകയായിരുന്നു? എനിക്ക് നല്ല ഉറപ്പുണ്ട്, ഞാൻ ഗാന്ധിജിയുടെ സത്യാന്വേഷണ പരീക്ഷണങ്ങളും ആത്മകഥയും ഗാന്ധി സാഹിത്യ സർവ്വസ്വം ഏഴ് വോള്യവും ലാറി കോളിൻസും ഡൊമി

നിക് ലാപ്പിയറും ചേർന്ന് എഴുതിയ ഫ്രീഡം അറ്റ് മിഡ്നൈറ്റും അതു പോലെ ഏറ്റവും വലിയ ഗാന്ധിയനായി അന്ത്യശ്വാസം വലിച്ച ജയ്പ്രകാശ് നാരായണന്റെ 'എന്റെ വികാരധാരയും' വായിച്ച ആളാണ്. ആ ഗാന്ധിജിയുടെ *************************** യോഗ്യതയില്ലാത്തവൻ ഇവിടെ വന്ന് ഗാന്ധിജിയുടെ രാമരാജ്യം പോയി എന്ന പറഞ്ഞപ്പോൾ കേട്ടിരുന്ന കുറെ കോൺഗ്രസ്സുകാർ, ഇവരാണോ കോൺഗ്രസ്സുകാർ? ....( ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സാജു പോൾ, പ്ലീസ്... പ്ലീസ്... ....(ബഹളം).... ഞാൻ പറയാം. ശ്രീ. സാജുപോൾ, അങ്ങുപയോഗിച്ച വാക്ക് പിൻവലിക്കണം. ....(ബഹളം).... ഇരിക്കൂ, ഇരിക്കൂ. സാജുപോൾ സംസാരിക്കട്ടെ. പ്ലീസ്...

ശ്രീ. സാജു പോൾ: സർ, *********************** കാര്യം പറഞ്ഞത് കുഴപ്പമാണെങ്കിൽ ഞാൻ പിൻവലിച്ചു. മഹാത്മാഗാന്ധിയുടെ ചെരിപ്പിന്റെ വാറഴിക്കാൻ യോഗ്യതയില്ലാത്ത ചില മാന്യന്മാർ ഇവിടെ വന്ന് ക്ഷേമരാഷ്ട്രം പോയി, ഗാന്ധിയുടെ രാമരാജ്യം പോയി, സോഷ്യലിസം പോയി എന്നു പറഞ്ഞപ്പോൾ ശ്രീ. പി. സി. വിഷ്ണുനാഥ് എവിടെയായിരുന്നു?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ....

---

* പിൻവലിച്ചു.
* പിൻവലിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം പറഞ്ഞ വാക്ക് പിൻവലിച്ചു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരള കർഷക കടാശ്വാസ കമ്മീഷൻ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുന്ന അവസരത്തിൽ ഗാന്ധിജിയെക്കുറിച്ചുള്ള കുറെ പുസ്തകങ്ങൾ അദ്ദേഹം പറഞ്ഞു. ഗാന്ധിജിയുടെ പുസ്തകങ്ങൾ വായിച്ചു എന്ന് പറഞ്ഞതിനുശേഷം അദ്ദേഹം പറഞ്ഞ പിൻവലിച്ചതും പിൻവലിക്കാത്തതുമായ വാചകങ്ങളെല്ലാംതന്നെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ അപമാനിക്കുന്ന തരത്തിലുള്ളതാണ്. ഇത്തരം പ്രസംഗങ്ങൾ, ആ വാക്കുകളെല്ലാംതന്നെ, ഈ പ്രസംഗമൊട്ടാകെ വേണമെങ്കിൽ 307 ഉപയോഗിച്ച് എക്സ്പഞ്ച് ചെയ്യേണ്ടതാണ് എന്നാണ് എനിക്ക് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പറഞ്ഞ രണ്ടുഭാഗവും ശ്രീ. സാജു പോൾതന്നെ പിൻവലിച്ചുകഴിഞ്ഞു. അപമാനകരമായി എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ അത് രേഖയിൽ നിന്നും നീക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ ഒരു ആത്മസംഘർഷത്തിന്റെ പ്രശ്നമാണ്. മഹാത്മാഗാന്ധിയുടെ പുസ്തകങ്ങളെല്ലാം വായിച്ച ഒരു മഹാനും അതുപോലെ മഹാത്മാഗാന്ധിയുടെ ചിത്രം 500 രൂപ നോട്ടിൽ മാത്രം കാണുന്ന ആളുകളും തമ്മിലുള്ള ഒരു ആത്മസംഘർഷമാണ് ഇത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. രാജു എബ്രഹാം, വീണ്ടും വിവാദത്തിലേക്ക് പോകരുത്. ശ്രീ. സാജുപോൾ, അങ്ങ് 43 മിനിട്ട് എടുത്തുകഴി

ഞ്ഞു. ഇനിയും രണ്ടു പേർ സംസാരിക്കാനുണ്ട്. അങ്ങ് ചോദിച്ച സമയവും കഴിഞ്ഞു.

ശ്രീ. സാജു പോൾ: സർ, നിയമം സമ്പുഷ്ടമാകട്ടെ.

ശ്രീ. ജോസ് തെറ്റയിൽ: സർ, ഒരു പ്രശ്നം, നേരത്തെ ശ്രീ. പി.സി. വിഷ്ണുനാഥും മറ്റ് ആളുകളൊക്കെ ഒബ്ജക്ട് ചെയ്തപ്പോൾ എനിക്ക് തോന്നിയ ഒരു സംശയം ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷൻ ഒന്ന് ക്ലിയർ ചെയ്യണം. *************** പാർലമെന്ററിയാണോ അല്ലയോ എന്നുള്ളതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം ആ വാക്ക് പിൻവലിച്ചുകഴിഞ്ഞു. പിൻവലിച്ചത് ഇനി ഇവിടെ ചർച്ച ചെയ്യേണ്ട കാര്യമില്ല. ശ്രീ. സാജു പോൾ പ്ലീസ് കൺക്ലൂഡ്....

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട സാജുപോൾ പറയുന്നതൊക്കെ പിൻവലിക്കുന്നതിൽ വലിയ സന്തോഷമുണ്ട്. എന്നെപ്പറ്റിയുള്ള ഒരു കാര്യം കൂടി പിൻവലിക്കേണ്ടിവരും. ഞാൻ ഇവിടെ ഇല്ലായിരുന്നു. ഞാൻ ലണ്ടനിൽ പോയി പ്രസന്റ് ചെയ്ത അധ്വാനവർഗ്ഗ സിദ്ധാന്തം ഡോ. തോമസ് ഐസക്കിന്റെ ഡിറ്റോ ഞാൻ പകർത്തിയതാണെന്നു പറഞ്ഞു. ഇപ്പോൾ ഒരു മിനിട്ടിനകം അദ്ദേഹം പിൻവലിക്കും. ഞാൻ അവതരിപ്പിച്ച സിദ്ധാന്തത്തിൽ പറഞ്ഞത്, അച്ചടിച്ച പുസ്തകത്തിലുള്ളത് കമ്മ്യൂണിസം

---

* പിൻവലിച്ചു.

പരാജയപ്പെട്ടു, കാലഘട്ടത്തിന് ചേർന്നതല്ല, അതാണ് ഡോ. ഐസക്ക് എഴുതിയതെങ്കിൽ ഒ.കെ. ഇല്ലെങ്കിൽ പിൻവലിക്കൂ.

<u>ശ്രീ. സാജു പോൾ</u>: ബഹുമാന്യനായ മാണിസാർ നേരിട്ട് കേൾക്കാത്തതുകൊണ്ടാണ്. 'കേരളം - മണ്ണും മനുഷ്യനും' എന്ന പുസ്തകം ഡോ. തോമസ് ഐസക് എഴുതിയിട്ടുണ്ട്. ആ പുസ്തകത്തിലെ ആശയങ്ങൾകൂടി കടമെടുത്ത് പരിഭാഷപ്പെടുത്തിയാണ് മാണിസാറിന്റെ പുസ്തകം രചിച്ചതെന്നാണ് ഞാൻ പറഞ്ഞത്. അതിൽ എന്താണ് തെറ്റ്? ഒരു കാര്യം ചെയ്യൂ. മാണിസാറിന്റെ പുസ്തകവും തോമസ് ഐസക്കിന്റെ പുസ്തകവും ഏതെങ്കിലും പാരഗ്രാഫുകളിലോ അദ്ധ്യായങ്ങളിലോ വ്യത്യസ്തതകളുണ്ടാകാം. ഇത് രണ്ടും തമ്മിൽ എന്തെങ്കിലും സമാനതകളുണ്ടോ എന്ന് ഒരു നിയമസഭാ കമ്മിറ്റിയെ വച്ച് അന്വേഷിക്കട്ടെ.

<u>ശ്രീ. കെ. എം. മാണി</u>: ഏതായാലും നിയമസഭയിൽ ചർച്ചയാക്കിയത് നന്നായി. ക്യാപ്പിറ്റലിസത്തിനും കമ്മ്യൂണിസത്തിനും ബദലായ പ്രോഗ്രാമാണ് ഞാൻ അവതരിപ്പിച്ചത്.

<u>ശ്രീ. സാജു പോൾ</u>: സർ, ഞാൻ ഇത് ഇവിടെ എടുത്തില്ല എന്നേയുള്ളൂ. ബഹുമാന്യനായ മാണിസാറിന്റെ........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. സാജുപോൾ, ചെയർ ഒന്നു പറഞ്ഞോട്ടേ, ഈ പ്രമേയം ഇവിടെ അവതരിപ്പിച്ച ശ്രീമതി ഇ. എസ്. ബിജിമോൾ 22 മിനിട്ടാണ് എടുത്തത്. അതിനെ സപ്പോർട്ട് ചെയ്തു സംസാരി

ക്കുന്ന സാജുപോൾ ഇപ്പോൾ 45 മിനിട്ട് എടുത്തുകഴിഞ്ഞു. എന്താണിത്? അടുത്ത രണ്ടുപേർ സംസാരിക്കാനുണ്ട്. പ്ലീസ് കൺക്ലൂഡ്....

ശ്രീ. സാജു പോൾ: സർ, കൺക്ലൂഡ് ചെയ്യുകയാണ്. ബഹുമാന്യ നായ മാണിസാർ മുന്നണി മര്യാദ പാലിക്കാത്ത ആളുകളെക്കുറിച്ച് ഒരു മുഖലേഖനം പ്രതിച്ഛായയിൽ എഴുതിയിട്ടുണ്ടല്ലോ. അപ്പുറത്തുനിന്ന് എന്തെങ്കിലും മര്യാദ മാണിസാറിന് കിട്ടാത്ത സാഹചര്യത്തിൽ ഞങ്ങളുടെ വല്ല മര്യാദയും വേണമെങ്കിൽ മാണിസാർ അറിയിക്കണം എന്ന അപേക്ഷ യോടുകൂടി ഈ പ്രമേയത്തെ വീണ്ടും പിന്താങ്ങികൊണ്ട് ഞാൻ അവസാ നിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-1.-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ കാർഷികമേഖലയിൽ കർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള കടാശ്വാസകമ്മീഷന്റെ ഭേദഗതി നിർദ്ദേശത്തെ അതിന്റെ അന്തരാർത്ഥത്തിൽ ഞാൻ അംഗീകരിക്കുകയാണ്. പക്ഷേ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാർഷികമേഖലയിൽ കർഷക ആത്മഹത്യകൾ വീണ്ടും തിരിച്ചുവന്നിരിക്കുന്നു എന്ന വസ്തുതയ്ക്ക് മുമ്പിൽവേണം ഈ വിഷയം കൈകാര്യം ചെയ്യാൻ എന്നാണ് എന്റെ അഭിപ്രായം. 2001-06 കാലഘട്ടത്തിൽ യു.ഡി.എഫ്. അധികാരത്തിലിരിക്കുമ്പോൾ ആയിരക്കണക്കിന് കർഷകരാണ് കേരളത്തിൽ ആത്മഹത്യ ചെയ്തത്. കാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ, കർഷകരെ രക്ഷിക്കുന്നതിനാവശ്യമായ യാതൊരു നടപടിയും അന്ന് അധികാരത്തിലുണ്ടായിരുന്ന ശ്രീ. എ.കെ. ആന്റണിയുടെയും തുടർന്ന് ശ്രീ. ഉമ്മൻ ചാണ്ടിയുടെയും നേതൃതൃത്തിലുള്ള ഗവൺമെന്റുകൾ സ്വീകരിച്ചില്ല. പ്രതിപക്ഷത്തിരുന്നുകൊണ്ട് കർഷക ആത്മഹത്യകൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമരത്തിൽ പങ്കെടുത്ത ഒരാളാണ് ഞാൻ. 2006-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കർഷക ആത്മഹത്യകൾ കുറയുന്നതാണ് കണ്ടത്. ഐക്യജ

നാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ആത്മഹത്യ ചെയ്ത കർഷകരെ സഹായിക്കാനോ തിരിഞ്ഞുനോക്കുന്നതിനോ യാതൊന്നും ചെയ്തില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആത്മഹത്യ ചെയ്ത കർഷകരുടെ വീടുകളിൽ 50000 രൂപ വീതം കൊടുക്കാൻ തീരുമാനിച്ചു. ആ തീരുമാനം വന്നപ്പോൾ നമ്മുടെ നാട്ടിലെ യു.ഡി.എഫ്. നേതൃത്വം പ്രത്യേകിച്ച് കോൺഗ്രസ്സിന്റെ നേതൃത്വം പറഞ്ഞത്, ഇത് കർഷകരെ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുമെന്നാണ്. ഇത് അവരുടെ ഒരു മാനസികാവസ്ഥയിൽ നിന്നും ചിന്തിക്കുന്നതാണ്. പണം കിട്ടിയാൽ ആത്മഹത്യ അല്ലെങ്കിൽ അതിനപ്പുറത്ത് എന്തും ചെയ്യാൻ ഞങ്ങൾ തയ്യാറാണ് എന്നൊരു മാനസികാവസ്ഥയുള്ള ആളുകൾക്കുമാത്രമേ അത്തരമൊരു അഭിപ്രായപ്രകടനം നടത്താൻ കഴിയുകയുള്ളൂ. എന്നാൽ യു.ഡി.എഫ്. നേതൃത്വവും കോൺഗ്രസ് നേതൃത്വവും പറഞ്ഞതിൽ നിന്ന് തികച്ചും വ്യത്യസ്തമായി കർഷക ആത്മഹത്യകൾ കുറയുന്നതാണ് പിന്നീട് നമ്മൾ കണ്ടത്. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ, രാജ്യം ഭരിക്കുന്ന കോൺഗ്രസ് ഗവൺമെന്റിന്റെ, യു.പി.എ. ഗവൺമെന്റിന്റെ സാമ്പത്തികരംഗത്തെ ദുർനയത്തിന്റെ ഭാഗമായി ലക്ഷക്കണക്കിന് കർഷകർ ആത്മഹത്യ ചെയ്യുന്നത് തുടരുന്ന അവസരത്തിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ അഞ്ചു വർഷക്കാലത്തെ ഭരണത്തിനിടയിൽ രാജ്യത്ത് കർഷക ആത്മഹത്യ കുറഞ്ഞ ഏക സംസ്ഥാനമായി കേരളം മാറിയത് ഇടതുപക്ഷ ജനാധിപ

ത്യ മുന്നണി ഗവൺമെന്റ് കൃഷിക്കാരെ സഹായിക്കുന്നതിന് സ്വീകരിച്ച ശക്തമായ നടപടികളുടെ ഭാഗമായിട്ടാണ്. എന്നാൽ ഇപ്പോൾ കർഷക ആത്മഹത്യകൾ വീണ്ടും തിരിച്ചുവന്നിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് കർഷക ആത്മഹത്യകളുടെ വിശദാംശങ്ങൾ ശേഖരിച്ച് സമർപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ ഗവൺമെന്റിന്റെ കൈയിൽ അതിന്റെ കണക്കുതന്നെ യില്ല. 2009-ന് ശേഷം കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ കേരളത്തിൽ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്, ഇൻഡ്യാരാജ്യത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നതിന്റെ കണക്കെടുത്ത് അവർക്ക് സഹായം എത്തിക്കുന്നതിനാവശ്യമായ നടപടികൾക്കായി കേന്ദ്ര ഗവൺമെന്റ് ഡീറ്റെയിൽസ് ആവശ്യപ്പെട്ടപ്പോൾ അതിന്റെ ഒരു കണക്കുകൊടുക്കാൻപോലും യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞില്ല എന്നത് വളരെ പരിതാപകരമായ അവസ്ഥയാണ്. കാർഷികമേഖലയിൽ നെൽക്കൃഷിയുണ്ട്, തെങ്ങ്, കവുങ്ങ്, റബ്ബർ തുടങ്ങി നിരവധിയായ വിളകളുണ്ട്. ഈ മേഖലകളിലൊക്കെ രൂക്ഷമായ പ്രശ്നമാണ് യു.ഡി.എ ഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുണ്ടായിട്ടുള്ളത്. അതിന്റെ ഭാഗമായാണ് കർഷക ആത്മഹത്യകൾ വീണ്ടും തിരിച്ചുവന്നിട്ടു ള്ളത്. അത് തടയുന്നതിനാവശ്യമായ ശക്തമായ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. ഈ ഗവൺമെന്റിൽ കേരളത്തിലെ കർഷകർക്ക് യാതൊരു പ്രതീക്ഷയുമില്ല. ഈ ഗവൺമെന്റ് തുടരുന്നിട ത്തോളംകാലം കാർഷികമേഖലയിൽ വീണ്ടും പ്രതിസന്ധിയുണ്ടാകും,

കർഷകർ ആത്മഹത്യ ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടാകും. അത് കുറച്ചു കൂടി തെളിയിക്കുന്ന നിലയിലാണ് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. കർഷക ആത്മഹത്യ വർദ്ധിക്കുന്നതോടൊപ്പംതന്നെ കാർഷികമേഖലയിൽ ക്രിയാത്മകമായി ഇടപെടാൻ ഐക്യജനാധിപത്യമുന്നണിക്ക് എന്ത് പദ്ധതിയാണുള്ളത്? കൃത്യമായ ഒരു പദ്ധതി, ഇവിടെ പല കാര്യങ്ങളും പറഞ്ഞു. നേരത്തെ സംസാരിച്ച ആളുകൾ ആ വിഷയങ്ങളെല്ലാം സൂചിപ്പിച്ചതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. ഇവിടെ ഗ്രീൻ ഹൗസിനെക്കുറിച്ച് പറഞ്ഞു. അതുപോലെ കർഷകർക്ക് നിരവധി സഹായങ്ങൾ പ്രഖ്യാപിക്കുന്നുണ്ട്. പക്ഷേ, ഇതൊന്നും കൃഷിക്കാരുടെ കൈകളിൽ എത്തുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. കാർഷികമേഖലയിൽ രാസവളത്തിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇരട്ടിയിൽ കൂടുതൽ വിലയായി. അത് തടയുന്നതിനാവശ്യമായിട്ടുള്ള എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? നമ്മുടെ നാട്ടിലെ കൃഷിക്കാരെ സഹായിക്കുന്നതിനാവശ്യമായിട്ടുള്ള യാതൊരു സമീപനവും കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നില്ല. വിവിധ കാർഷികോൽപ്പന്നങ്ങളെ സമ്പൂർണ്ണമായും ഇല്ലാതാക്കുന്ന അന്തകവിത്ത് ഇന്ന് കാർഷിക മേഖലയിൽ സജീവമായ ഒരു ചർച്ചാ വിഷയമാണ്. അതുപോലെ കേരളത്തിലെ കർഷകരെ ഇല്ലാതാക്കുന്ന അന്തകഗവൺമെന്റായി കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് മാറിയിരിക്കുന്നു എന്നാണ് എനിക്ക് ഇതിനെ സംബന്ധിച്ച് പറയുവാനുള്ളത്. നാളികേര

ത്തിന്റെ വില കുറഞ്ഞുകുറഞ്ഞു വരികയാണ്. നാളികേര കർഷകർ നാളികേരം ഇടുന്നതിനുവേണ്ടി ആളിനെ തെങ്ങിൽ കയറ്റിയാൽ ഉയര മുള്ള തെങ്ങിന് 30 രൂപയും ചെറിയ തെങ്ങിന് 25 രൂപയും കൊടുക്കണം. 30 രൂപയും 25 രൂപയും കൊടുത്ത് തെങ്ങിൽ കയറ്റി ഇടുന്ന തേങ്ങയ്ക്ക് കൂലി കൊടുക്കാൻപോലും കഴിയാത്ത ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ നാട്ടിലുണ്ടായിരിക്കുന്നതെന്ന് പറഞ്ഞാൽ അതൊരു അതിശയോക്തി കലർന്ന വർത്തമാനം അല്ല. കൊപ്ര സംഭരണം നിലച്ചു. കേരളത്തിലെ കാർഷിക മേഖലയിൽ കേരകർഷകർക്ക് 500 കോടി രൂപയുടെ നഷ്ടമാ ണുണ്ടാകുന്നത്.. വെളിച്ചെണ്ണവില തകർന്നു. വെളിച്ചെണ്ണയുടെ വില കുറയുന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ തെങ്ങ് കൃഷിയുടെ വ്യാ പ്തിയും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആസിയാൻ കരാർ നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയാൽ കൃഷിക്കാർക്ക് എന്തോ വലിയ സഹായം കിട്ടുമെന്നാണ് നമ്മുടെ രാജ്യത്ത് പ്രചരിപ്പിച്ചിരുന്നത്. ആസിയാൻ കരാർ വന്നാൽ കേരളത്തിൽ ഇടതുപക്ഷജനാധിപത്യ പ്രസ്ഥാനം ശക്തമായ പ്രകടനം ഇതുമായി ബന്ധപ്പെട്ട് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.. എന്താണ് ഇപ്പോഴുള്ള അവസ്ഥ? റബ്ബറിന്റെ വിലയും നാളികേരത്തിന്റെ വിലയും കുറഞ്ഞു. ഈ വിലക്കുറവിന്റെ അവസരത്തിൽ കേരളത്തിലെ കർഷ കരെ സഹായിക്കുന്നതിനാവശ്യമായ യാതൊരു സംവിധാനവും കേരള ത്തിലെ യു.ഡി.എഫ്. സർക്കാർ ആലോചിക്കുന്നില്ല. കേരളത്തിലെ കർഷകരുടെ താൽപ്പര്യം സംരക്ഷിക്കാതെ രാജ്യത്ത് വൻകിട കോർപ്പറേറ്റ്

മുതലാളിമാരെ സഹായിക്കുന്ന സമീപനമാണ് കേന്ദ്രത്തിലെ യ.പി.എ. ഗവൺമെന്റ് ശ്രമിക്കുന്നത്. കർഷകരുടെ പ്രതിസന്ധി നിലവിലുള്ളപ്പോൾ എറണാകുളത്ത് ഒരു നാളികേരത്തിന് നാലര രൂപയും കോഴിക്കോട് മൂന്നര രൂപയും പാലക്കാട് രണ്ടര രൂപയുമാണ്. ഇങ്ങനെയുള്ള സ്ഥിതി വിശേഷമാണ് നാളികേര മേഖലയിലുള്ളത്. ഇത്തരമൊരു പ്രതിസന്ധി ക്കിടയാക്കിയത് പാമോയിൽ യഥേഷ്ടം ഇന്ത്യാ രാജ്യത്തേക്ക് ഇറക്കു മതി ചെയ്യുന്നതുകൊണ്ടാണ്. 2001-ൽ 32 ലക്ഷം ടണ്ണാണ് ഇന്ത്യയിൽ ഇറ ക്കുമതി ചെയ്തതെങ്കിൽ. 2011 ആയപ്പേൾ അത് 100 ലക്ഷം ടണ്ണായി. (ഒരു കോടി ടണ്ണായി). മലേഷ്യൻ പാമോയിൽ കമ്പനികളുടെ അവി ശുദ്ധ ബന്ധമാണ് ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടാക്കിയത്. നമ്മുടെ നാട്ടിൽ ഉൽപാദിപ്പിക്കുന്ന വെളിച്ചെണ്ണയ്ക്ക് യാതൊരു സബ്സിഡിയുമി ല്ല. പാമോയിലിന് 15 രൂപയാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. ഇതെന്ത് നയമാണ്; ഇതാരെ സഹായിക്കാനാണ്? ബന്ധപ്പെട്ട ആളുകൾ മലർന്നുകിടന്ന് ഒന്നാലോചിക്കണം. ഇപ്പോൾ പറയുന്നത് വെളിച്ചെണ്ണ വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുകയാണ്. വിദേശരാജ്യങ്ങളിൽ കേരളത്തേക്കാൾ വിലക്കുറവാണ്. അതുകൊണ്ട് അങ്ങോട്ട് കയറ്റി അയച്ച് ഇവിടെ കേരകർഷകരെ രക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള നില പാട് സ്വീകരിക്കണം എന്നാണ് പറയുവാനുള്ളത്. പക്ഷേ, അങ്ങനെ കയറ്റി അയയ്ക്കാനുള്ള യാതൊരു സംവിധാനവും നമ്മുടെ നാട്ടിലില്ല. ബഹുമാന്യനായ ശ്രീ. സാജു പോൾ ഇവിടെ പറഞ്ഞു. അഞ്ച് കിലോ

പാക്കറ്റുകളിലാക്കി കയറ്റി അയയ്ക്കാമെന്നാണ് പറഞ്ഞത്. എന്നാൽ പാമോലിൻ ഇന്ത്യയിലേക്ക് വരുന്നുണ്ട്. ഇന്ത്യയിലേക്ക് വരുന്ന പാമോലിൻ അഞ്ചു കിലോ പായ്ക്കറ്റിൽ കപ്പലിലാണ് വരുന്നത്. നമ്മുടെ രാജ്യത്ത് നിന്ന് കയറ്റി അയയ്ക്കുന്ന അവസ്ഥ വന്നപ്പോൾ അഞ്ച് കിലോ പാക്കറ്റ് വേണം. കണ്ടെയിനറിലേ കയറ്റി അയയ്ക്കാൻ സാധിക്കുകയുള്ളു എന്നൊക്കെ പറഞ്ഞ് ആളുകളെ ബുദ്ധിമുട്ടിക്കുന്ന ഒരു സമീപനമാണ് നമ്മുടെ നാട്ടിൽ സ്വീകരിക്കുന്നത്. ഒരു നാളികേരത്തിന് 3 രൂപ ഇല്ല എന്നു പറയുമ്പോൾ ഇപ്പോൾ നമ്മുടെ നാട്ടിൽ വലിയ കടകളിൽ 15 രൂപയ്ക്കാണ് നാളികേരം വിറ്റുകൊണ്ടിരിക്കുന്നത്. ആ നിലയിൽ ഇരട്ട ചൂഷണമാണ് ഇന്ന് ഈ മേഖലയിൽ ഉള്ളതെന്ന് പറയാതിരിക്കാൻ പറ്റില്ല. നമ്മുടെ നാട്ടിലെ മറ്റൊരു പ്രധാനപ്പെട്ട കാർഷികമേഖലയാണ് നെൽക്കൃഷി. ഉൽപ്പാദനച്ചെലവ് കൂടി. രാസവളം - ഫാക്ടംഫോസിന് 900 രൂപയായി. ഡീസൽ വില കൂടിയതിന്റെ ഭാഗമായി ട്രാകടറിന്റെ ചാർജ് കൂടി. കൊയ്യാൻ വരുന്ന യന്ത്രത്തിന്റെ ചാർജ് കൂടി. എന്നാൽ നെല്ലിന് വിലയില്ല. സംഭരിച്ചതിന്റെ വില കൊടുക്കാൻ, 73 കോടി രൂപ പാലക്കാട് ജില്ലയിൽ മാത്രം കൊടുക്കുവാനുണ്ട്. ഇപ്പോൾ നിയമസഭയിൽ ഇതുമായി ബന്ധപ്പെട്ട് വിഷയം ഉന്നയിച്ചാൽ ഇപ്പോൾ കൊടുക്കുമെന്നു പറയും. നമ്മൾ വിചാരിക്കും പാലക്കാടുള്ള കൃഷിക്കാർക്ക് പൈസ കിട്ടുമെന്ന്, എന്നാൽ അവിടെ കിട്ടുന്നില്ല. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുന്ന അവസരത്തിൽ നെല്ല് സംഭരിച്ച

തീയതിയുടെ ഒരു മാസം കഴിയുംമുമ്പ് എല്ലാ കൃഷിക്കാർക്കും പൈസ കൊടുത്തിട്ടുണ്ടായിരുന്നു. അവിടെ സഹകരണ സംഘങ്ങൾ നെല്ല് സംഭരിച്ചതിന്റെ റെസീറ്റ് കൊണ്ടുകൊടുത്താൽ 80 ശതമാനംവരെ രൂപ കൊടുക്കുമായിരുന്നു. ഇപ്പോൾ അങ്ങനെയുള്ള യാതൊരു സൗകര്യവും യു.ഡി.എഫ്.-ന്റെ കാലത്തില്ല. അതിന്റെ ഭാഗമായി രൂക്ഷമായ പ്രതിസന്ധി നെല്ലുൽപ്പാദന മേഖലയിൽ കൃഷിക്കാർ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കേരളത്തിൽ മഴ കുറവാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുന്ന അവസരത്തിൽ യാതൊരു മഴക്കുറവുമില്ല. വിശ്വാസികൾ പറയും, ദുഷ്ടന്മാർ രാജ്യത്ത് അധികാരത്തിൽ വന്നാൽ മഴയുണ്ടാവില്ല. ഇപ്പോൾ അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. മഴയില്ല എന്നുള്ളത് ഒരു വസ്തുതയാണ്. മഴയില്ലാത്തതിന്റെ ഭാഗമായി പാലക്കാട് ജില്ല രൂക്ഷമായ വരൾച്ചയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. പാലക്കാട് ജില്ലയിലേക്ക്; കേരള സംസ്ഥാനത്തിലേക്ക് വരുന്ന പറമ്പിക്കുളം പ്രോജക്ടിലെ വെള്ളം ഇവിടെ എത്തിക്കുന്നതിനാവശ്യമായിട്ടുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇപ്പോൾ പറമ്പിക്കുളത്തെ വെള്ളം സർക്കാർപതിയിൽ വന്ന് ആളിയാർ ഡാമിലേക്കും തിരുമൂർത്തി ഡാമിലേക്കും പോകുകയാണ്. സർക്കാർപതിയിലേക്ക് വെള്ളമെത്തിയാൽ ആളിയാർഡാമിലേക്കും വെള്ളമിറക്കണം. എന്നിട്ടുവേണം ഭാരതപ്പുഴ വഴി പാലക്കാട് ജില്ലയിലേക്ക് വെള്ളമെത്തിക്കാൻ. ആളിയാറിലേക്ക് വെള്ളം ഇറക്കുന്നില്ല. ആളിയാറിൽ വെള്ളമില്ല എന്ന്

ചൂണ്ടിക്കാണിച്ചുകൊണ്ട് തുലാവർഷത്തിന്റെ കുറവ് പറഞ്ഞ് കേരളത്തിന് അർഹതപ്പെട്ട, പാലക്കാട് ജില്ലയ്ക്ക് അർഹതപ്പെട്ട, വെള്ളം നിഷേധിക്കുന്ന തമിഴ്നാടിന്റെ നയത്തിനെതിരെ ഈ ഗവൺമെന്റിന്റെ നിലപാട് എന്താണ്? ഇന്നലെ ഞാൻ സബ്മിഷൻ ഉന്നയിച്ചപ്പോൾ പറഞ്ഞത് മഴ കുറവാണെന്നാണ്. മഴ കുറഞ്ഞാലും മഴ കൂടിയാലും കേരളത്തിലെ പറമ്പിക്കുളം ആളിയാർ പ്രോജക്ട് കരാറിന്റെ അടിസ്ഥാനത്തിൽ ലോവർ റിപ്പേറിയം റൈറ്റിന്റെ അടിസ്ഥാനത്തിൽ ഈ പുഴയോരത്ത് താമസിക്കുന്ന ആളുകൾക്ക് അതൊരു റൈറ്റാണ്. അതിന്റെ അടിസ്ഥാനത്തിൽ 7.25 ടി. എം.സി. വെള്ളം മഴ പെയ്താലും പെയ്തില്ലെങ്കിലും പറമ്പിക്കുളം ആളിയാർ പ്രോജക്ടിൽ നിന്ന് പാലക്കാട് ജില്ലക്ക് കിട്ടേണ്ടതാണ്. ഇവിടെ മന്ത്രി എന്താണ് മറുപടി പറഞ്ഞത്; മന്ത്രി പറഞ്ഞത് തുലാവർഷം കുറവായതുകൊണ്ടാണെന്നാണ്. ഇത് തമിഴ്നാടിന്റെ വാദമാണ്. കേരളത്തിലെ ജനങ്ങളുടെ വാദമല്ല. കേരളത്തിലെ ജനങ്ങൾക്ക് വേണ്ടിയല്ല ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. പാലക്കാട് ജില്ലയിലെ നെൽക്കൃഷിക്കാരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടിയുടെ ഭാഗമായിട്ടാണോ ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്? അങ്ങനെയല്ല നെൽക്കൃഷിക്കാരുടെ നാട്ടിലെ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. 1993-ൽ ഇതുപോലെ ഒരു പ്രതിസന്ധി വന്നപ്പോൾ അന്നത്തെ ഗവൺമെന്റ് ഇടപെട്ട് പറമ്പിക്കുളത്ത് ഡെഡ്സ്റ്റോറേജിലെ വെള്ളം പമ്പ് ചെയ്തിട്ടാണ് കുടിവെള്ളത്തിനുവേണ്ടി പാല

ക്കാട് ജില്ലയിൽ വെള്ളം കൊടുത്തത്. ഇങ്ങനെയൊക്കെ ചെയ്യാമെങ്കിൽ സംസ്ഥാന ഗവൺമെന്റ് വളരെ സജീവമായി ഇടപെട്ടാൽ, വെള്ളം ലഭ്യമാക്കാൻ കഴിയും. ഇപ്പോൾ ഇത് കിട്ടുകയില്ല - ഏതാണ്ട് തമിഴ്നാട്ടുകാർ പറയുന്നതുപോലെയാണ്. തമിഴ്നാട്ടിലാണെങ്കിൽ ഇതുമായി ബന്ധപ്പെട്ട് വലിയ പ്രതിഷേധം വരികയാണ്. കേരളത്തിലെ വെള്ളം, പറമ്പിക്കുളം ഡാമിലെ വെള്ളം, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ് ഡാമുകളിലെ വെള്ളം കേരളത്തിന് കിട്ടണം എന്നുപറയുമ്പോൾ അത് വാങ്ങിയെടുക്കാനുള്ള ആർജ്ജവംപോലും കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിനില്ല. ഇവരാണോ കൃഷിക്കാരായ കർഷകരെ രക്ഷപ്പെടുത്താൻ പോകുന്നത്; കാർഷിക മേഖലയെ സംരക്ഷിക്കാൻ പോകുന്നത്? അതുകൊണ്ട് ശക്തമായ നടപടി സ്വീകരിച്ച് നെൽക്കൃഷിക്കാരെ സംരക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള നിലപാട് സ്വീകരിക്കണം. കേരളത്തിലെ യു.ഡി.എഫ് ഗവൺമെന്റ് നെൽവയലുകൾ ഇല്ലാതാക്കുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തുകൊണ്ടിരിക്കുകയാണ്. നെൽകൃഷിക്കാർ പ്രതിസന്ധിയിലാണ്. സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കേന്ദ്രത്തിലെ ആസൂത്രണ കമ്മീഷന്റെ ഉപാദ്ധ്യക്ഷൻ ശ്രീ. മൊണ്ടേക്സിംഗ് അലുവാലിയ കേരളത്തിൽ വന്ന് നിങ്ങൾ ഇനി നെൽകൃഷിയൊന്നും ചെയ്യാൻ പോകണ്ട എന്നുപറഞ്ഞതിനെ ഏറ്റുപിടിക്കുന്ന സമീപനമാണ് കേരളത്തിലെ യു.ഡി.എഫ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കേരളത്തിലെ നെൽകൃഷിക്കാരെ സംര

ക്ഷിക്കാൻ നെല്ലിന് ന്യായവില ലഭ്യമാക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കാൻ, നെൽകൃഷിക്കാവശ്യമായ ജലസേചന സൗകര്യമൊരുക്കാൻ കേരളത്തിലെ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. ചന്ദ്രൻ: സർ, കടക്കെണിയിൽപ്പെട്ട വനയാട് ജില്ലയിലെ ചില കൃഷിക്കാർക്ക് ആശ്വാസം നൽകുന്ന കാര്യം മാത്രമാണ് ഈ ഭേദഗതിയിൽ ഉന്നയിച്ചിരിക്കുന്നത്. ഒന്നരക്കൊല്ലത്തെ യു.ഡി.എഫ് ഭരണത്തിൻകീഴിൽ അറുപത്തിരണ്ടോളം കൃഷിക്കാർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തിട്ടുണ്ട്. അതിൽ പാലക്കാട് ജില്ലയിലെ കൃഷിക്കാരും ഉൾപ്പെടും. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന്റെ ഭാഗമായി കടക്കെണിയിൽപ്പെട്ട് കൂടുതൽ കർഷകർ ആത്മഹത്യ ചെയ്യുന്ന സ്ഥിതിവിശേഷം വരാൻ പോകുകയാണ്. കൃഷിക്കാർക്ക് സംരക്ഷണം കൊടുക്കാനാവശ്യമായ ഭേദഗതികൾ ഈ നിയമത്തിൽ വരുത്തണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: നമ്മൾ അഭിപ്രായപ്പെട്ടിട്ട് വല്ല കാര്യവുമുണ്ടോ? നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്നതുമുഴുവൻ കൃഷിക്കാരെ രക്ഷപ്പെടുത്തണമെന്നാണ്. ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന ആളുകൾക്കുകൂടി ഇത് തോന്നണം. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അങ്ങനെയുള്ള യാതൊരു സമീപനവും യു.ഡി.എഫ് ഗവൺമെന്റിൽനിന്നും ഉണ്ടാകുന്നില്ല. പാലക്കാട്

ജില്ലയിലെ ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ അവരെ ആളെവിട്ട് തല്ലിക്കാൻ പോകണ്ട. എന്തെങ്കിലും പറഞ്ഞ് കൂടെക്കൂട്ടിയശേഷം പത്തേക്കർ നെൽകൃഷി വാങ്ങിക്കൊടുത്താൽ മതി. ആറു മാസം കഴിയുന്നതിനു മുമ്പ് അയാൾ ആത്മഹത്യ ചെയ്യും. ആ ഒരു സ്ഥിതിവിശേഷമാണ് ഇന്ന് കേരളത്തിന്റെ കാർഷികമേഖലയിൽ ഉയർന്നു വന്നിട്ടുള്ളതെന്നത് ഇവിടെ പറയാതിരിക്കാൻ മാർഗ്ഗമില്ല. കുട്ടനാട് പാക്കേജിനെക്കുറിച്ച് വലിയ തോതിൽ പ്രചരണം നടത്തിയതാണ്. 4208 കോടിരൂപയിൽ 124.07 കോടി രൂപയാണ് ആകെ ചെലവഴിച്ചത്. ഈ പദ്ധതി പ്രയോജനത്തിൽ വരുത്താൻ പ്രോജക്ട് ഓഫീസർ തസ്തികയിൽ ആളില്ലാതെ 4208 കോടി രൂപയുടെ പ്രോജക്ട് എങ്ങനെ നടപ്പിലാക്കും? അതു പോലെ ഒരു ഭൂലോക അഴിമതിക്കാരനെ ചീഫ് എഞ്ചിനീയർ സ്ഥാനത്ത് കൊണ്ടുവരാനുള്ള നീക്കം നടത്തി. അതിന് തടസ്സം വന്നു. വീണ്ടും അദ്ദേഹത്തെതന്നെ കൊണ്ടുവരാൻ പോകുകയാണ്. ഇങ്ങനെ പോയാൽ കുട്ടനാടൻ പാക്കേജുകൊണ്ട് കുട്ടനാട്ടിലെ കൃഷിക്കാർക്ക് യാതൊരു പ്രയോജനവും ലഭിക്കാൻ പോകുന്നില്ല. കുട്ടനാട് പാക്കേജ് തികച്ചും കുഴപ്പത്തിലേക്ക് പോകുന്ന ഒരു സാഹചര്യമാണ്. യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ കർഷകർ ആത്മഹത്യ ചെയ്ത ജില്ലയാണ് വയനാട്. 2001-2006 കാലഘട്ടത്തിൽ യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോഴും ഏറ്റവും

കൂടുതൽ കർഷകർ ആത്മഹത്യ ചെയ്ത ജില്ലയാണിത്. 2154 കോടി രൂപ യുടെ വയനാട് പാക്കേജ് പ്രഖ്യാപിച്ചു. 25 കോടി രൂപ സംസ്ഥാന ബഡ്ജറ്റിലും നീക്കിവച്ചെങ്കിലും ഒരു കാര്യവും നടപ്പിലാകുന്നില്ല. പാക്കേജുകൾ പ്രഖ്യാപിക്കുക എന്നതിനപ്പുറത്ത് കർഷകരെ സഹായിക്കു ന്ന രീതിയിലുള്ള യാതൊരു സമീപനവും ഈ ഗവൺമെന്റ് സ്വീകരിക്കു ന്നില്ല. കാപ്പി കർഷകർക്കുവേണ്ടി ഗവൺമെന്റിന്റെ കോഫി ബോർഡ് പ്രഖ്യാപിച്ച കോഫി പാക്കേജ് നടപ്പിലാക്കുന്നതിനാവശ്യമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കാപ്പി കർഷകരെടുത്ത വായ്പ യിൽ 2009 വരെ കുടിശ്ശികയായ സംഖ്യ ഒഴിവാക്കിക്കൊടുക്കുന്ന പദ്ധതിയാണ് കോഫീ പാക്കേജ്. ഇതിലൊരു വിഹിതം കോഫി ബോർഡും ഒരു ചെറിയ വിഹിതം സഹകരണ ബാങ്കുകളും വഹിക്കണം. സഹകരണ ബാങ്കുകൾക്ക് ഈ ബാദ്ധ്യത താങ്ങാനാവാത്തതുകൊണ്ട് സം സ്ഥാന സർക്കാർ ആ വിഹിതം ഏറ്റെടുത്തതിനെത്തുടർന്ന് ഈ പദ്ധതി നടപ്പിലായി. ഇതനുസരിച്ച് 2011 മാർച്ചുമാസത്തിൽ ഈ തുക കർഷക രുടെ വായ്പകളിൽ വരവ് വയ്ക്കുകയും കോഫി ബോർഡിന്റെ വിഹിതം നൽകുകയും ചെയ്തു. സംസ്ഥാന സർക്കാർ ഇതിനായി 10 കോടിരൂപ വയനാട് ജില്ലാ സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്കുമാറ്റി. ഓരോ ബാങ്കുകൾക്കും തുക നൽകുന്നതിനുവേണ്ടിയാണ് സഹകരണ രജി സ്ട്രാറെ ചുമതലപ്പെടുത്തിയത്. വയനാട്ടിലെ സാധാരണക്കാരായ

കർഷകർ ഏറ്റവും കൂടുതൽ വായ്പയെടുക്കുന്നത് പ്രാഥമിക സഹക രണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നാണ്. അതിനാൽ ഈ 10 കോടി രൂപയിൽ നിന്ന് 6 കോടിരൂപ ഗ്രാമ വികസന ബാങ്കുകൾക്ക് കൊടുക്കുമെന്ന് കഴിഞ്ഞ നിയമസഭയിൽ പറഞ്ഞെങ്കിലും അതിനാവശ്യ മായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇങ്ങനെ ഏത് പദ്ധതിയെടു ത്താലും അത് ഫലപ്രദമായ രൂപത്തിൽ നടപ്പിലാക്കാൻ കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിയുന്നില്ല എന്നുള്ള സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. കാർഷിക മേഖലയെ സമഗ്ര മായി രക്ഷപ്പെടുത്തണം. എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യരായ മെമ്പർമാർ സൂചിപ്പിച്ചതുപോലെ അസുഖം വരുന്നതിനുമുമ്പ് അസുഖം വരാതിരിക്കുന്നതിനാവശ്യമായ ജാഗ്രതയുണ്ടാകണം. കാർഷിക മേഖല യിൽ പ്രതിസന്ധി ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ ജാഗ്രതയാണുണ്ടാ കേണ്ടത്. കാർഷിക മേഖലയിൽ സമഗ്രമായ പരിഷ്കരണ നടപടികൾ കൊണ്ടുവരണം. കാർഷിക മേഖലയിൽ യന്ത്രവത്ക്കരണം കൊണ്ടുവര ണം. ഇപ്പോൾ പണിയെടുക്കാൻ പഴയ കാലത്തേതുപോലെ ആളുകളെ കിട്ടുന്നില്ല. യന്ത്രവത്ക്കരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ ആധുനിക ശാസ്ത്രത്തിന്റെ പുതിയ കണ്ടു പിടുത്തങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തി ഉത്പ്പാദനം വർദ്ധിപ്പിക്കണം. കാർഷികോൽപ്പന്നങ്ങൾക്ക് വില കൂട്ടണം എന്നു പറ യുമ്പോൾ അരിയുടെ വില കൂട്ടണം എന്ന് പറയാൻ കഴിയില്ല. ഉത്പ്പാദന

വർദ്ധനവിലൂടെ കർഷകരെ രക്ഷിക്കുന്നതിനാവശ്യമായ സമീപനം സ്വീകരിക്കണം. നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ മുതലാളിയായ റിലയൻസ് കാർഷിക മേഖലയിലേക്ക് വരികയാണ്. അവർ ആധുനിക ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾ ഉപയോഗിച്ച് വൻതോതിൽ ഉത്പ്പാദന വർദ്ധനവ് ഉണ്ടാക്കിയെടുക്കാൻ പോവുകയാണ്. നമ്മുടെ കൃഷിക്കാർ ഗുരുതരമായ പ്രതിസന്ധി നേരിടേണ്ടിവരും എന്ന കാര്യത്തിൽ സംശയമില്ല. അത്തരം പ്രതിസന്ധി മുൻകൂട്ടി കണ്ടുകൊണ്ട് കേരളത്തിലെ കർഷകരെ രക്ഷിക്കാൻ ഉചിതമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. ഇത്തരമൊരു കമ്മീഷന്റെ നിയമങ്ങൾ ഭേദഗതി ചെയ്യുമ്പോൾ കർഷകരെ സഹായിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണം. ആത്യന്തികമായി കർഷകരെ സഹായിക്കുന്നതിനാവശ്യമായ ഉചിതമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമന്ന് വളരെ വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>മി. ചെയർമാൻ</u>: ശ്രീ. എം. ഉമ്മറിന് ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാർഷിക രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്കെല്ലാമുള്ള ഒറ്റമൂലിയല്ല ഈ ഭേദഗതി. രണ്ടു

മൂന്നു വാക്കുകളിലൊതുങ്ങുന്ന ഭേദഗതിയാണെങ്കിലും അതിന്റെ ഇംപാക്ട് വളരെ വലുതാണ്. മൂന്നുവരികളിലുള്ള ഭേദഗതിയാണെങ്കിലും പതിനായിരക്കണക്കിന് ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നു ള്ളതാണ് ഇതിന്റെ പ്രത്യേകത. അഞ്ചോ ആറോ പേജുള്ള ഒരു ബില്ലിനെ ക്കാൾ, കേരളത്തിലെ സാധാരണക്കാരായ കർഷകർക്ക് വലിയ പ്രയോ ജനം ലഭിക്കാൻ ഈ ഒരു ഭേദഗതി ഇടയാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും ഇടതുപ ക്ഷക്കാരും പറയാറുള്ളത് കാർഷിക കടാശ്വാസ ബിൽ, ഭൂപരിഷ്കരണ ബിൽ, കേരള കർഷക കടാശ്വാസ കമ്മീഷൻ എന്നിവ കൊണ്ടുവന്നത് ഞങ്ങളാണ് എന്നാണ്. എല്ലാത്തിനും തുടക്കം കുറിച്ചത് അവരാണ് എന്ന വകാശപ്പെടുമെന്നല്ലാതെ അത് നടപ്പിലാക്കി കേരളത്തിലെ കർഷകർക്കോ അല്ലെങ്കിൽ ബന്ധപ്പെട്ട ആളുകൾക്കോ പ്രയോജനം ലഭിക്കുന്ന ഒരു കാര്യത്തിലും അവർക്ക് വിജയിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത് ഞാൻ വെറുതെ പറയുന്നതല്ല. ആറ്റു നോറ്റു ണ്ടായ കുഞ്ഞ് എന്നുപറയുന്നതുപോലെ ഇവർ പാസ്സാക്കി ക്കൊണ്ടുവന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് ജസ്റ്റിസ് ഗഫൂർ ചെയർമാനായി കടാശ്വാസ കമ്മീഷൻ രൂപീകരിച്ചത്. അദ്ദേഹം നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞതെന്താണ്? "Of nearly 6 lakh applications Commission received, it was able to consider only about 6000 on a casewise base as on March 2008. For several months it worked

without proper office, staff and funds. On $27^{th}$ June 2000, at a press conference convened by the Commission, Agricultural Minister Sri. Mullakkara Retnakaran walked out in protest against the Commission Chairman, outburst against the Government...” ഇടതു പക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന കമ്മീഷന്റെ ചെയർമാൻ നടത്തിയ പത്ര സമ്മേളനത്തിൽ പറഞ്ഞതാണ്. കേരള ത്തിലെ ജനങ്ങളുടെ മുമ്പിൽ കൊട്ടിഘോഷിച്ച് ഒരു കമ്മീഷനെ കൊണ്ടു വന്ന് നാണംകൊടുത്തി, ഈ ഒരു വർഷക്കാലത്തിനിടയ്ക്ക് ആകെ 6000 കേസുകളാണ് എടുക്കാൻ കഴിഞ്ഞത്. മാത്രമല്ല അദ്ദേഹം പത്രസമ്മേളന ത്തിൽ വേറെയും ചില കാര്യങ്ങൾ പറഞ്ഞു. ഒരു ലാപ്ടോപ്പ് പോലും ഗവൺമെന്റ് അനുവദിച്ചില്ല, ഞാൻ എന്റെ വീട്ടിൽ നിന്ന് ലാപ്ടോപ്പ് കൊണ്ടുവന്നു, എന്റെ ടൈപ്പിസ്റ്റിനെവച്ച് ഈ കമ്മീഷൻ നടത്തിക്കൊണ്ടു പോകുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. കർഷക കടാശ്വാസ കമ്മീഷൻ നടപ്പിലാക്കി എന്നുപറയുന്നതല്ലാതെ കമ്മീഷന്റെ പ്രവർത്തനത്തിനുവേണ്ട എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ? അന്നത്തെ കൃഷി വകുപ്പു മന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ കമ്മീഷൻ നടത്തിയ പത്രസമ്മേളനം ബഹിഷ്കരിച്ച് പോയതായിട്ടുള്ള റിപ്പോർട്ടുകളാണ് വന്നിട്ടുള്ളത്. അപ്പോൾ ഈ കമ്മീഷനോടുള്ള സമീപനം എന്താണ്? ബില്ല് പാസ്സാക്കി ഇടുക, എന്നിട്ട് ഒന്നും കൊടുക്കാതിരിക്കുക, ഭരണത്തിൽ നിന്ന് പോകാ

റാകുമ്പോൾ എന്തെങ്കിലും കൊടുക്കുക ഇതാണ് ഇടതുപക്ഷത്തിന്റെ നയം.

ശ്രീ. കെ. രാജു: സർ, പോയിന്റ് ഓഫ് ഓർഡർ..........

മി. ചെയർമാൻ: എന്താണ് അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. കെ. രാജു: സർ, കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം തുടങ്ങിയ സമയത്തെ ഓഫീസ് സംവിധാനങ്ങളുടെ കാര്യത്തെ സംബന്ധിച്ചുള്ള വാർത്തയാണ് പത്രത്തിൽ വന്നത്. അതിനെ ഈ രീതിയിൽ നിയമസഭയിൽ പറയുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ: പരിശോധിച്ച് പറയാം.

ശ്രീ. എം. ഉമ്മർ: ഇതിൽ എന്ത് പരിശോധിക്കാനാണ്? പത്രറിപ്പോർട്ടാണ് ഞാൻ വായിച്ചത്. നാല് ലക്ഷം അപേക്ഷ ലഭിച്ചതിൽ 2008 വരെ 6000 പേർക്ക് മാത്രമേ കടാശ്വാസം നൽകാൻ കഴിഞ്ഞിട്ടുള്ളൂ. എനിക്ക് പ്രവർത്തിക്കാൻ യാതൊരു സൗകര്യവുമില്ലെന്ന് അദ്ദേഹം പറഞ്ഞതായി പത്രങ്ങൾ മുഴുവൻ റിപ്പോർട്ട് ചെയ്ത കാര്യമാണ് ഞാൻ പറഞ്ഞത്. ഇങ്ങനെ ആറ്റുനോറ്റു കൊണ്ടുവന്ന കമ്മീഷനോടുള്ള നിങ്ങളുടെ സമീപനം എന്തായിരുന്നു എന്ന് ജസ്റ്റിസ് ഗഫൂർ പത്രസമ്മേളനം നടത്തി പറഞ്ഞ കാര്യം ഇവിടെ പറഞ്ഞു എന്നേ ഉള്ളൂ. എന്റെ വക യാതൊന്നും കൂട്ടിച്ചേർത്തില്ല. അദ്ദേഹത്തെ പ്രവർത്തിക്കാൻ അനുവദിച്ചില്ല, ഫണ്ട് നൽകിയില്ല എന്ന കാര്യം മാത്രമേ ഞാൻ പറഞ്ഞുള്ളൂ. ഞാൻ സംസാരിച്ച് തുടങ്ങിയതല്ലേ ഉള്ളൂ. ഇവിടെയുള്ള സകലകലാ വല്ലഭന്മാർ

നടത്തിയതുപോലുള്ള കലാപരിപാടി നടത്താനൊന്നും എനിക്ക് കഴിവില്ല. ഞാൻ ഈ വിഷയത്തിൽ ഒതുങ്ങിനിന്നു മാത്രമേ സംസാരിക്കുന്നുള്ളൂ. കുറച്ചുകഴിഞ്ഞ് വഴങ്ങാം. കമ്മീഷൻ ശുപാർശ ചെയ്തത് 23.89 കോടി രൂപയാണ്. എന്നാൽ അനുവദിച്ചത് 22.17 കോടി രൂപ. അതിൽ കൊടുത്തത് 2.34 കോടി രൂപ. അതാണ് സ്ഥിതി. 2009-10-ൽ കമ്മീഷൻ ശുപാർശ ചെയ്തത് 24 കോടി രൂപയാണ്. അനുവദിച്ച് കിട്ടിയത് 16 കോടി രൂപ. വിതരണം ചെയ്തത് 1.98 കോടി രൂപ. എന്നാൽ ഈ സർക്കാരിന്റെ കാലയളവിൽ 1,37,482 കേസുകൾ തീർപ്പാക്കി. ഇവിടെ കമ്മീഷൻ പ്രവർത്തിക്കുന്നുണ്ടോയെന്ന് സംശയം പറഞ്ഞവരുണ്ടല്ലോ? കമ്മീഷന് അനാവശ്യമായ ഡേറ്റ് നീട്ടി കൊടുത്തില്ല, പിരിച്ചു വിട്ടെന്നു പറഞ്ഞു. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 1,37,482 കേസുകൾ തീർപ്പാക്കുകയും 37.1 കോടി രൂപ ഈയിനത്തിൽ ചെലവഴിക്കുകയും ചെയ്തു. ആകെ കമ്മീഷൻ ചോദിച്ചതിൽ കൊടുക്കാനുള്ളത് 1 കോടി 75 ലക്ഷം രൂപയാണ്. ഇവിടത്തെ പാവപ്പെട്ട കർഷകനോട് ഈ ഗവൺമെന്റിന് ബാദ്ധ്യതയുണ്ടോ, പ്രതിബദ്ധതയുണ്ടോ എന്നുള്ളത് തീരുമാനിക്കേണ്ടത് ഇത് നോക്കിയിട്ടാണ്. അതല്ലാതെ പ്രസംഗത്തിന്റെ ഭംഗിയും ഭാഷാപരമായ സൗന്ദര്യവും മാത്രമല്ല നോക്കേണ്ടത്. ഈ ഗവൺമെന്റ് ഇനി കൊടുക്കാനുള്ളത് 1 കോടി 75 ലക്ഷം രൂപ മാത്രമാണ്. എൽ.ഡി.എഫ്-ന്റെ കാലഘട്ടത്തിലെ ഗവൺമെന്റ് പോയപ്പോൾ 29 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു.

കഴിഞ്ഞ കാർഷിക കടാശ്വാസ കമ്മീഷൻ വേറെ ചില ശുപാർശകൾ നടത്തുകയുണ്ടായി. കാർഷിക കടാശ്വാസ കമ്മീഷൻ നടത്തിയ ശുപാർശയോട് ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ സമീപനമെന്തായിരുന്നു? കാസർഗോഡ് ജില്ലയിലുള്ള അടയ്ക്കാ കൃഷിയിൽ മഹാളി വന്ന് വലിയ നാശമുണ്ടായി. നമുക്കറിയാമല്ലോ കാസർഗോഡ് ജില്ലയുടെ സ്ഥിതി? കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരെ ദുരന്തബാധിക കർഷകരായി പ്രഖ്യാപിക്കണമെന്നുള്ളത് കാർഷിക കടാശ്വാസ കമ്മീഷന്റെ ശുപാർശ ഗവൺമെന്റ് കേട്ടോ? അവർക്ക് ഒരു നയ്യാ പൈസ കൊടുക്കാൻ കഴിഞ്ഞ ഗവൺമെന്റ് മുന്നോട്ട് വന്നിട്ടില്ല. എന്നുമാത്രമല്ല, ഇടുക്കിയിലെയും ആലപ്പുഴയിലെയും ചില പ്രദേശങ്ങളിൽ സമാനമായ ശുപാർശകൾ നടത്തി. കടാശ്വാസ കമ്മീഷന്റെ ശുപാർശ പോലും കേൾക്കാൻ തയ്യാറാകാത്ത ഇടതുപക്ഷ ഗവൺമെന്റിനാണോ കർഷകരോട് വലിയ സ്നേഹം? ഈ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ട് കഴിഞ്ഞ കാലത്ത് കാർഷിക കടാശ്വാസ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ട് ആളുകൾക്ക് ലഭിച്ച പ്രയോജനം സംബന്ധിച്ച് സംസരിക്കണ്ടേ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഭേദഗതി കൊണ്ടുവന്നത് എന്തുകൊണ്ടാണ്? ഈ ഭേദഗതി വരുന്നകോടുകൂടി ഏതൊരാൾക്കും ഏത് പ്രദേശത്തും ഏത് മേഖലയിൽപ്പെട്ട ആളുകൾക്കും ഓഫീസ് ഓർഡർ പ്രകാരം അവർക്കുള്ള ദുരിതാശ്വാസ പണം കിട്ടുവാൻ സാധിക്കുന്ന വിധത്തിലാണ് ഈ ഭേദഗതി കൊണ്ടുവരാൻ പോകുന്നത്.

അതാണ് ഞാൻ പറഞ്ഞത് പതിനായിരക്കണക്കിന് ആളുകൾക്ക് ഒറ്റ ഭേദഗതി കൊണ്ട് ഇതിന്റെ പ്രയോജനം ലഭിക്കാൻ പോകുകയാണെന്ന്. ഇങ്ങനെയൊരു ഭേദഗതി അന്ന് നിങ്ങൾ കൊണ്ടുവന്നിരുന്നൂവെങ്കിൽ ഇന്ന് ഈ പ്രശ്നം ഉണ്ടാകുമായിരുന്നോ? ഈ ബിൽ പാസ്സാക്കിയ 18-01-2007-ന് മുമ്പുള്ള കർഷകർക്ക് മാത്രമേ ദുരന്തമുണ്ടായാലും ആത്മഹത്യചെയ്താലും ആശ്വാസം നൽകാൻ കഴിഞ്ഞിരുന്നുള്ളു. അതിനുശേഷം പിറ്റേദിവസം ഒരാൾ ആത്മഹത്യ ചെയ്താൽ അവർക്ക് പണമില്ല. അവർക്ക് എന്തുമാത്രം നഷ്ടമുണ്ടായാലും പണം കൊടുക്കാൻ കഴിയുന്നില്ല. ഭേദഗതി കൊണ്ടുവരാൻ എന്താ നിങ്ങൾക്ക് കഴിയാതിരുന്നത്? ഓർഡിനൻസ് കൊണ്ടുവരാൻ നിങ്ങൾക്ക് എന്താ കഴിയാതിരുന്നത്? ഒരു ബിൽ കൊണ്ടുവരുമ്പോൾ സമഗ്രമായിക്കൊള്ളണമെന്നില്ല, പോരായ്മകൾ ഉണ്ടായിരിക്കും. പക്ഷേ ഈ പോരായ്മകൾ മനസ്സിലാക്കി മൂന്ന് നാല് വർഷം ഈ ബില്ലുമായി മുന്നോട്ടു നീങ്ങിയതിനുശേഷം നിരവധി കർഷകർ ആത്മഹത്യ ചെയ്യുകയും മരണപ്പെടുകയുമുണ്ടായപ്പോൾ എന്തുകൊണ്ട് അവർക്ക് ഇതിന്റെ ഗുണഫലം ലഭിക്കുന്നതിനുവേണ്ടി നിങ്ങൾ ഭേദഗതി കൊണ്ടുവന്നില്ല. അതേ സമയം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ പുതിയ കമ്മീഷൻ തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ഉരുൾപ്പൊട്ടൽ ഉണ്ടായി. കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായി. ഇപ്പോൾ പുതുതായി വന്നിട്ടുള്ള ഈ കമ്മീഷൻ, ഉദയഭാനു കമ്മീഷൻ അവർക്ക് കടാശ്വാസത്തിന്റെ സഹായധനം ലഭിക്കണമെന്നുള്ള ശുപാർശ

ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് നൽകിയിട്ടു ണ്ട്. നിങ്ങൾ എന്തൊക്കെ പരിഹസിച്ചാലും ശരി പതിനായിരക്കണക്കിന് പാവപ്പെട്ട ആളുകളുടെ കണ്ണീരൊപ്പുവാൻ കഴിഞ്ഞിട്ടുണ്ട്. ജില്ലകളിൽ നിന്ന് ജില്ലകളിലേയ്ക്ക് പോയി പതിനായിരക്കണക്കിന് ആളുകളുടെ വാക്കുകൾ കേട്ട് ആശ്വാസവചനം നൽകി, ചെറിയ സംഖ്യകളായിരു ന്നാൽ പോലും അത് നൽകാൻ ഈ ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുണ്ട്. തിരുവമ്പാടി പോലുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് ആശ്വാസം നൽകുവാൻ ഈ ബിൽ മതിയാകുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. എന്റെ നിയോജകമണ്ഡലത്തിൽ ഇതുപോലെയുള്ള വിഷയമുണ്ടായി. ഈ ഭേദഗതി വരുന്നതോടുതൂടി ഒരു ഓഫീസ് ഓർഡർ മതിയാകും. അതിനുള്ള അധികാരമാണ് ഈ ഭേദഗതിയിലൂടെ കൊടുക്കു ന്നത്. ഇങ്ങനെയുള്ള ഒരു ഭേദഗതി കൊണ്ടുവരുമ്പോൾ അതിനൊരു നല്ല വാക്ക് പറയാതെ........ ജനാധിപത്യത്തിന്റെ ശ്രീകോവിൽ ആണെന്നാണ് പറയപ്പെടുന്നത്. വഴങ്ങുകയും വഴങ്ങാതിരിക്കുകയും ചെയ്യാം. ഒരാൾ വഴങ്ങാതിരിക്കുന്നതിന് വേണ്ടി ഇത്രമാത്രം മലയാള ശബ്ദതാരാവലിയ്ക്ക് പുതിയ സംഭാവനകൾ നൽകുമ്പോൾ തന്നെ ആ പറയുന്ന ആളുക ളുടെയും ഉൾക്കൊള്ളുന്ന ആളുകളുടേയും സംസ്കാരമെന്നല്ലാതെ, ഞാൻ ഇതിനൊന്നും മറുപടി പറയാൻ ഉദ്ദേശിക്കുന്നില്ല. വളരെ മ്ലേച്ഛമായ രീതിയിലാണ് ഇങ്ങനെയുള്ള പ്രസംഗങ്ങൾ നടത്തുന്നത്. നമുക്ക് അല്പം സഹിഷ്ണുത വേണ്ടേ. ഒന്ന് വഴങ്ങാത്തതിന് ഇത്രമാത്രം ശിക്ഷ ഞങ്ങ

ളുടെ പാർട്ടിയുടെ ഒരു അംഗത്തിന് ഇവിടെ വച്ച് നൽകി. നിങ്ങളൊക്കെ കൂട്ടമായി ആഘോഷിച്ചുവെങ്കിൽ നിങ്ങളുടെ പാർട്ടിയിൽ നിന്നും പോയിട്ടുള്ള ആളുകൾക്ക് നിങ്ങൾ നൽകുന്ന ശിക്ഷയാണ് ഇന്ന് കേരളത്തിൽ അങ്ങോളമിങ്ങോളം കണ്ടുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ സഹിഷ്ണുതയുടെ കാര്യം അതാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അതൊന്നുമില്ലല്ലോ. ഞങ്ങളുടെ കൂട്ടത്തിൽ നിന്നും പോയ രണ്ട് മഹാന്മാരായ വ്യക്തികൾ അവിടെ ഇരിക്കുന്നുണ്ടല്ലോ? യാതൊരു പ്രശ്നവും അവർക്കില്ലല്ലോ? അവർ വളരെ സുഖമായി വളരെ സൗകര്യത്തോടുകൂടി വന്നിട്ടുണ്ടല്ലോ? ഞങ്ങൾക്ക് അതിനുള്ള സഹിഷ്ണുതയുണ്ട്. അതിന് ജനാധിപത്യമായ മൂല്യങ്ങളുണ്ട്. അതിന്റെ മര്യാദവച്ച് ഞങ്ങൾ അതിനെ നേരിടുകയും ചെയ്യും. ജനാധിപത്യമായിട്ടുള്ള അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ കഴിയുന്നൊരു പ്രസ്ഥാനത്തിന്റെ ആളുകൾ എന്ന നിലയ്ക്ക് ഞങ്ങൾക്ക് അതിനേ കഴിയുകയുള്ളു. അതിനപ്പുറം കഴിയില്ല. പക്ഷേ ആ അസഹിഷ്ണുത നിറഞ്ഞ പ്രകടനമാണ് ഒരു വിസ്ഫോടനമായി ഇവിടെ നടത്തിവന്നത്. എന്താണ് ഇതിന്റെ സംഗതി? ഈ വക കാര്യങ്ങളൊക്കെ നിയന്ത്രിക്കണ്ടേ? അതുപോലെതന്നെ ബില്ലിനകത്ത് വലിയ പോരയ്മകളുണ്ട്. നാഷണലൈസ്ഡ് ബാങ്കുകളെ സംബന്ധിച്ചിടത്തോളം നമുക്ക് പറയാൻ കഴിയുമോ? നാഷണലൈസ്ഡ് ബാങ്കുകൾക്ക് കടാശ്വാസത്തിന്റെ ഈ പരിധിയിലുണ്ടെങ്കിലും അതിനുള്ള സൗകര്യം ലഭിക്കാൻ പോകുന്നില്ല. അവർ ചർച്ചയ്ക്ക് വരുന്നുണ്ട്. ചർച്ചയ്ക്ക് വന്ന്

ചില ആളുകൾ ചില കാര്യങ്ങളിലൊക്കെ ചില വീട്ടുവീഴ്ച്ചകൾ ചെയ്യുന്നുണ്ട്. അതല്ലാതെ കടമായിട്ടുള്ള ആളുകൾ നേരിട്ട് ചെന്നാൽ പലിശയിൽ ചില ഇളവുകളൊക്കെ മാനേജർമാർ സ്വമേധയാ ചെയ്തുകൊടുക്കുമെന്നല്ലാതെ ഈ ബില്ലിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് അതിന് പരിഹാരമുണ്ടാക്കാൻ കഴിയുന്നില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വിളിച്ചുകൂട്ടിയ ബാങ്കേഴ്സ് മീറ്റിംഗിൽ അദ്ദേഹം പറയുകയുണ്ടായി. അതുകൊണ്ടുതന്നെ കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടൽ ആവശ്യമാണെങ്കിൽ അങ്ങനെയുള്ള ബാങ്കുകളിൽ നിന്നും കടമെടുക്കുന്നവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കണം. കേരളത്തെ സംബന്ധിച്ചിടത്തോളം കർഷകന്മാർ ഏറ്റവും കൂടുതൽ കടമെടുക്കുന്നൊരു പ്രദേശമാണ് കേരളം. ഏറ്റവും കൂടുതൽ കടമെടുക്കുന്നത് ഇന്ത്യയിൽ ആന്ധ്രാപ്രദേശിലാണ്. രണ്ടാമത് പഞ്ചാബിലും മൂന്നാമത് മഹാരാഷ്ട്രയിലും നാലാമത് കേരളത്തിലാണ്. അപ്പോൾ കേരളത്തിലെ പാവപ്പെട്ട കർഷകർ ഇപ്പോഴും സഹകരണ ബാങ്കുകളിൽ നിന്നും നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും കടമെടുക്കുന്നുണ്ട്. അപ്പോൾ നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും കടമെടുക്കുന്നവർക്കും ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ദുരിതാശ്വാസത്തിന്റെ പ്രഖ്യാപനങ്ങൾ ഉണ്ടാകുമ്പോൾ നിയമത്തിന്റെ പരിരക്ഷ ലഭിക്കുന്നതിനായി വേണ്ടിവന്നാൽ ശക്തമായ ഇടപെടലുകൾ കേന്ദ്രത്തിൽ നടത്തുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിയും ശ്രദ്ധിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡ

ലത്തിലെ ഇടപറ്റ പഞ്ചായത്തിലെ മൂനാടിയിൽ 22 ആനകൾ ഒറ്റദിവസം കൊണ്ട് 1500 വാഴകൾ നശിപ്പിക്കുകയുണ്ടായി. ഒരൊറ്റ ആളുടെ പരാക്രമമാണ് നമ്മൾ ഇവിടെ കണ്ടത്. ഒരു മനുഷ്യന്റെ പരാക്രമം കുറച്ചു നേരം ഇവിടെ കാണുകയുണ്ടായി. വാക്കുകൊണ്ടാണെങ്കിലും വാക്കിന്റെ പരാക്രമമെന്ന് പറഞ്ഞാൽ ജിഹ്വാൻ ഹൈ.. മിത്രബാന്ധവാ എന്ന് പറയാറുണ്ടല്ലോ. ജനഹാത്തുസ്സിആമിനാ അൽഖിയാമു വലാ യൽത്താമു മാജഹല്ലുസിയാനു എന്ന് അറബിയിൽ ഒരു പദമുണ്ട്. അമ്പിനാൽ ഉണ്ടാകുന്ന മുറിവുകൾ കാലത്താൽ മായ്ക്കപ്പെടാം. പക്ഷേ നാവുകൊണ്ട് ഉണ്ടാകുന്ന മുറിവുകൾ കാലത്താൽ മായ്ക്കപ്പെടുകയില്ലെന്ന് പറഞ്ഞതുപോലെ ഇങ്ങനെയുള്ള കടുത്ത വാക്കുകൾ ജനാധിപത്യത്തിന്റെ ശ്രീകോവിലുകൾ നടത്തുന്നവർ ശ്രദ്ധിക്കണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്. മൂനാടി പഞ്ചായത്തിൽ 22 കാട്ടാനകൾ ഒറ്റദിവസവം കൊണ്ട് 1500 വാഴകളും കമുകും നശിപ്പിച്ചു. ഇങ്ങനെയുള്ള കൂട്ടമായ മൃഗശല്യം നമ്മുടെ രാജ്യത്തിൽ പല ഭാഗങ്ങളിലുമുണ്ട്. ഞാൻ എന്റെ നിയോജകമണ്ഡലത്തിൽ നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ട് മാത്രം പറഞ്ഞൂവെന്ന് മാത്രമേയുള്ളു. മറ്റു പല പ്രദേശങ്ങളിലും ഇങ്ങനെയൊക്കെയുള്ള സംഭവങ്ങൾ ഉണ്ട്. ഇങ്ങനെ വന്യമൃഗങ്ങൾ നശിപ്പിക്കുമ്പോൾ കർഷകരെ സംബന്ധിച്ചിടത്തോളം നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ആത്മഹത്യ ചെയ്യുന്നതിനുമുമ്പായി കടാശ്വാസ കമ്മീഷന്റെ കണ്ണും കാതും അവിടെ എത്തണം. അങ്ങനെയുള്ള പ്രദേശങ്ങൾക്ക് അവർ ശുപാർശ നൽകണം.

ശുപാർശ നൽകിയിട്ടുണ്ടെങ്കിൽ അവർക്ക് കടാശ്വാസത്തിൽ നിന്നും ലഭിക്കാവുന്ന പരമാവധി ആനുകൂല്യങ്ങൾ നൽകുവാൻ ഗവൺമെന്റ് മുന്നോട്ട് വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. നാളികേര കർഷകരെ സംബന്ധിച്ച് പറയുകയുണ്ടായി. ഈ ബില്ലിന്റെ പരിധിയിലല്ലെങ്കിൽ പോലും നാളികേര കർഷകർ നേരിടുന്ന വളരെ ഗുരുതരമായ പ്രശ്നമെന്നത് കേരളത്തിന്റെ പ്രശ്നമാണ്. അപ്പോൾ  പ്രസംഗിച്ച് പോകുകയല്ലാതെ നല്ല നിർദ്ദേശങ്ങൾ വയ്ക്കണ്ടേ? നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്ന തിന് ഞങ്ങളുടെ അടുത്ത് ഇന്ന ഫോർമുലയുണ്ട് എന്ന് പറയട്ടേ; അല്ലെ ങ്കിൽ കഴിഞ്ഞ കാലത്ത് ഞങ്ങൾ ഇന്ന ഫോർമുല നടത്തി. ആ ഫോർമുല നടപ്പിലാക്കണമെന്നല്ലേ ഡിബേറ്റിൽ പറയേണ്ടത്? അതൊന്നുമില്ലാതെ ഇവിടെ നാളികേര കർഷകർക്ക് പ്രശ്നങ്ങൾ ഉണ്ടെന്ന് ഒറ്റവാക്കിൽ പറഞ്ഞ് ഈ ഗവൺമെന്റിനെ കടന്നാക്രമണം നടത്തി. ഈ ബില്ലിന്റെ പരി ധിക്ക് അപ്പുറമുള്ള കാര്യങ്ങൾ പറഞ്ഞ് കടന്നാക്രമണം നടത്തുന്നതിനു പകരം ക്രിയാത്മകമായ നിർദ്ദേങ്ങൾ വച്ച് നാളികേര കർഷകരെ കടക്കെണിയിൽ നിന്നും രക്ഷിക്കാനുള്ള നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. സി.പി. മുഹമ്മദ്</u>: സർ, പാമോയിൽ ഇറക്കുമതി ചെയ്യുന്നതാണ് നാളികേരത്തിന്റെ വിലയിടിവിനുള്ള കാരണം. മലബാർ ഒഴികെ തെക്കോ ട്ടുള്ള സ്ഥലങ്ങളിലെല്ലാം തെങ്ങിന്റെ മണ്ട ചില രാഷ്ട്രീയ പാർട്ടികളുടെ

മണ്ട ചീയുന്നതുപോലെ ചീയുന്നതുകൊണ്ട് ഉല്പാദനം കുറഞ്ഞതാണ് എന്നത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം. ഉമ്മർ: അത് ശരിയാണ്. കാർഷിക രംഗത്ത് വളരെയേറെ പ്രയാസപ്പെടുന്ന ആളുകൾക്ക് ഈ ബില്ലിന്റെ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ഈ ഭേദഗതി കൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും സംസാരിക്കാനുണ്ടോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സംസാരിക്കുന്നില്ല. 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ദേഭഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഒരിക്കൽകൂടി ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ശ്രീമതി ഇ.എസ്. ബിജിമോൾ, 2012-ലെ 40-ാം നമ്പർ ഓർഡിനൻസായ 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ദേഭഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ? .........

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചു.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> ........... (not in the seat)

ശ്രീ.. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 1 എ നമ്പർ ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അങ്ങയുടെ 2 ബി നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. ഉമ്മർ:</u> പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.